# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

ഡിസംബർ 2022 | വാല്യം 49 ലക്കം 9 | പേജ് 16 | വില 10.00 രൂപ

UNITY Monthly | December 2022 | Volume 49 Issue 9 | Chief Editor: V.VENUGOPAL | Page 16 | Price Rs. 10.00


# അദാനി – സിപിഐ(എം) – ബിജെപി അവിശുദ്ധ സഖ്യം ഉയർത്തുന്ന വെല്ലുവിളി നേരിടാൻ വിഴിഞ്ഞം സമരത്തിന്റെ പാഠങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊള്ളുക

**വിഴിഞ്ഞം തുറമുഖ കവാടത്തിനു മുമ്പിൽ പന്തൽ കെട്ടി 138 ദിവസമായി മൽസ്യത്തൊഴിലാളികൾ നടത്തിവന്നിരുന്ന സമരം ഡിസംബർ ആറിന് അവസാനിപ്പിച്ചു. അദാനി – എൽഡിഎഫ് – യുഡിഎഫ് – ബിജെപി സംയുക്ത സംരംഭമായ വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ പലപ്പോഴായി ഉയർന്നു വന്നിട്ടുള്ള പ്രധിഷേധങ്ങളിലെ ഏറ്റവും വീറുറ്റ ഘട്ടമാണ് ഇപ്പോൾ കടന്നുപോയതത്. തീരദേശജനതയുടെ നിലനിൽപ്പിന്റെ പ്രശ്നങ്ങളെ അവഗണിച്ച് ഒരു അധികാരശക്തിക്കും മുന്നോട്ടു പോകാനാവില്ലെന്ന താക്കീത് നൽകാൻ വിഴിഞ്ഞം സമരത്തിനു കഴിഞ്ഞു. പ്രകൃതിയുമായി മല്ലടിച്ച് ജീവിക്കുന്ന ഒരു ജനതയുടെ ജീവിതത്തെയും ആവാസ മേഖലയെയും തകർക്കുന്നതിനെതിരെ, ലോകത്തിലെതന്നെ ഏറ്റവും വലിയ ഒരു കോർപ്പറേറ്റ് ശക്തിക്കെതിരെ അവർ നടത്തിയ സമരം നൽകുന്നത് വിലപ്പെട്ട പാഠങ്ങളാണ്.**

**മോ**ദി ഭരണകാലത്ത് തുറമുഖങ്ങളും വിമാനത്താവളങ്ങളും ഖനികളും ഉൾപ്പടെയുള്ള നാടിന്റെ പൊതുസമ്പത്ത് സ്വകാര്യവൽക്കരണ നയങ്ങളിലൂടെ കൈയടക്കിയും ഇളവുകളിലൂടെ രാജ്യഖജനാവിൽനിന്നും ബാങ്കുകളിൽനിന്നും കോടാനുകോടികൾ കവർന്നും കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിൽ സമ്പത്ത് വർധിപ്പിച്ച അദാനി ചങ്ങാത്ത മുതലാളിത്തത്തിന്റെ ഉത്തമ പ്രതിനിധിയാണ്. അദാനിയുടെ കരങ്ങളിൽ വിഴിഞ്ഞം എത്തിയതെങ്ങനെയാണെന്ന് ഏവർക്കും അറിയുന്ന കാര്യമാണ്. ശാസ്ത്രീയമായ എല്ലാ പാരിസ്ഥിതിക പഠനങ്ങളും അരുത് എന്ന് പറഞ്ഞിട്ടും വിഴിഞ്ഞം തുറമുഖവുമായി സർക്കാർ മുന്നോട്ടുപോയി. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ് കരാർവ്യവസ്ഥകൾ എന്ന് സിഎജി കണ്ടെത്തിയ കാര്യങ്ങൾ അനിഷേധ്യമായി നിലകൊള്ളുന്നു. ടെൻഡർ പ്രക്രിയയിൽ ഏർപ്പെട്ട മറ്റു കമ്പനികളെ തന്ത്രപൂർവ്വം ഒഴിവാക്കി അദാനി മാത്രം രംഗത്ത് അവശേഷിച്ചതിനുശേഷം പുതിയ കൺസൾട്ടൻസിയെ നിയോഗിച്ച് എസ്റ്റിമേറ്റ് വർധിപ്പിക്കുകയും മറ്റു നിരവധിയായ ഉദാരമായ ആനുകൂല്യങ്ങൾ കൂട്ടിച്ചേർത്തുമാണ് ഉമ്മൻ ചാണ്ടി നയിച്ച യുഡിഎഫ് സർക്കാർ കരാർ ഉണ്ടാക്കിയത്.

എസ്റ്റിമേറ്റ് തുക പെരുപ്പിച്ച് കാട്ടിയതുകൊണ്ടുതന്നെ സർക്കാർ വിഹിതം മാത്രം ഉപയോഗപ്പെടുത്തി പണിപൂർത്തിയാക്കാനാവും. കൂടാതെ അദാനിയുടെ വിഹിതം എന്നു പറയുന്ന 2500 കോടി രൂപ സർക്കാർ ഏറ്റെടുത്തു നൽകിയ ഭൂമിയും പദ്ധതി ആസ്തിയും പണയപ്പെടുത്തിയും സംഘടിപ്പിക്കാനാവും. കൂടാതെ കാസിനോകൾ അടക്കമുള്ള ടൂറിസം, റിയൽഎസ്റ്റേറ്റ് ബിസിനസ് വഴിയുള്ള അധിക ലാഭവും. ഇതൊക്കെ നാട്ടിൽ പാട്ടായപ്പോഴാണ് കരാറിൽ 6000 കോടിയുടെ അഴിമതി ആരോപിച്ച് യുഡിഎഫിനെതിരെ സിപിഐ(എം) രംഗത്തിറങ്ങിയത്. അവസരവാദത്തിന്റെയും ഇരട്ടത്താപ്പിന്റെയും സോഷ്യൽ ഡെമോക്രസിയുടെയും ലക്ഷണമൊത്ത പ്രസ്ഥാനം എന്ന നിലയിൽ, സിപിഐ(എം) തുടർന്ന് ഭരണത്തിൽ എത്തിയപ്പോൾ മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ തരിമ്പും മാറ്റമുണ്ടായില്ലെങ്കിലും തുറമുഖ നിർമ്മാണവുമായി മുന്നോട്ടു പോകുന്നതിന്റെ ചുമതലക്കാരായി അവർ മാറി. കടൽ കൊള്ളക്കാരൻ എന്നവർ വിശേഷിപ്പിച്ച അദാനി സിപിഐ(എം)ന്റെ പുതിയ വികസന കാഴ്ചപ്പാടിൽ അവരുടെ ഉത്തമ സഹചാരിയായി മാറി. സിഎജിയുടെ റിപ്പോർട്ട് പത്തായത്തിൽ വച്ച് പൂട്ടി. അഴിമതി ആരോപണങ്ങൾ വിഴുങ്ങി. അദാനി മുതലാളിയുടെ ചാരത്ത്

(ശേഷം 2–ാം പേജിൽ)

**ഡിസംബർ 6; കരിദിനമാചരിച്ചു...**




ബാബറി മസ്ജിദ് തകർക്കപ്പെട്ട ഡിസംബർ 6ന് കരിദിനമാചരിച്ചുകൊണ്ട് കൊൽക്കത്തയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന പ്രകടനം.

# പുതിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പരിഭാഷ മാത്രം

**പുതിയ കേരള പാഠ്യപദ്ധതി ചട്ടക്കൂടിനെ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ചർച്ചകൾ നടന്നുവരികയാണ്. ജനകീയമായ പാഠ്യപദ്ധതി രൂപീകരിക്കാനെന്ന പേരിൽ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുജനങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗമാളുകളെയും ഉൾപ്പെടുത്തിയാണ് ചർച്ചകൾ നടക്കുന്നത്. പാർലമെന്റിൽപോലും അവതരിപ്പിക്കാതെ ലോക്ഡൗൺ കാലത്ത് ഇന്ത്യൻ ജനതയുടെ തലയിൽ അടിച്ചേൽപ്പിച്ച പുതിയ ദേശീയ വിദ്യാഭ്യാസനയം 2020ന് അനുരോധമായ വിധത്തിലാണ് പാഠ്യപദ്ധതി ചട്ടക്കൂട് ആവിഷ്ക്കരിക്കുന്നത്. മാത്രമല്ല, ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് ഉള്ളടക്കത്തിൽ ഉൾപ്പടെ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതും നടപ്പാക്കുന്നതിനായി സർക്കാർ നിർബന്ധം പിടിക്കുന്നതുമായ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം പുറത്തുവിടുകപോലും ചെയ്യാതെ നടത്തുന്ന ഈ ചർച്ചകൾ സർക്കാരിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് സൂചനകൾ തരുന്നുണ്ട്.**

**കേ**രളത്തിൽ ഇപ്പോൾ നിലവിലുള്ള പാഠ്യപദ്ധതിയിൽ മാറ്റം വരണമെന്ന് രക്ഷിതാക്കളും അധ്യാപകരും മാത്രമല്ല, ചിന്തിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളും ആഗ്രഹിക്കുന്നുണ്ട്. തൊണ്ണൂറുകളിൽ ആരംഭിച്ച ലോകബാങ്കിന്റെ ഡിപിഇപിയിൽ തുടങ്ങിയ വിദ്യാഭ്യാസ വിധ്വംസക പരിപാടികൾ എസ്എസ്എ, ആർഎംഎസ്എ, സ്റ്റാർസ്, ആർയുഎസ്എ എന്നിങ്ങനെ ഉന്നതവിദ്യാഭ്യാസരംഗം വരെയെത്തി നിൽക്കുന്നതിന്റെ ദുരന്തം നേരിൽ കാണുന്നതുകൊണ്ടാണ് അവർ അങ്ങനെ ആഗ്രഹിക്കുന്നത്. വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച വെളിവാക്കുന്ന നിരവധി പഠനറിപ്പോർട്ടുകൾ പുറത്തുവന്നു. അതുപോലെ തന്നെ, സ്കൂൾ പാഠ്യപദ്ധതിയിൽ മലയാളം അക്ഷരമാല പഠിപ്പിക്കുന്നില്ലെന്ന് പ്രൊഫ.എം.എൻ.കാരശ്ശേരി ചൂണ്ടിക്കാണിച്ചു. കവി ബാലചന്ദ്രൻ ചുള്ളിക്കാടിനെയും എം.ടി. വാസുദേവൻ നായരെയും പോലെയുള്ളവർ തങ്ങളുടെ കൃതികൾ പാഠ്യപദ്ധതിയിൽനിന്നും പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടതും പാഠ്യപദ്ധതിയിലെ മൂല്യത്തകർച്ചയോടുള്ള പ്രതിഷേധക സൂചകമായാണ്. ഈ പ്രതിസന്ധി പരിഹരിക്കുവാനുതകുന്ന പാഠ്യപദ്ധതിയുണ്ടാകണമെന്നാണ് കേരളജനത ആഗ്രഹിക്കുന്നത്. എന്നാൽ ദേശീയവിദ്യാഭ്യാസനയത്തിലൂടെ കൂടുതൽ വലിയ ദുരന്തങ്ങളിലേക്കാണ് കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസം ചുവടുവെയ്ക്കുന്നത്. ജ്ഞാനസമൂഹത്തിന്റെ നിർമ്മാണം, നവകേരള വിദ്യാഭ്യാസം, സർഗ്ഗാത്മക വിദ്യാഭ്യാസ വിപ്ലവം തുടങ്ങിയ വാചകകസർത്തുകളിലൂടെ ഡിപിഇപി തുടരാനാണ് സംസ്ഥാനസർക്കാർ കോപ്പുകൂട്ടുന്നത്.

'ഭരണകൂടം നിഷ്ക്രമിക്കുകയും കമ്പോളം രംഗപ്രവേശം ചെയ്യുക'യും ചെയ്യുന്ന ആഗോളവത്ക്കരണകാലഘട്ടത്തിന്റെ വിദ്യാഭ്യാസ പദ്ധതിയാണ് ഡിപിഇപിയെന്നത് ഇന്ന് നിസ്തർക്കമാണല്ലോ. വിവിധയിനം പണികൾ ചെയ്യാനുള്ള ശേഷിയും മനോഭാവവും സൃഷ്ടിക്കുകയെന്നത് മാത്രമാണ് ഡിപിഇപിയുടെ അജണ്ട. 1990ൽ ലോകബാങ്ക് ഉദ്യോഗസ്ഥനായ വാദി ഹദാദ് ജനറൽ സെക്രട്ടറിയായി

(ശേഷം 4–ാം പേജിൽ)

# കിടപ്പാടത്തിന്റെയും ജീവിതവൃത്തിയുടെയും പ്രശ്നങ്ങൾ ഉയർത്തിയ ജനാധിപത്യ സമരത്തെ സിപിഐ(എം) വർഗ്ഗീയ വികാരം ഇളക്കി തകർക്കാൻ ശ്രമിച്ചു

(1–ാം പേജിൽ നിന്ന്)

യഥോചിതം വാലാട്ടിയും കുരച്ചും അവർ നിലകൊണ്ടു.

### അദാനിയുടെ തുറമുഖ നിർമ്മാണം തീരത്തിനും തീരദേശജനങ്ങൾക്കും എണ്ണമറ്റ കെടുതികൾ സൃഷ്ടിച്ചു

വിഴിഞ്ഞം പദ്ധതി പ്രവർത്തനം പുരോഗമിക്കവെ തിരുവനന്തപുരത്തിന്റെ തീരത്ത് പാരിസ്ഥിതിക ആഘാതങ്ങളും തീരശോഷണവും പ്രത്യക്ഷപ്പെട്ടു. വിഴിഞ്ഞം തുറമുഖ നിർമ്മാണം സൃഷ്ടിക്കാൻ പോകുന്ന തീരശോഷണത്തെപ്പറ്റിയും തീരജനതയുടെ ജീവിത മാർഗത്തെ ബാധിക്കുന്നതിനെപ്പറ്റിയും പരിസ്ഥിതി, സാമൂഹിക ശാസ്ത്രജ്ഞന്മാർ നൽകിയ മുന്നറിയിപ്പുകൾ യാഥാർത്ഥ്യമാവാൻ തുടങ്ങി. പുലിമുട്ട് നിർമ്മാണം പുരോഗമിക്കവെ ആയിരക്കണക്കിന് യാനങ്ങൾ പ്രവർത്തിക്കുന്ന വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം മണലടിഞ്ഞ് അപകടകരമായ അവസ്ഥയിലായി. തൽഫലമായി തുറമുഖത്തിനകത്ത് അപകടങ്ങൾ തുടരെയുണ്ടായി. നിരവധി മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെട്ടു. അനവധി യാനങ്ങൾ തകർന്നു. ലോകപ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തിന്റെ കടപ്പുറം കടലെടുത്തു തുടങ്ങി. വലിയതുറ തീരത്തിന്റെ മുഖ്യഭാഗവും നഷ്ടപ്പെട്ടു. ശംഖുമുഖം തീരമാപ്പാടെ കടലെടുത്ത് റോഡും കടന്ന് എയർപോർട്ട് മേഖലയിലേക്ക് കടക്കുന്ന വിധമായി. പെരുമാതുറ മുതലപ്പൊഴി മേഖല മരണക്കെണിയായി മാറി. ഈ കാലയളവിൽ ചെറിയൊരു പ്രദേശത്ത് മാത്രമായി 60 ഓളം മൽസ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടമായി. ഡ്രെഡ്ജിങ് ആരംഭിച്ചതോടെ തീരക്കടലിൽ മത്സ്യലഭ്യത കുറഞ്ഞു. ഈ മേഖലയിൽ മാത്രം അധിവസിച്ച നിരവധി ജീവിവർഗങ്ങൾ ഇല്ലാതായി. കിലോമീറ്ററുകൾ നീളത്തിൽ നൂറുകണക്കിന് കോൺക്രീറ്റ് വീടുകൾ കടലെടുത്ത് പോയി. അവിടെ മാന്യമായ രീതിയിൽ സ്വസ്ഥമായി കഴിഞ്ഞിരുന്ന നൂറുകണക്കിന് കുടുംബങ്ങൾ സിമന്റ് ഗോഡൗണുകളിലേക്ക് തള്ളപ്പെട്ടു. അവർ അവിടെ ദുരിതപൂർണ്ണമായ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. പറഞ്ഞറിയിക്കാനാവാത്ത ഈ ദുരിതാനുഭവങ്ങളുടെ സാഹചര്യത്തിലാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ നിവൃത്തി കേടുകൊണ്ട് സമരമാർഗ്ഗത്തിലേക്ക് തിരിഞ്ഞത്.

### അവർണ്ണനീയമായ ദുരിതങ്ങളും സർക്കാരിന്റെ കുറ്റകരമായ അവഗണനയും മൽസ്യത്തൊഴിലാളികളെ പ്രക്ഷോഭത്തിലേക്ക് നയിച്ചു

നിവേദനങ്ങൾക്കും അധികാരികളുടെ മുന്നിലുള്ള പരിദേവനങ്ങൾക്കും തെല്ലും പരിഗണന കിട്ടുന്നില്ലെന്ന് വന്നപ്പോൾ നിരവധി രീതികളിലുള്ള സമരങ്ങൾ അവർ നടത്തി. ശംഖുമുഖത്തുള്ള അദാനി കൈവശപ്പെടുത്തിയ തിരുവനന്തപുരം എയർപോർട്ടിന് മുന്നിൽ പന്തൽ കെട്ടി സമരം ആരംഭിച്ചു. ഇടയ്ക്കിടെ സെക്രട്ടറിയേറ്റിനു മുന്നിൽ പ്രതിഷേധവുമായെത്തി. അദാനിയോടുള്ള വിധേയത്വം പ്രകടമാക്കിക്കൊണ്ട് അധികാരികൾ മത്സ്യത്തൊഴിലാളികളോടുള്ള അവഗണന തുടർന്നു. സമൂഹത്തിലെ ഏറ്റവും നിർധനരും കഠിനവും അപകടകരവുമായ ജീവിത സാഹചര്യത്തിൽ കഴിയുന്നവരുമായ കടൽ മക്കളുടെ സങ്കടങ്ങൾ ചെവിക്കൊള്ളാൻ അവരുടെ വോട്ട് വാങ്ങി മന്ത്രിയായവർപോലും തയ്യാറാവാതായി. തീരജനതയുടെ സമ്മർദ്ദത്തിന്റെയും കൂടി ഫലമായി അവരിൽ നല്ലൊരു ശതമാനം പേർ അംഗങ്ങളായ ലത്തീൻ കത്തോലിക്കാ അതിരൂപത സമരത്തിന്റെ നേതൃനിരയിലെത്തി.

> **ഒരു ജനാധിപത്യ സമരത്തെ തകർക്കാൻ വർഗീയതയെ പ്രയോജനപ്പെടുത്താമെന്ന ദുഷ്ടരീതിയാണ് സിപിഐ(എം) അവലംബിച്ചത്. അദാനിക്കെതിരായി നടത്തിയ സമരം എങ്ങിനെയാണ് ഏതെങ്കിലും മതവിഭാഗത്തിനെതിരാകുന്നത്? അവർ ഉയർത്തിയ ആവശ്യങ്ങൾ സമരം ചെയ്യുന്ന വിഭാഗത്തിന്റെ മതവിശ്വാസവുമായി ബന്ധപ്പെട്ടവയോ മറ്റ് മതവിഭാഗങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്നവയോ ആയിരുന്നില്ല. കിടപ്പാടത്തിന്റെയും നിലനിൽപ്പിന്റെയും ജീവിതവൃത്തിയുടെയും പ്രശ്നങ്ങൾ ഉയർത്തിയ ഒരു ജനാധിപത്യസമരമായിരുന്നു അത്.**

ധീവരസഭയും മറ്റു വിഭാഗങ്ങളും തീരസമൂഹത്തിന് പുറത്തുള്ള ജനാധിപത്യ വിശ്വാസികളും സമരത്തിൽ കൂട്ടുചേർന്നു. വിഴിഞ്ഞം തുറമുഖം സൃഷ്ടിക്കുന്ന ആഘാതങ്ങൾ കേവലം വിഴിഞ്ഞം തീരത്തെയും തീരജനതയെയും മാത്രം ബാധിക്കുന്ന വിഷയമല്ലെന്നും സംസ്ഥാനത്താകെയുള്ള പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക ഘടനയെ ബാധിക്കുന്ന വിഷയമെന്ന നിലയിൽ കണ്ടുകൊണ്ട് കേരളത്തിനുവേണ്ടി വിഴിഞ്ഞം തീരദേശജനത നടത്തുന്ന വീറുറ്റ പോരാട്ടത്തിന് പിന്തുണ നൽകാനും ആ സമരത്തിന്റെ സന്ദേശം സംസ്ഥാനമെമ്പാടും പ്രചരിപ്പിക്കാനുമായി സംസ്ഥാനതലത്തിൽ ഐക്യദാർഢ്യസമിതി പ്രവർത്തനമാരംഭിച്ചു. ജനകീയ സമരങ്ങളിൽ മുന്നിട്ട് പ്രവർത്തിക്കുന്ന അനവധി വ്യക്തിത്വങ്ങളും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉൾപ്പെടെയുള്ള നാല്പതോളം സംഘടനകളും ചേർന്നുള്ള ആ സമിതി എല്ലാ ജില്ലകളിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു.

വിഴിഞ്ഞം തുറമുഖ കവാടത്തിനു മുന്നിൽ പന്തൽ കെട്ടി ആരംഭിച്ച സമരത്തിൽ കേരളത്തിലെ നാട്ടുംനിന്ന് നീതിബോധമുള്ള സമരഭടന്മാർ എത്തിക്കൊണ്ടിരുന്നു. തുറമുഖം സൃഷ്ടിക്കുന്ന ആഘാ

## വിഴിഞ്ഞം സമരം

തങ്ങളെ നേരിട്ടുകൊണ്ടുള്ള ദുരിത ജീവിതം പകർന്നു നൽകിയ രോഷവും, അതിന്റെ കാരണങ്ങളെപ്പറ്റിയുള്ള തികഞ്ഞ ബോധ്യവും വെളിവാക്കിയ വീറുറ്റ സമരമാണ് അവിടെ കാണാനായത്. കെ-റെയിൽവിരുദ്ധ സമരം ഉൾപ്പെടെയുള്ള വിവിധ ജനകീയ സമരവേദികളിൽനിന്ന് തങ്ങളുടെ സഹജീവികൾ നടത്തുന്ന അതിജീവന സമരത്തിന് പിന്തുണയുമായി ജനങ്ങൾ എത്തിച്ചേർന്നുകൊണ്ടിരുന്നു.

### സമരത്തെ നേരിടാനായി സിപിഐ(എം)ഉം കൂട്ടാളികളും നടത്തിയ വർഗ്ഗീയ പ്രചാരണം മാപ്പർഹിക്കാത്ത അപരാധം

ഈ സമരത്തെ പരാജയപ്പെടുത്താനായി സിപിഐ(എം)ന്റെ നേതൃത്വത്തിൽ അരങ്ങേറിയ ഹീനമായ സമരവിരുദ്ധ പ്രവർത്തനങ്ങൾ ഫാസിസ്റ്റ് ശൈലിയിൽ ഉള്ളതായിരുന്നു. സമര നേതൃത്വത്തെ താറടിച്ചു കാണിക്കാനായി അവരുടെ സാമൂഹിക മാധ്യമപ്പടയും പാർട്ടി പത്രവും ചാനലും നീചമായ വ്യക്തിഹത്യകളും ഗീബൽസിയൻ കള്ളപ്രചരണങ്ങളും ആരംഭിച്ചു. കണ്ണിൽ ചോരയില്ലാത്ത, ലാഭാർത്തി മാത്രമുള്ള കോർപ്പറേറ്റ് മുതലാളിയുടെയും അവരുടെ താൽപര്യം സംരക്ഷിക്കുന്ന ഭരണാധികാരികളുടെയും നയനടപടികൾ കാരണം ദുരിതമനുഭവിക്കുന്ന ദരിദ്രരായ ഒരു ജനത നടത്തുന്ന അതിജീവന സമരത്തെ തകർക്കാൻ അവരുടെ സമരകേന്ദ്രത്തിന് അഭിമുഖമായി ഒരു ബദൽ സമരകേന്ദ്രം സംഘടിപ്പിച്ചുകൊണ്ടുള്ള തീർത്തും ജനാധിപത്യ വിരുദ്ധമായ നീക്കത്തിന് ബിജെപി യോടൊപ്പം സിപിഐ(എം) നേതൃത്വം നൽകിയെന്നത് കേരളത്തിലെ ജനാധിപത്യ മനഃസാക്ഷിയെ വേദനിപ്പിച്ചു. സമര നേതൃത്വം ഒരു പ്രത്യേക മതവിഭാഗമാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് മതവിദ്വേഷ സമീപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ചില പ്രബലജാതി സംഘടനകളെ കോർത്തിണക്കി സിപിഐ(എം)ഉം ബിജെപിയും സംയുക്തമായാണ് ബദൽ സമരത്തിന് നേതൃത്വം നൽകിയത്. ഒരു ജനാധിപത്യ സമരത്തെ തകർക്കാൻ വർഗീയതയെ പ്രയോജനപ്പെടുത്താമെന്ന ദുഷ്ട രീതിയാണ് സിപിഐ(എം) അവലംബിച്ചത്. അദാനിക്കെതിരായി നടത്തിയ സമരം എങ്ങിനെയാണ് ഏതെങ്കിലും മതവിഭാഗത്തിനെതിരാകുന്നത്? ലത്തീൻ സഭ നയിച്ച ന്യായയുക്തമായ ഒരു സമരം എങ്ങിനെയാണ് മതസംഘർഷം സൃഷ്ടിക്കാനിടയാക്കുന്നത്? അവർ ഉയർത്തിയ ആവശ്യങ്ങൾ സമരം ചെയ്യുന്ന വിഭാഗത്തിന്റെ മതവിശ്വാസവുമായി ബന്ധപ്പെട്ടവയോ മറ്റ് മതവിഭാഗങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്നവയോ ആയിരുന്നില്ല.

കിടപ്പാടത്തിന്റെയും നിലനിൽപ്പിന്റെയും ജീവിതവൃത്തിയുടെയും പ്രശ്നങ്ങൾ ഉയർത്തിയ ഒരു ജനാധിപത്യസമരമായിരുന്നു അത്. അതിനെ വർഗ്ഗീയസംഘർഷമാക്കി മാറ്റിയെടുക്കാൻ പരിശ്രമിച്ചത് സിപിഐ(എം)ഉം ബിജെപിയുമാണ്. സമരത്തിൽ അണിനിരന്നവരുടെ മതവിശ്വാസത്തെ വിനാശപ്രചാരണത്തിന്റെ ഒരു ന്യായമാക്കി ഉയർത്തിയവർ സംസ്ഥാനത്തിന്റെ മതേതര-ജനാധിപത്യ ഘടനയ്ക്ക് ഏൽപ്പിച്ച ആഘാതം ചെറുതല്ല. ഒരു ജനാധിപത്യ സമരം ഇപ്രകാരം ആക്രമിക്കപ്പെട്ടാൽ അതിന് ഈ നാട്ടും ഭാവി ജനകീയമുന്നേറ്റങ്ങളും നൽകേണ്ടിവരുന്ന വില അളക്കാനാവാത്തതായിരിക്കും. ഇടതെന്ന പേരിൽ പ്രവർത്തിക്കുന്ന സിപിഐ(എം) കാട്ടുന്ന ഈ അപചയം ഇടതു - ജനാധിപത്യ മനസ്സാക്ഷിയെ ഞെട്ടിക്കുന്നു.

### അദാനിക്കുവേണ്ടി നാണംകെട്ട നിലയിൽ സിപിഐ(എം) ബിജെപിയുമായി കൈകോർത്തു

സിപിഐ(എം) ജില്ലാ സെക്രട്ടറിയും ബിജെപി ജില്ലാ പ്രസിഡണ്ടും സംയുക്തമായി നേതൃത്വം നൽകുന്ന ജാഥയും കേരളത്തിന് കാണേണ്ടിവന്നു. ഒരു കോർപ്പറേറ്റ് മുതലാളിക്കുവേണ്ടി ബിജെപിയോടൊപ്പം ചേർന്ന് സിപിഐ(എം) സമരവിരുദ്ധ ജാഥ നയിക്കുന്ന കാഴ്ച ദേശീയ മാധ്യമങ്ങളിലൂടെ കണ്ട് മറ്റ് സംസ്ഥാനങ്ങളിലെ ഇടതുപക്ഷ ആഭിമുഖ്യമുള്ളവർ ഞെട്ടി. സിപിഐ(എം) സംസ്ഥാന സെക്രട്ടറി അതിനെ ന്യായീകരിക്കുകയും ചെയ്തതോടെ അത് ഒരു ഔദ്യോഗിക നയമാണെന്ന് വ്യക്തമായി. നഗ്നമായ മൂലധനസേവയുടെ മകുടോദാഹരണമായി നവംബർ 29ലെ ദേശാഭിമാനി പത്രം പുറത്തിറങ്ങി. വിഴിഞ്ഞം സമര ഐക്യദാർഢ്യ സമിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ചിത്രങ്ങൾ സഹിതം മുൻപേജ് നിറച്ച 'വിഴിഞ്ഞം തുറമുഖ അട്ടിമറി ഗൂഢാലോചന: പിന്നിൽ ഒമ്പതംഗസംഘം' എന്ന തലക്കെട്ടിൽ നിറം പിടിപ്പിച്ച വാർത്ത പ്രത്യക്ഷപ്പെട്ടു. ഒരു സമരത്തെ തകർക്കാൻ ഏതറ്റം വരെയും പോകാൻ സിപിഐ(എം) തയ്യാറാണെന്ന് വെളിപ്പെടുത്തലായിരുന്നു അത്. എതിരാളികളെ കരിതേച്ചു കാണിക്കാനും ഭരണകൂടത്തിന്റെ അടിച്ചമർത്തലിന് വിധേയരാക്കാനും വേണ്ടി നാസികളും സിഐഎയും നടത്തിയ 'ബ്ലാക്ക് പ്രോപ്പഗാന്റ'ക്ക് സമാനമായ പ്രചാരണമാണിത്.

തുറമുഖ കവാടത്തിൽ നടക്കുന്ന തികച്ചും സമാധാനപരമായ സമരത്തിനെതിരെ കേന്ദ്രസേനയെ നിയോഗിക്കണമെന്ന് ആവശ്യപ്പെട്ട് അദാനി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തപ്പോൾ സിപിഐ(എം) ഗവൺമെന്റ് അതിനെ പിന്തുണയ്ക്കുകയാണ് ചെയ്തത്. സ്വന്തം സംസ്ഥാനത്ത് നടക്കുന്ന ഒരു ജനകീയ സമരത്തെ നിഷ്ഠുരമായി അടിച്ചമർത്താൻ കേന്ദ്രസേനയെ നിയോഗിക്കാൻ സന്നദ്ധരാവുന്നത് അങ്ങേയറ്റം ഹീനമായ ജനാധിപത്യ വിരുദ്ധ നിലപാടായിരുന്നു. ബംഗാളിലുൾപ്പടെ തെരഞ്ഞെടുപ്പ് വേളകളിൽ കൊലയും കൊള്ളയും കൊള്ളിവയ്പ്പും നടമാടുമ്പോൾ പ്പാലും കേന്ദ്രസേനയുടെ വരവിനെ എതിർക്കുന്ന സിപിഐ(എം) നം ചങ്ങാതികൾക്കും നിർധനരും നിരാശ്രയരുമായ ഒരു വിഭാഗം ജനങ്ങളെ നേരിടാൻ കേന്ദ്രസേന വരട്ടെ എന്ന നിലപാടെടുക്കാൻ ഒരു മനഃസാക്ഷിക്കുത്തുമുണ്ടായില്ല. കേസിന് ബലം പകരാനെന്ന വണ്ണം കോടതി കേസ് പരിഗണനയ്ക്ക് എടുക്കുന്നതിനു തൊട്ടുമുമ്പായി വിഴിഞ്ഞം സമരമേഖലയിൽ നവംബർ 26ന് ആസൂത്രിതവും സംഘടിതവുമായ നീക്കമാണ് സർക്കാരും സമരവിരുദ്ധ ശക്തികളെല്ലാവരും ഒത്തുചേർന്ന് നടത്തിയത്.

### ആസൂത്രിത പ്രകോപനത്തിലൂടെ സമരത്തെ തകർക്കാൻ ജനങ്ങളെ കരുവാക്കി

ഇതുനാളും സമാധാനപരമായി നടന്നുവന്ന സമരത്തെ തകർക്കാൻ ഗവൺമെന്റ് ആസൂത്രിതമായി നടത്തിയ നീക്കമാണ് അദാനിയുടെ വാഹനവ്യൂഹം എത്തിച്ചതിന്റെയും അത് തടഞ്ഞ മത്സ്യത്തൊഴിലാളികളെ നേരിടാൻ പോലീസിന്റെ ഒത്താശയോടെ ഗുണ്ടകളെ രംഗത്തിറക്കിയതിന്റെയും കാരണം. അതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്കെതിരെ കേസ് ചാർജ് ചെയ്യുകയും അവരെ ആക്രമിച്ചവരെ വെറുതെ വിടുകയുമാണ് പോലീസ് ചെയ്തത്. സംഭവം നടക്കുമ്പോൾ സ്ഥലത്തില്ലാതിരുന്നവരെ കസ്റ്റഡിയിൽ എടുക്കുകയും അവരെ ജാമ്യത്തിന് ഇറക്കാൻ എത്തിയവ

(ശേഷം 3–ാം പേജിൽ)

# തീരദേശജനതയുടെ നിലനിൽപ്പിന്റെ പ്രശ്നങ്ങളെ അവഗണിച്ച് മുന്നോട്ടുപോകാനാവില്ലെന്ന താക്കീത് വിഴിഞ്ഞം സമരം നൽകി

(2–ാം പേജിൽ നിന്ന്)

രെ അറസ്റ്റ് ചെയ്യുകയും ചെയ്തു. എന്ന് മാത്രമല്ല ബിഷപ്പുമാർക്കും പുരോഹിതന്മാർക്കുമെതിരെ ഗൂഢാലോചന കുറ്റം ചുമത്തുകയും ചെയ്തു. ആർച്ച്ബിഷപ്പിനെ ഒന്നാം പ്രതിയാക്കിയതുൾപ്പടെയുള്ള ഏകാധിപത്യപരമായ നടപടികൾ ജനങ്ങളിൽനിന്ന് സ്വാഭാവികമായ ഒരു പ്രതികരണം സൃഷ്ടിച്ചെടുക്കുന്നതിനുവേണ്ടി നടന്ന ഒരു ആസൂത്രിത പ്രകോപനമായിരുന്നു. അന്യായങ്ങൾക്കെതിരെ വൈകാരികമായി പ്രതികരിക്കുക എന്ന മൽസ്യത്തൊഴിലാളികളുടെ സ്വഭാവ വിശേഷത്തെക്കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് 'ഏജന്റ് പ്രൊവോക്കേറ്റേഴ്സ്' എന്നകുത്തിത്തിരിപ്പുകാരെ നിയോഗിക്കുകയെന്ന ഫാസിസ്റ്റ് രീതി അവലംബിച്ച് അവരെ പ്രകോപിപ്പിച്ച് നിയമം കൈയിലെടുക്കുന്ന അവസ്ഥയിലേക്ക് ജനങ്ങളെ എത്തിക്കാനുള്ള ആസൂത്രിത നീക്കങ്ങൾ ഫലം കണ്ടു എന്നുവേണം കരുതാൻ. ജനങ്ങൾ സംഘടിതരായി വരാനും പോലീസ് സ്റ്റേഷൻ ഉപരോധിക്കാനുമുള്ള സാഹചര്യം സൃഷ്ടിച്ചത് ഇതാണ്. തുടർന്ന് നടന്ന സംഭവങ്ങളിൽ നിരവധി മത്സ്യത്തൊഴിലാളികൾക്കും പോലീസുകാർക്കും പരിക്കുപറ്റി.

ഏകപക്ഷീയമായിമത്സ്യത്തൊഴിലാളികൾ അക്രമം നടത്തി എന്ന് വരുത്തി തീർക്കാനും സമരത്തോട് പൊതുസമൂഹത്തിൽ വളർന്നുവരുന്ന പിന്തുണ ഇല്ലാതാക്കാനും കോടതിയെ അടക്കം തെറ്റിദ്ധരിപ്പിച്ച് പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താനും വേണ്ടിയുള്ള നീക്കമാണ് നടന്നത്. അദാനിക്കുവേണ്ടി സമരം അടിച്ചമർത്താൻ ഇടതു ഗവൺമെന്റ് നടത്തുന്ന നീക്കം മുൻ പശ്ചിമബംഗാൾ ഗവൺമെന്റ് ഇന്തോനേഷ്യൻ കുത്തക സാലിം ഗ്രൂപ്പിന് വേണ്ടി നന്ദിഗ്രാമിൽ കർഷകരുടെ ഭൂമി പിടിച്ചെടുക്കാൻ നടത്തിയ നീക്കങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. അദാനിക്ക് വേണ്ടി ജനതാൽപര്യത്തിനെതിരെ ബിജെപിയോടു കൈകോർക്കാൻ സിപിഐ(എം) തയ്യാറാവുന്നത് ഇവർ എത്രമാത്രം കോർപ്പറേറ്റ് മൂലധനത്തിന്റെ ദാസന്മാരായി മാറി എന്ന് തെളിയിക്കുന്നതാണ്.

### മൃഗീയ അധികാരം ഉപയോഗിച്ച് സമരനേതൃത്വത്തെ മുൾമുനയിൽ നിർത്തി അദാനിക്കുവേണ്ടി വിലപേശി

സമരത്തിനെതിരെ ബഹുമുഖ ആക്രമണമാണ് സർക്കാർ നടത്തിയത്. സമര നേതൃത്വത്തെ സമ്മർദ്ദത്തിലാക്കാൻ ആവശ്യമായതൊക്കെ അവർ ചെയ്തു. സമരപ്രവർത്തകരെ ഒന്നാകെ കേസുകളിൽപ്പെടുത്തി. സമരമേഖലയിലേക്ക്സമരപ്രവർത്തകരെഎത്തിക്കുന്ന മുഴുവൻ വാഹനങ്ങൾക്കെതിരെയും കേസെടുത്തു തുടങ്ങി. സഭയുടെ അധികാരശ്രേണിയിലെ ഉന്നതന്മാരെ രംഗത്തിറക്കി സമര നേതൃത്വത്തെ സ്വാധീനിക്കാൻ ശ്രമം ആരംഭിച്ചു. സമാധാനംസ്ഥാപിക്കാൻഎന്നപേരിൽ അദാനി അനുഭാവികളുടെയും പൗരപ്രമുഖരെന്ന് വിളിക്കപ്പെടുന്നവരുടെയും നേതൃത്വത്തിൽ സംവിധാനമൊരുക്കി. തീരജനതയുടെ ദുരിതജീവിതത്തിന്റെ വേവ് അറിയാത്ത വൻ ബിസിനസുകാരെയും സിപിഐ(എം) വിധേയത്വമുള്ള സർക്കാർ വിലാസം കലാസാംസ്കാരിക പ്രവർത്തകരെയും രംഗത്തിറക്കി പ്രസ്താവന പുറപ്പെടുവിച്ചു. ജനപക്ഷത്തെന്ന് ഇതുവരെയും കേരളം കരുതി പോന്ന ആദരണീയനായ കവി സച്ചിദാനന്ദനെ പോലെയുള്ളവരെയും ഈ കെണിയിൽ പെടുത്തി. മുതിർന്ന പത്രപ്രവർത്തകൻ എൻ. മാധവൻകുട്ടിയെ പോലുള്ളവർ തന്റെ അനുവാദമില്ലാതെ പ്രസ്താവനയിൽ പേര് വച്ചതിൽ പ്രതിഷേധിച്ചു.

**വിഴിഞ്ഞം സമരം**

ആയിരം ദിവസത്തിനകം, അതായത് 2019 ഡിസംബറിൽ പൂർത്തിയാക്കേണ്ടിയിരുന്ന പണി 2500 ദിവസമായിട്ടും പൂർത്തിയാക്കാതിരിക്കെ, മത്സ്യത്തൊഴിലാളികൾ നൂറോളം ദിവസമായി മാത്രം നടത്തുന്ന സമരം കാരണം 200 കോടി രൂപയുടെ നഷ്ടമുണ്ടെന്നും അത് സമരക്കാർ നൽകണമെന്നും അദാനി കോടതിയിൽ പറഞ്ഞപ്പോൾ അതോടൊപ്പം നിൽക്കുകയാണ് സർക്കാർ ചെയ്തത്. കരാർ വ്യവസ്ഥ പ്രകാരം നിശ്ചിത തീയതിയിൽ പണിതീർത്തില്ലെങ്കിൽ പ്രതിദിനം 12 ലക്ഷം രൂപ നിരക്കിൽ അദാനി സർക്കാരിന് നൽകേണ്ടുന്ന തുക ഫലത്തിൽ എഴുതി തള്ളിയ സർക്കാരാണ് ഈ നിലപാട് സ്വീകരിച്ചതെന്നത് ശ്രദ്ധേയമാണ്.

ഈ വിധത്തിൽ സമരനേതൃത്വത്തെ ബഹുമുഖ സമ്മർദ്ദങ്ങളുടെ മുൾമുനയിൽ നിർത്തി സർക്കാർ സമരസമിതി നേതാക്കളുമായി ചർച്ച നടത്തി. ചർച്ചയിൽ സമരത്തിന് ആധാരമായി മുന്നോട്ടുവെച്ച ഡിമാന്റുകൾ പൂർണമായി അംഗീകരിക്കാതെ ചിലതിൽ മാത്രമേ തീരുമാനമെടുക്കുകയുണ്ടായുള്ളു. എങ്കിലും സമരം തൽക്കാലികമായി നിർത്തിവയ്ക്കാൻ സമരസമിതി തീരുമാനിച്ചു. പണി നിർത്തിവെച്ച് പഠനം നടത്തണമെന്ന് ഉൾപ്പെടെയുള്ള പ്രധാന ഡിമാന്റുകൾ നേടാതെയാണ് സമരം നിർത്തിവച്ചത് എന്നത് തീരത്തെ സാധാരണ മത്സ്യത്തൊഴിലാളികളിൽ സ്വാഭാവികമായും വലിയ വിഷമങ്ങളാണ് ഉളവാക്കിയത്. സിപിഐ(എം),

(ശേഷം 4–ാം പേജിൽ)

# അദാനി–സിപിഐ(എം)–ബിജെപി സഖ്യത്തെ കേരള ജനത പരാജയപ്പെടുത്തും

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ഡിസംബർ 7ന് പുറപ്പെടുവിച്ച പ്രസ്താവന

**വി**ഴിഞ്ഞം സമരത്തിൽ ധീരോദാത്തമായി പൊരുതിയ തീരദേശ ജനതയെ, പ്രത്യേകിച്ചും മൽസ്യത്തൊഴിലാളികളെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ഹൃദ്യമായി അഭിവാദ്യം ചെയ്യുന്നു. ക്രിമിനൽ മൂലധനശക്തിയുടെ തികഞ്ഞ പ്രതീകമായ അദാനിക്കുവേണ്ടി ലജ്ജാകരമായ നിലയിൽ ഏതറ്റം വരെയും പോകാൻ തയ്യാറായ സിപിഐ(എം) നയിക്കുന്ന സർക്കാരിന്റെ അടിച്ചമർത്തലുകളെയും ഹീനമായ പ്രചാരണങ്ങളെയും നേരിട്ടാണ് മൽസ്യത്തൊഴിലാളികൾ പ്രക്ഷോഭരംഗത്ത് നിലകൊണ്ടത്. സ്വന്തം കൂരകളിൽനിന്ന് സിമന്റ് ഗോഡൗണിലേക്ക് നിർദ്ദയം തള്ളപ്പെട്ട്, കഴിഞ്ഞ 5 വർഷത്തിലധികമായി നരകിക്കുന്ന നിർധനരും ദുരിതബാധിതരുമായ ഒരു ജനവിഭാഗത്തിന്റെ സങ്കടങ്ങൾ കേൾക്കാനുള്ള സാമാന്യ മര്യാദപോലും സർക്കാർ കാട്ടിയില്ല. സംസ്ഥാനത്തിന്റെ രാഷ്ട്രീയ-മതേതര മണ്ഡലത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെ തെല്ലും ഗണിക്കാതെ സിപിഐ(എം) ഉം കൂട്ടാളികളും ബിജെപിയെ കൂടെക്കൂട്ടി സമരത്തെ നേരിടാൻ വർഗ്ഗീയ പ്രചാരണം നടത്തി. ഒരു ജനകീയ സമരത്തിനെതിരെ ബദൽ പന്തൽകെട്ടി ആക്രമിക്കുക എന്ന ഫാസിസ്റ്റ് ശൈലിക്കും അവർ മുതിർന്നു. സംസ്ഥാനത്തെ ആകെ ഉലച്ച പ്രളയത്തിന്റെ വേളയിൽ രക്ഷാദൗത്യത്തിന്റെ നിസ്വാർത്ഥ മാതൃക കാട്ടിയ മൽസ്യത്തൊഴിലാളികളെ ദേശവിരുദ്ധരെന്നും തീവ്രവാദികളെന്നും വർഗ്ഗീയവാദികളെന്നും സിപിഐ(എം)ഉം കൂട്ടാളികളും മുദ്രകുത്തി. പോലീസിനെ അഴിച്ചുവിട്ട് മൃഗീയമായ നരനായാട്ട് നടത്തി. ആർച്ച്ബിഷപ്പിനെ ഒന്നാം പ്രതിയാക്കിക്കൊണ്ട് 3000 പേർക്കെതിരെ കേസെടുത്തു. ഈ വിധമുള്ള എണ്ണമറ്റ അടിച്ചമർത്തലുകളെ നേരിട്ട്, രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റ് മൃഗീയശക്തിക്കും അവർക്ക് ദാസ്യവേല ചെയ്യുന്ന ജനവിരുദ്ധ രാഷ്ട്രീയശക്തികൾക്കുമെതിരെ 138 ദിവസം നീണ്ടുനിന്ന വീറ്റുറ്റ പ്രക്ഷോഭം നടത്തിയ മൽസ്യത്തൊഴിലാളികൾ, പോരാടുന്ന ജനങ്ങൾക്ക് എന്നും മാതൃകയായിരിക്കും.

സമരത്തിന്റെ സമ്പൂർണ്ണ വിജയത്തെ സംബന്ധിച്ച് സമരനേതൃത്വം തന്നെയും അവകാശവാദങ്ങൾ മുന്നോട്ട് വച്ചിട്ടില്ല. സമരം താൽക്കാലികമായി നിർത്തുന്നുവെന്നും പൂർണ്ണതൃപ്തിയോടെ അല്ല സമരം പിൻവലിക്കുന്നതെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. പ്രക്ഷോഭത്തിന്റെ പരിസമാപ്തിയിൽ ഉണ്ടായിട്ടുള്ള പരാധീനതകളെ സംബന്ധിച്ച് സമരനേതൃത്വത്തിനു തിരിച്ചറിവ് ഉണ്ടെന്നാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രതികരണം വ്യക്തമാക്കുന്നത്. പ്രക്ഷോഭത്തിന്റെ ഭാവി ഉത്തരവാദിത്തങ്ങളെപ്പറ്റിയുള്ള ബോധ്യം സമരനേതൃത്വത്തിനുണ്ടെന്ന് ഈ വാക്കുകൾ അടിവരയിടുന്നു.

ഒരു ജനാധിപത്യപ്രക്ഷോഭത്തിന്റെ വിജയം സമഗ്രതയിൽ വിലയിരുത്തപ്പെടുന്നത്, നേടാൻ കഴിഞ്ഞിട്ടുള്ള ഡിമാന്റുകളെമാത്രം കണക്കിലെടുത്തുകൊണ്ടല്ല. വരും നാളുകളിലെ ജനകീയമുന്നേറ്റങ്ങൾക്ക് ഊർജ്ജം പകരുന്ന ജനാധിപത്യ പ്രബുദ്ധതയും ജാഗ്രതയും സൃഷ്ടിക്കാൻ വിഴിഞ്ഞം പ്രക്ഷോഭത്തിനു കഴിഞ്ഞുവെന്നത് ആത്മവിശ്വാസം പകരുന്ന നേട്ടമാണ്. അദാനി തുറമുഖം സൃഷ്ടിക്കുന്ന അപരിഹാര്യവും വിനാശകരവുമായ പാരിസ്ഥിതിക-സാമൂഹ്യ ആഘാതങ്ങളെ സംബന്ധിച്ച് ഗൗരവതരമായ അവബോധം കേരളസമൂഹത്തിലാകെ സൃഷ്ടിക്കാൻ തീരദേശജനതയുടെ ഈ അതിജീവന സമരത്തിനു കഴിഞ്ഞു. അദാനിക്കുവേണ്ടി വിഴിഞ്ഞം സമരത്തെ അടിച്ചൊതുക്കാൻ സിപിഐ(എം), ബിജെപിയുമായി രൂപപ്പെടുത്തിയ അവിശുദ്ധ സംഖ്യം ഇവരുടെ കോർപ്പറേറ്റ് സേവയുടെ രാഷ്ട്രീയം സാധാരണജനങ്ങൾക്ക് കൂടുതൽ തിരിച്ചറിയാനിടവരുത്തി. എല്ലാ പാർലമെന്ററി പാർട്ടികളും ക്രിമിനൽ മൂലധനത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ചവരാണെന്ന് വിഴിഞ്ഞം സമരം പഠിപ്പിച്ചു. കൃത്യമായ നിലപാടുകളോടെയുള്ള ഭാവി ജനകീയപ്രക്ഷോഭത്തിന്റെ രാഷ്ട്രീയ ധാരണയായി ഇവ പ്രവർത്തിക്കുമെന്നതിൽ സംശയമില്ല. അതിശക്തമായ ജനകീയ സമരത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന് ഇവ കളമൊരുക്കും. സമുദ്രസമ്പത്ത് അപ്പാടെ കോർപ്പറേറ്റ് ശക്തികൾക്ക് തീറെഴുതുന്ന 'ബ്ലൂ എക്കോണമി'യുടെ നടപടികളും കരിമണൽ ഖനനവും തീരത്തിന്റെ പാരിസ്ഥിതിക സന്തുലനത്തെ മുഴുവൻ തകിടംമറിയ്ക്കുന്ന വൻ നിർമ്മാണപ്രവർത്തനങ്ങളും അദാനിയുടെ തുറമുഖവും എല്ലാം ചേർന്ന് തീരത്തെയും തീരദേശ ജനതയുടെ ജീവിതത്തെയും തകർക്കുമ്പോൾ പ്രക്ഷോഭമല്ലാതെ മറ്റൊരു മാർഗ്ഗവും ജനങ്ങളുടെ മുമ്പിലില്ല. വിഴിഞ്ഞം സമരം നൽകിയ ഈ രാഷ്ട്രീയ വിദ്യാഭ്യാസമാണ് അതിന്റെ നേട്ടം.

സർക്കാരുകളുടെ നയങ്ങളും ചെയ്തികളും പൂർണ്ണമായി മൂലധനതാൽപ്പര്യങ്ങളായി പരിവർത്തനപ്പെട്ടു കഴിഞ്ഞ സാഹചര്യത്തിൽ ജനകീയ സമരങ്ങൾ പൂർണ്ണവിജയം കൈവരിക്കണമെങ്കിൽ ഒരു സാഹചര്യത്തിലും കീഴടങ്ങാൻ തയ്യാറല്ലാത്ത പ്രക്ഷോഭം ഉയർന്നുവരേണ്ടതുണ്ട്. നയങ്ങൾക്കിരയാകുന്നവരുടെ മാത്രമല്ല, പൊതുസമൂഹത്തിന്റെ ഒന്നാകെ പിന്തുണ സമാഹരിക്കാൻ സമരങ്ങൾക്ക് കഴിയേണ്ടതുണ്ട്. ജനങ്ങളുടെ സമരോപകരണം, സ്വന്തം സമരസമിതികളാണ്. സമരസന്നദ്ധതയോടെ മുന്നോട്ടുവരുന്ന മുഴുവൻ സാമൂഹ്യശക്തികളെയും വ്യക്തികളെയും പ്രക്ഷോഭവേദിയിൽ ഒരുമിപ്പിച്ചുകൊണ്ട്, ജനാധിപത്യപരമായി രൂപംകൊള്ളുന്ന നേതൃത്വം ജനകീയപ്രക്ഷോഭ വിജയത്തിന് അത്യന്താപേക്ഷിതമാണ്. വർഗ്ഗീയതയുടെയോ സാമുദായികതയുടെയോ നിറം നൽകാൻ ശത്രുക്കൾക്ക് ഇടനൽകാനാവാത്ത വിധം സമരനേതൃത്വം ഏവരെയും ഉൾക്കൊള്ളുന്ന ദൃഢമായ ജനാധിപത്യരൂപമാകണം. ഫാസിസ്റ്റ് കേന്ദ്രസർക്കാരിനെ മുട്ടുകുത്തിച്ച ഐതിഹാസികമായ കർഷക സമരവും ധാർഷ്ട്യത്തിന്റെ പ്രതിരൂപമായ സംസ്ഥാന സർക്കാരിനെ ഒരിഞ്ചുപോലും മുന്നോട്ടു പോകാനനുവദിക്കാതെ സമ്മർദ്ദത്തിലാക്കിയ കെറെയിൽ സിൽവർലൈൻ വിരുദ്ധ പ്രക്ഷോഭവും യഥാർത്ഥ ജനകീയ സമരനേതൃത്വത്തിന്റെ ഉജ്ജ്വല മാതൃകകളാണ്. ഈ സമരങ്ങൾ പകർന്നു നൽകുന്ന വിലപ്പെട്ട പാഠം വിഴിഞ്ഞം സമരത്തിന്റെ ഉയർന്ന ഘട്ടത്തിലേക്കുള്ള പ്രയാണത്തിന് വഴികാട്ടിയാകണം. കോർപ്പറേറ്റ് മൂലധനവും അവരുടെ രാഷ്ട്രീയ ഏജന്റുമാരും സൃഷ്ടിക്കുന്ന വിനാശത്തിൽനിന്നും മൽസ്യത്തൊഴിലാളികളെയും സംസ്ഥാനത്തെ ജനങ്ങളെ ആകെത്തന്നെയും രക്ഷിക്കാൻ, വിഴിഞ്ഞം സമരത്തിൽ അണിനിരന്ന തീരദേശജനതയും സമരത്തെ പിന്തുണച്ച ജനാധിപത്യശക്തികളും ഐക്യപ്പെട്ടുകൊണ്ട് ജനകീയ കാവൽ സേനയായി പ്രവർത്തിക്കണം. ■

# ആഗോളവത്കരണ നയങ്ങൾക്ക് ഇണങ്ങുന്ന തലമുറയെ സൃഷ്ടിക്കുകയാണ് എൻഇപിയുടെ ലക്ഷ്യം

(1–ാം പേജിൽ നിന്ന്)

കൊണ്ട് യൂണിസെഫ്, യുനെസ്കോ, യുഎൻഡിപി എന്നിവർ തായ്‌ലന്റിലെ ജോംതിയനിൽ സംഘടിപ്പിച്ച ഏവർക്കും വിദ്യാഭ്യാസത്തിനായുള്ള ലോകസമ്മേളനത്തിലാണ് ഡിപിഇപിയുടെ സിദ്ധാന്തങ്ങൾ രൂപംകൊള്ളുന്നത്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലിളക്കിയ ഡിപിഇപി മുതൽ റൂസ വരെയുള്ള പദ്ധതികളുടെ നയരൂപമാണ് 2020ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയം. ഈ വിധ്വംസക പദ്ധതിയുടെ മലയാളീകരിച്ച രേഖയാണ് നവകേരളത്തിലെ പുതിയ സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂടിനെക്കുറിച്ചുള്ള ചർച്ചാക്കുറിപ്പെന്ന പേരിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.

### വിജ്ഞാനത്തിന്റെ ആധികാരികത നിഷേധിക്കുന്നു

'പഠനവുമായി ബന്ധപ്പെട്ടുകിടക്കുന്ന എല്ലാ യാഥാസ്ഥിതിക ബന്ധനങ്ങളിൽനിന്നുമുള്ള വിമോചനമാണ് നവകേരള പാഠ്യപദ്ധതി ലക്ഷ്യം വെയ്ക്കുന്നത്'(പേജ് 29, കേരള പാഠ്യപദ്ധതി ചട്ടക്കൂട്: സമൂഹചർച്ചയ്ക്കായുള്ള കുറിപ്പ്) എന്ന പ്രഖ്യാപനം, അധ്യാപനം, പാഠപുസ്തകം, പരീക്ഷ എന്നിവയുടെ ആധികാരികതയെ നിഷേധിച്ചുകൊണ്ട് വിദ്യാഭ്യാസത്തെ അനൗപചാരികവും അയവുള്ളതും ആക്കാനാണെന്ന് ഇതിലെ തുടർനിർദ്ദേശങ്ങൾ തെളിയിക്കുന്നുണ്ട്.

പണ്ട് ഡിപിഇപി കടന്നുവരുമ്പോഴും സമാനമായ പ്രഖ്യാപനങ്ങളായിരുന്നു അവതരിപ്പിക്കപ്പെട്ടത്. ക്ലാസ്മുറികൾ തടവറകളാണെന്നും അധ്യാപകൻ ഏകാധിപതിയാണെന്നും പഠനം വിരസമാണെന്നുംപ്രചരിപ്പിച്ചുകൊണ്ടാണ് ഡിപിഇപിയുടെ സൈദ്ധാന്തികർ രംഗപ്രവേശം ചെയ്തത്. കുട്ടി അറിവിന്റെ നിറകുടമാണെന്നും അവർ അറിവ് കണ്ടെത്തുകയും നിർമ്മിക്കുകയും ചെയ്യുമെന്ന ഡിപിഇപിയുടെ വിചിത്രവാദത്തിന്റെ ആവർത്തനമാണ് പാഠ്യപദ്ധതി ചട്ടക്കൂടിനെ സംബന്ധിച്ചുള്ള ചർച്ചാക്കുറിപ്പിലും കാണുന്നത്. 'പഠനവിഷയത്തെ ഭാവനാത്മകമായി സമീപിക്കുവാനും ചോദ്യങ്ങൾ ഉയർത്താനും(പേജ് 29) കുട്ടിയെ അനുവദിക്കണമെന്നും തനിക്ക് ചുറ്റുമുള്ള ചെറിയ ലോകത്തിനുള്ളിൽ മാത്രം കുട്ടികളെ ബന്ധനസ്ഥരാക്കുകയാണ് പലപ്പോഴും പാഠപുസ്തകങ്ങൾ ചെയ്യുന്നതെന്നും'(29) ഈ കുറിപ്പ് പറയുന്നത് ഇതിനാലാണ്.

അറിവ് എങ്ങനെയാണ് കുട്ടിക്ക് കണ്ടെത്താനും നിർമ്മിക്കാനും സാധിക്കുന്നത്? അറിവ് സാമൂഹികമായി നിർമ്മിക്കപ്പെട്ടതാണ്. മാനവകുലത്തിന്റെ കൂട്ടായ സമരങ്ങളുടെ, പരിശ്രമങ്ങളുടെ ഫലമാണ് വിജ്ഞാനം. പിറന്നുവീഴുന്ന ഏതൊരു മനുഷ്യശിശുവിന്റെയും ജന്മാവകാശമാണ് ഈ വിജ്ഞാനം പകർന്നുകിട്ടുകയെന്നത്. സ്കൂൾ കാലഘട്ടത്തിൽ ലഭിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസമാണ് തുടർന്ന് സ്പെഷ്യലൈസേഷനും ഗവേഷണത്തിനുമെല്ലാം വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്നത്. മനുഷ്യരാശിയൊന്നാകെ വികസിപ്പിച്ചെടുത്ത അറിവുകൾ പരിമിതമായ ഒരു മനുഷ്യായുസ്സിൽ വീണ്ടും കണ്ടെത്തുക എന്നതല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, അത് സാദ്ധ്യവുമല്ല. അറിവ് നിർമ്മിക്കുന്നതിന് അടിത്തറയായി വർത്തിക്കേണ്ട അടിസ്ഥാന ജ്ഞാനം ലഭിക്കാതെ എങ്ങനെയാണ് കുട്ടികൾ അറിവ് കണ്ടെത്തുക?

**അറിവ് നിർമ്മിക്കുന്നതിന് അടിത്തറയായി വർത്തിക്കേണ്ട അടിസ്ഥാന ജ്ഞാനം ലഭിക്കാതെ എങ്ങനെയാണ് കുട്ടികൾ അറിവ് കണ്ടെത്തുക? അറിവ് എങ്ങനെയാണ് കുട്ടിക്ക് കണ്ടെത്താനും നിർമ്മിക്കാനും സാധിക്കുന്നത്? അറിവ് സാമൂഹികമായി നിർമ്മിക്കപ്പെട്ടതാണ്. മാനവകുലത്തിന്റെ കൂട്ടായ പരിശ്രമങ്ങളുടെ ഫലമാണ് വിജ്ഞാനം. മനുഷ്യരാശിയൊന്നാകെ വികസിപ്പിച്ചെടുത്ത അറിവുകൾ പരിമിതമായ ഒരു മനുഷ്യായുസ്സിൽ വീണ്ടും കണ്ടെത്തുക എന്നതല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, അത് സാദ്ധ്യവുമല്ല.**

ശാസ്ത്രീയമായ ബോധന പ്രക്രിയയിലൂടെ മാത്രമാണ് വിദ്യാർത്ഥിക്ക് അടിസ്ഥാന ധാരണകൾ നൽകാൻ സാധിക്കുക; അക്ഷരവും ഭാഷയും ഗണിതവും ശാസ്ത്രവും ചരിത്രവുമെല്ലാം പഠിപ്പിക്കാനാകുക. പത്താം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ട പ്രാഥമിക ജ്ഞാനം, കുട്ടി സ്വയം കണ്ടെത്തുമെന്ന വിചിത്രമായ വാദം നിരത്തുന്നതിലൂടെ ബോധനം എന്ന പ്രക്രിയയെ പൂർണ്ണമായും നിരാകരിക്കുകയാണ്.

### പാഠ്യപദ്ധതി ചട്ടക്കൂടും NEP 2020 ഉം

സ്വയം പഠിക്കുകയെന്നത് ഡിപിഇപിക്ക് രൂപംനൽകിയ ആഗോളവത്ക്കരണവിദ്യാഭ്യാസത്തിന്റെ സിദ്ധാന്തമാണ്. വിദ്യാർത്ഥിയെന്നതിന് പകരം ഡിപിഇപിയുടെ പഠിതാവ് എന്ന സങ്കൽപ്പമാണ് പുതിയ കുറിപ്പിലും ഉടനീളം കാണുവാൻ സാധിക്കുന്നത്. ശേഷ്യാധിഷ്ഠിത പാഠ്യപദ്ധതിയെന്ന ഡിപിഇപി ചിന്തയുടെ തുടർച്ചയായാണ് ഇവിടെയും അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കുട്ടി സ്കൂളിലെത്തുന്നതിനുമുൻപുതന്നെ നേടിയിട്ടുള്ള ഭാഷയും ഗണിതശേഷിയുടെയും നിരീക്ഷണത്തിന്റെയുമെല്ലാം അടിസ്ഥാനത്തിലുള്ള അനുഭവപരിസരം ഉരുക്കുകയെന്നതാണ് അവതരിപ്പിക്കപ്പെടുന്ന കാഴ്ചപ്പാട്. 1998ലെ അധ്യാപക സഹായിയും അക്ഷരം തെറ്റാതെ ഇതേ കാഴ്ചപ്പാട് അവതരിപ്പിക്കുന്നുണ്ട്:

'വിദ്യാലയത്തിലെത്തുന്നതിന് മുൻപുതന്നെ അവൻ പ്രാഥമിക നൈപുണികൾ നേടിയിട്ടുണ്ട്. ഭാഷാപരവും ഗണിതപരവുമായ അത്തരം ശേഷികൾ നേടുന്നതിന് മുതിർന്നവരുടെ ചെറിയ സഹായമേ അവർക്ക് വേണ്ടിവന്നിട്ടുള്ളൂ. തെറ്റുകൾ അവൻ തിരിച്ചറിയുകയും തിരുത്തുകയും ചെയ്യും.' (പേജ് 111)

കുട്ടിയുടെ അനുഭവങ്ങൾ എങ്ങനെയാണ് വിദ്യയോ വിദ്യാഭ്യാസമോ ആകുന്നത്. സാഹചര്യങ്ങളിൽ നിന്നും ശീലം കൊണ്ടും സംസാരിക്കുന്ന നാടൻ ഭാഷ പഠിച്ചെടുക്കാം, മാനകഭാഷ പഠിക്കാനാകുകയില്ല. മറ്റ് വിജ്ഞാന ശാഖകളും വ്യത്യസ്തമല്ല. മാത്രമല്ല, അനുഭവങ്ങളിൽനിന്നും ജീവിതപരിസരത്തിൽനിന്നും വിജ്ഞാനമാർജ്ജിക്കുവാൻ കുട്ടിക്കാവില്ല. വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയമായ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ സ്തുത്യർഹമായ സേവനം ചെയ്ത ജർമ്മൻ നവോത്ഥാന ചിന്തകനായ ജൊഹാൻ ഫ്രീഡ്രിക് ഹെർബർട്ട് വിദ്യാഭ്യാസത്തെ കുറിച്ചുള്ള പ്രഭാഷണങ്ങളിൽ ഇപ്രകാരം പറയുന്നു:

നമുക്ക് ബാല്യകാലാരംഭത്തിലെ വിമർശനാത്മകമായ ബോധനത്തെ കുറിച്ച് നോക്കാം. ..കുട്ടികൾ ഉള്ളിൽത്തറയുന്ന രീതിയിൽ കാണുന്നു. പക്ഷ, അവർ അപൂർവമായേ നിരീക്ഷിക്കാറുള്ളൂ.. അവരിൽ സമാനമായ വസ്തുക്കളുടെ പൊതുവായ ചിത്രമേ പതിയുകയുള്ളൂ. ഒന്ന് മറ്റൊന്നായി അവർ തെറ്റിദ്ധരിച്ചേക്കാം. അവർ അതിൽ നിന്നും ധാരണകൾ ഉരുത്തിരിച്ചെടുക്കുന്നില്ല. അമൂർത്തമായ ആശയങ്ങൾ സ്വയം അവരുടെ ചിന്തയിൽ വന്നു ചേരില്ല..' ഈ ധാരണകളെ പൂർണ്ണമായും നിരാകരിച്ചുകൊണ്ടാണ് ഡിപിഇപി അറിവിന്റെ നിറകുടങ്ങളാണ് കുട്ടിയെന്ന സിദ്ധാന്തത്തിലൂടെ പഠനവും പഠിപ്പിക്കലും നിഷേധിച്ചത്. വി

(ശേഷം 5–ാം പേജിൽ)

# പൂർണ്ണ വിജയം നേടാൻ ജനങ്ങൾ കീഴടങ്ങാത്ത സമരശക്തിയായി ഉയരണം

(3–ാം പേജിൽ നിന്ന്)

ബിജെപി, വർഗീയ സാമുദായിക പിന്തിരിപ്പൻ ശക്തികളടങ്ങിയ അദാനി ക്യാമ്പ് ആഹ്ലാദത്തിലായി.

### സമരശക്തികളിൽ നിരാശ പടർത്തി എതിർസ്വരങ്ങളെ തളർത്താനുള്ള ശ്രമത്തെ ജനങ്ങൾ പരാജയപ്പെടുത്തും

ഒന്നും നേടാതെയല്ല ഈ സമരം താൽക്കാലികമായി അവസാനിച്ചത്. സമരത്തിന്റെ ശക്തി ഒന്നുകൊണ്ടുമാത്രം സർക്കാരിന് അനുവദിക്കേണ്ടിവന്ന പുനഃരധിവാസം പോലുള്ള ചില ഡിമാന്റുകളെ ഉദ്ദേശിച്ചു മാത്രമല്ല ഇപ്പറഞ്ഞത്. തീരദേശജനതയുടെ നിലനിൽപ്പിന്റെ പ്രശ്നങ്ങളെ നിസ്സാരവൽക്കരിച്ചും അവഗണിച്ചും ഒരു അധികാരശക്തിക്കും ഇനി മുന്നോട്ടു പോകാനാവില്ലെന്ന താക്കീത് നൽകാൻ വിഴിഞ്ഞം സമരത്തിനു കഴിഞ്ഞു. പ്രകൃതിയുമായി മല്ലടിച്ച് സ്വന്തം നിലയിൽ ജീവിച്ചു പോകുന്ന ഒരു ജനതയുടെ ജീവിതത്തെയും അവരുടെ ആവാസ മേഖലയെയും നശിപ്പിക്കുന്നതിനെതിരെ, ലോകത്തിലെതന്നെ ഏറ്റവും വലിയ ഒരു കോർപ്പറേറ്റ് ശക്തിക്കെതിരെ അവർ നടത്തിയ സമരം നൽകിയത് വിലപ്പെട്ട പാഠങ്ങളാണ്. ജനങ്ങൾക്കെതിരെയുള്ള സർക്കാരിന്റെ നയനടപടികൾ മുതലാളിത്ത താല്പര്യങ്ങൾ മാത്രം മുൻനിർത്തിയുള്ളതാണെന്ന ജനങ്ങൾക്ക് കൂടുതൽ വ്യക്തമായി. ആ നീച താല്പര്യങ്ങൾ സംരക്ഷിക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഈ ചൂഷണവാഴ്ച നിലനിർത്താൻ ബാധ്യതപ്പെട്ട സകല ശക്തികളും പ്രകടമായി യോജിച്ച് അണിനിരക്കുന്നതും ജനങ്ങൾ കണ്ടു. പ്രത്യേകിച്ചും സിപിഐ(എം) എന്ന കപട കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മുതലാളിവർഗ്ഗത്തിന് മുന്നിൽ തങ്ങളുടെ വിശ്വസ്തത തെളിയിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ യാതൊരു മറവും ഇല്ലാത്തവണ്ണം വെളിവാക്കപ്പെട്ടു. അതോടൊപ്പം മൂലധന താൽപര്യങ്ങളെ സംരക്ഷിക്കാൻ സർവ്വഭരണകൂട അധികാരസംവിധാനങ്ങളും അവരുടെ പ്രചാരണോപാധികളും സന്നാഹങ്ങളോടെ സജ്ജരായിരിക്കുമ്പോൾ ജനതാൽപര്യ

**വിഴിഞ്ഞം സമരം**

ത്തെ സംരക്ഷിക്കാനായി നടത്തുന്ന സമരങ്ങൾ വിജയത്തിലെത്തിക്കാൻ പര്യാപ്തമായ ശക്തി ജനകീയ മുന്നേറ്റങ്ങൾക്ക് സമാഹരിക്കേണ്ടതിന്റെ ആവശ്യകതയും ഈ സമരം കൂടുതൽ തെളിമയോടെ വ്യക്തമാക്കി. പ്രത്യക്ഷ ആഘാതം ഏറ്റുവാങ്ങുന്ന ഇരകൾ മാത്രമല്ല, പരോക്ഷമായി ഇരകളാക്കപ്പെടുന്ന ജനസമൂഹമാകെ സമര വിജയത്തിനായി അണിനിരക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കപ്പെട്ടു. യോജിപ്പിക്കാവുന്നസകല സമര ശക്തികളെയും തികഞ്ഞ ജനാധിപത്യ സ്വഭാവത്തിൽ ഇണക്കിയെടുത്ത് കരുത്തുറ്റ സമര നേതൃത്വം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സമരത്തിന്റെ അടിസ്ഥാന ഘടകം എന്ന നിലയിൽ സമര രംഗത്തുള്ള ഓരോ മനുഷ്യരും ഉൾക്കൊള്ളുന്ന ജനകീയ സമര കമ്മിറ്റികളാണ് സുപ്രധാനം. അവയെ ബലപ്പെടുത്തുന്ന വിധത്തിൽ ഉന്നയിക്കുന്ന ഡിമാന്റിനോട് സമൂഹത്തിന്റെ അനുഭാവപൂർണ്ണമായ പിന്തുണ ആവശ്യമാണ്. കൂടാതെ ഉയർന്ന ഘട്ടങ്ങളിലേക്ക് വളരുന്ന സമര രൂപങ്ങളും. ഇവയെല്ലാം ഒത്തു ചേരുമ്പോഴാണ് കാതലായ വിഷയങ്ങളിൽനടക്കുന്നപ്രക്ഷോഭങ്ങൾ വിജയിക്കാനാവുന്നത്. കർഷക സമരം, നന്ദിഗ്രാം സമരം, ചെങ്ങറ സമരം, വിളപ്പിൽശാല സമരം തുടങ്ങി വിജയം വരിച്ച സമരങ്ങളുടെയെല്ലാം അടിസ്ഥാന സ്വഭാവം ഇത്തരത്തിലുള്ളതായിരുന്നു.

### മൽസ്യത്തൊഴിലാളികൾ പ്രചണ്ഡസമര ശക്തിയായി ആഞ്ഞുവീശും

വിഴിഞ്ഞം പദ്ധതി സൃഷ്ടിക്കുന്ന വിപത്തുകൾ കപടവാദങ്ങളെയും കുതന്ത്രങ്ങളെയും അവലംബിച്ചുകൊണ്ട് മൂടിവയ്ക്കാവുന്നതല്ല. അത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക സാമൂഹിക ആഘാതങ്ങൾ കൂടുതൽ കൂടുതൽ പ്രത്യക്ഷവും അസഹനീയവുമാവും. അതിനാൽത്തന്നെ സമരം പരാജയമെന്ന് സ്ഥാപിച്ച് സമരശക്തികളിൽ നിരാശ പടർത്തി എതിർസ്വരങ്ങളെ തളർത്താനുള്ള ശ്രമവും ദീർഘകാലം വിജയിക്കില്ല. തീരദേശജനതയെ മാത്രമല്ല കേരളത്തെയാകെ ബാധിക്കുന്ന ഈ പ്രശ്നങ്ങളെ അധികരിച്ച് വീണ്ടും പ്രക്ഷോഭണങ്ങൾ ഉയർന്നുവരും. ചോരയൂറ്റി തടിച്ചുകൊഴുക്കുന്ന അദാനിയും കോർപ്പറേറ്റ് ശക്തികളും ജനങ്ങളുടെ കോടതിക്കുമുമ്പാകെ വിചാരണ ചെയ്യപ്പെടും. അവർക്ക് ദാസ്യവൃത്തി ചെയ്യുന്ന അഞ്ചാം പത്തികളായകപടഇടതുപക്ഷവുംബിജെപി ഉൾപ്പടെയുള്ള വലതുപക്ഷവും ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ എറിയപ്പെടും. കിടപ്പാടവും കീറപ്പായയും ജീവിതമാകെത്തന്നെയും നഷ്ടപ്പെടുന്നവർ പ്രചണ്ഡമായ സമരശക്തിയായി ആഞ്ഞുവീശും. അതിനുള്ള സമരപ്രബുദ്ധത 138 ദിവസം നീണ്ട സമരത്തിലൂടെ മത്സ്യത്തൊഴിലാളികൾ നേടിയിട്ടുണ്ട്. കഠിനമായ പരീക്ഷണങ്ങളെ നേരിട്ട് ആ സമരത്തിൽ പങ്കെടുത്തവരെയും അതിനു നേതൃത്വം നൽകിയവരെയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അഭിവാദ്യം ചെയ്യുന്നു. ■

# ആധുനിക ബോധനശാസ്ത്രത്തിൽ അധ്യാപകനും അധ്യാപനത്തിനുമുള്ള പങ്ക് എൻഇപി നിരാകരിക്കുന്നു

(4-ാം പേജിൽ നിന്ന്)

ജ്ഞാനത്തിന്റെ ആധികാരികത നിഷേധിച്ചത്. ഈ സിദ്ധാന്തം അബദ്ധജഡിലമാണെന്ന് കഴിഞ്ഞ രണ്ട് പതിറ്റാണ്ടു കാലത്തെ പരീക്ഷണത്തിലൂടെത്തന്നെ തെളിയിക്കപ്പെട്ടതാണ്. എന്നാൽ "യാഥാസ്ഥിതിക ബന്ധനങ്ങളിൽ നിന്നുള്ള മോചനം" ഇതേ വിധ്വംസക പദ്ധതിയുടെ തുടർച്ചയാണ് ഉണ്ടാക്കുവാൻ പോകുന്നത്.

## ഉദ്ഗ്രഥിത സമീപനം

ഡിപിഇപി മുതലിങ്ങോട്ട് നിരന്തരം ആവർത്തിക്കപ്പെടുന്ന പ്രയോഗമാണ് ഉദ്ഗ്രഥിത സമീപനം. ലോകബാങ്കിന്റെ മേശപ്പുറത്താണ് ഈ സംജ്ഞയും രൂപപ്പെട്ടത്. ജ്യോംതിയൻ സമ്മേളനത്തിന്റെ മോണോഗ്രാഫ് പറയുന്നത് നോക്കുക: 'ശാസ്ത്രവും സാങ്കേതിക വിദ്യയും പ്രത്യേക വിഷയങ്ങളായി പഠിക്കുന്നതിന് പകരം അതിനെ അടിസ്ഥാന ആശയവിനിമയ-സംഖ്യാ ശേഷികളോടും, ആരോഗ്യപരിസര വിഷയങ്ങളോടും ചേർത്തുകൊണ്ട് ഉദ്ഗ്രഥിക്കേണ്ടതുണ്ട്' (പേജ് 40).

ദേശീയ വിദ്യാഭ്യാസ നയം 2020 ഇതേ വാദം ആവർത്തിക്കുന്നു: "കരിക്കുലർ, എക്സ്ട്രാ കരിക്കുലർ, കോ-കരിക്കുലർ വിഷയങ്ങൾ തമ്മിലോ, കല, മാനവിക വിഷയങ്ങൾ, ശാസ്ത്രം ഇവ തമ്മിലോ, തൊഴിൽ പഠന, അക്കാദമിക് ധാരകൾ തമ്മിലോ കർശനമായ വേർതിരിവുകൾ ഉണ്ടാകില്ല." (എൻഇപി ഡോക്യുമെന്റ് പാരഗ്രാഫ് 4.9)

വിഷയങ്ങളുടെ ഉദ്ഗ്രഥിത സമീപനമാണ് അവശ്യമെന്ന് പുതിയ പാഠ്യപദ്ധതി ചട്ടക്കൂട് ചർച്ചയിലും ആവർത്തിക്കപ്പെടുന്നു. 'സയൻസ്, ആർട്സ്, എന്നും കരിക്കുലാർ, എക്സ്ട്രാ കരിക്കുലർ എന്നുമുള്ള വിഭജനം പാഠ്യപദ്ധതിയുടെ സമഗ്രതയെ ബാധിക്കുന്നുണ്ടോ? ...ഓരോരുത്തരുടെ കഴിവും താത്പ്പര്യവും അനുസരിച്ച് പഠന മേഖലയും ജീവിതപാതയും തെരഞ്ഞെടുക്കുന്നതിനുള്ള വഴക്കം വിദ്യാഭ്യാസ സംവിധാനത്തിന് നിലവിലുണ്ടോ?' (പേജ് 21, സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പ്) തുടങ്ങിയ പരാമർശങ്ങളിലൂടെ ഉദ്ഗ്രഥിത സമീപനം ആവശ്യമാണെന്ന് സ്ഥാപിക്കുന്നു. വ്യത്യസ്ത വിഷയങ്ങളായല്ല, മറിച്ച് സ്കൂൾ തലം മുതൽ ഇന്റർ ഡിസിപ്ലിനറി സമീപനമുണ്ടാകണമെന്നും പറയുന്നു. ഉന്നതവിദ്യാഭ്യാസ തലത്തിൽ ഇന്റർ ഡിസിപ്ലിനറി പഠനം ആവശ്യമാണെന്നതിൽ തെറ്റില്ല. റൂസയും എൻഇപിയും ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്റർ ഡിസിപ്ലിനറി പഠനത്തെ നിരാകരിച്ചുകൊണ്ട് മൾട്ടി ഡിസിപ്ലിനറി സിസ്റ്റമാണ് അവതരിപ്പിക്കുന്നതെന്നത് മറ്റൊരു വസ്തുത. സ്കൂൾ വിദ്യാഭ്യാസ തലത്തിൽ കുട്ടികൾക്ക് വിഷയബന്ധിതമായ പഠനമാണ് ആവശ്യം. ഹെർബർട്ട് പറയുന്നു: 'ഒന്നമതായി, തുടക്കക്കാരന് സാവധാനം മാത്രമാണ് പുരോഗമിക്കുവാൻ സാധിക്കുക. അവനെ സംബന്ധിച്ചിടത്തോളം ഏറ്റവും ദൈർഘ്യം കുറഞ്ഞ ഘട്ടങ്ങളാണ് ഏറ്റവും നല്ലത്. ഒരു വിഷയത്തിന്റെ എല്ലാ വശങ്ങളെയും കുറിച്ച് ഉറച്ച ഗ്രാഹ്യമുണ്ടാക്കിയെടുക്കുന്നതിനുവേണ്ടി അതിന്റെ ഓരോ ഭാഗത്തിലും ആവശ്യമുള്ളത്ര സമയം അവൻ ചെലവഴിക്കട്ടെ. അങ്ങനെ ചെയ്യുമ്പോൾ അവന്റെ മുഴുവൻ ശ്രദ്ധയും അതിൽ മാത്രമായി കേന്ദ്രീകരിക്കണം. കാരണം തുടക്കത്തിൽ, വിഷയത്തെ അതിന്റെ ഘടകങ്ങളായി വിശ്ലേഷണം ചെയ്യുന്നതിലാണ്, അധ്യാപനത്തിന്റെ കല കുടികൊള്ളുന്നത്. അങ്ങനെയെങ്കിൽ, അധ്യാപകന്, ചിന്താശ്രേണിയിലെ വിടവുകൾ ഒഴിവാക്കാൻ ബോധപൂർവം കഴിയും. രണ്ടാമതായി ചിട്ടയായ ഉദ്ഗ്രഥനം തനിച്ച് നടക്കുന്നില്ല. ചുരുങ്ങിയത് പ്രാരംഭഘട്ടത്തിലെങ്കിലും... തുടക്കത്തിൽ സവിശേഷങ്ങളിലുള്ള വ്യക്തതയാണ് മുഖ്യമായ ആവശ്യകത.' (വിദ്യാഭ്യാസത്തെ കുറിച്ചുള്ള പ്രഭാഷണങ്ങൾ, പാരഗ്രാഫ് 68). സവിശേഷങ്ങളിൽ അടിത്തറ ഉറച്ചാൽ ഭാവിയിൽ സമഗ്രമായി ലോകത്തെ കാണാൻ വിദ്യാർത്ഥി പ്രാപ്തനാകും. സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അപ്രായോഗികവും അശാസ്ത്രീയവുമാണ് ഉദ്ഗ്രഥിതസമീപനമെന്ന് വ്യക്തം.

ലോകബാങ്കിൽനിന്നും കടം കൊണ്ട ഈ ഉദ്ഗ്രഥിത സമീപനം ഔപചാരിക വിദ്യാഭ്യാസത്തിന് പകരം കമ്പോളത്തിനാവശ്യമായ നൈപുണികൾ പഠിച്ചെടുക്കാൻ പ്രേരിപ്പിക്കുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണ് ലക്ഷ്യമാക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അനൗപചാരികവത്ക്കരണം കൂടിയാണിത്. വിഷയാധ്യാപകരുടെ എണ്ണം കുറയ്ക്കുകയെന്ന ലക്ഷ്യം ഇതിൽ ഉൾച്ചേർന്നിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

## ഭാഷാനയം

മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കുന്നുവെന്ന കപടപ്രചാരണത്തോടെയാണ് ദേശീയ വിദ്യാഭ്യാസനയം അവതരിപ്പിക്കപ്പെട്ടത്. എന്നാൽ മാതൃഭാഷയെന്ന പേരിൽ മാനകഭാഷയല്ല, നാട്ടുഭാഷയാണ്(പ്രാദേശികഭാഷ) എൻഇപി അവതരിപ്പിച്ചത്. കേരള പാഠ്യപദ്ധതി ചട്ടക്കൂടും വികലമായ ഈ ഭാഷാ നയമാണ് പിന്തുടരുന്നത്. '5-ാം ക്ലാസ് വരെ (കഴിയുമെങ്കിൽ 8-ാം ക്ലാസ് വരെ) ബോധനമാധ്യമം മാതൃഭാഷയോ വീട്ടുഭാഷയോ പ്രാദേശികഭാഷയോ ആവണം' (പേജ് 49, സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പ്). ഇത് ദേശീയ വിദ്യാഭ്യാസനയത്തിലെ പാരഗ്രാഫ് 4.11ലെ ഒരു വാക്യത്തിന്റെ മലയാള പരിഭാഷ തന്നെയാണ്. മാതൃഭാഷയുടെ മാനകരൂപത്തെ നിരാകരിച്ചുകൊണ്ട് പ്രാദേശിക ഭാഷാ വ്യവഹാരത്തിലേക്ക് മാതൃഭാഷയെ ചുരുക്കുകയാണ് ലക്ഷ്യം.

വിദ്യാഭ്യാസ പ്രക്രിയയുടെ അല്ലെങ്കിൽ വിജ്ഞാനമാർജ്ജിക്കാനുള്ള പ്രവർത്തനത്തിന്റെ മാധ്യമമാകാൻ പ്രാദേശിക ഭാഷയ്ക്ക് സാധ്യമല്ല. അറിവുനേടുവാൻ അതിന് അനുരോധമായ ഭാഷാജ്ഞാനവും ആവശ്യമാണ്. ചിന്തയുടെ മാധ്യമമാണ് ഭാഷ. അതുകൊണ്ട് ചെറിയ പ്രായം മുതൽ ശാസ്ത്രീയമായ ഭാഷാ പഠനം അനിവാര്യമാണ്. പ്രാദേശിക ഭാഷയിൽ തളച്ചിടപ്പെടുന്ന വിദ്യാർത്ഥിക്ക് അറിവിന്റെ വിശാലമായ ലോകത്തേയ്ക്ക്, അറിവിന്റെ അടിസ്ഥാനത്തിലുള്ള മാനവികതാ ബോധത്തിലേയ്ക്ക് കടക്കുവാനാകില്ല.

പ്രാദേശിക ഭാഷയിൽ തളച്ചിടുകയെന്നത് ഡിപിഇപിയുടെ ആശയമാണ്. പ്രാദേശികമായി ചിന്തിക്കുന്ന, പ്രാദേശിക ചുറ്റുപാടിനനുസരിച്ചുള്ള ആവശ്യകതകൾ പൂർത്തീകരിക്കുന്ന, പ്രാദേശിക ആശയവിനിമയത്തിനുള്ള ഭാഷാബോധനമെന്നത് ജ്യോംതിയൻ സമ്മേളനത്തിന്റെ നിർദ്ദേശമാണ്. ജ്യോംതിയന്റെ വേൾഡ് ഡിക്ലറേഷൻ ഓഫ് എജ്യുക്കേഷൻ ഫോർ ഓൾ(EFA) പറയുന്നു: 'ഇപ്പോൾ പൊതുവിൽ വിദ്യാഭ്യാസം നേടുന്ന ഏവർക്കും പഠിച്ചുവരുന്ന സാർവലൗകിക വിഷയങ്ങളെല്ലാം പ്രസക്തമാകണമെന്നില്ല. അതിനാൽ ഓരോ പ്രാദേശിക സമൂഹത്തിനും പ്രസക്തമായത് മാത്രം – പ്രസക്തമായ പ്രാദേശിക ഭാഷ, പ്രസക്തമായ പ്രാദേശിക ഗണിതം, പ്രസക്തമായ പ്രാദേശിക ചരിത്രം തുടങ്ങിയവ പഠിക്കാൻ അനുകൂലമായ സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്' (1990). കമ്പോളത്തിനാവശ്യമായ ആശയാവതരണശേഷി മാത്രം നേടുകയെന്ന ഡിപിഇപിയുടെ ആശയമാണ് പുതിയ ചട്ടക്കൂടിലും തുടരുന്നത്. (ഭാഷാ പഠനത്തിൽ മാത്രമല്ല, ഗണിതവും ശാസ്ത്രവും സാമൂഹ്യശാസ്ത്രവുമുൾപ്പടെയുള്ള വിഷയപഠനമേഖലകളിലും ഈ സമീപനം കരിക്കുലം ചർച്ചാക്കുറിപ്പ് പിന്തുടരുന്നു.)

അതുപോലെ, ആശയത്തിൽ നിന്നും വാക്യത്തിലേയ്ക്കും പിന്നീട് പദത്തിലേയ്ക്കും അവിടെ നിന്ന് അക്ഷരത്തിലേയ്ക്കും എന്ന ഡിപിഇപി സമ്പ്രദായത്തിന്റെ തുടർച്ചയും ഇവിടെ ആവർത്തിക്കുന്നു. ആധുനിക ഭാഷാ ശാസ്ത്രം എവിടെയും അംഗീകരിച്ചിട്ടില്ലാത്ത, അതേ സമയം ഡിപിഇപി നൂതനമെന്നവകാശപ്പെട്ട് അവതരിപ്പിച്ച 'സമഗ്രഭാഷാ പഠനമെന്ന' ഈ സിദ്ധാന്തത്തിന്റെ ദുരന്തങ്ങൾ രണ്ട് പതിറ്റാണ്ടിലേറെയായി കേരളം അനുഭവിക്കുകയാണ്. ഡിപിഇപി പടിയടച്ച് പിണ്ഡം വെച്ച നമ്മുടെ പഴയ 'തറ, പറ' കേരളപാഠാവലിയാണ് അനൗപചാരികമായും സ്വകാര്യവിദ്യാലയങ്ങളിലും ഇന്നും അക്ഷരപഠനത്തിന് ഉപയോഗിക്കുന്നത്. ആശയങ്ങളിൽനിന്നും അക്ഷരം കണ്ടെത്തുമെന്ന, പരീക്ഷിച്ച് പരാ

(ശേഷം 6-ാം പേജിൽ)

## പാഠ്യപദ്ധതി ചട്ടക്കൂടും NEP 2020 ഉം

**ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ പൊരുതുന്നുവെന്ന് വാചകക്കസർത്ത് നടത്തുന്ന കേരള സർക്കാരും ഇടതു സംഘടനകളും സംസ്ഥാനത്ത് നടപ്പാക്കുന്നത് കേന്ദ്ര സർക്കാരിന്റെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ തനി പകർപ്പാണെന്ന് താഴെക്കൊടുത്തിട്ടുള്ള പട്ടിക വ്യക്തമാക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം, സ്കൂൾ പാഠ്യപദ്ധതിയെക്കുറിച്ച് പറയുന്ന ഭാഗവും കേരള പാഠ്യ പദ്ധതി ചട്ടക്കൂടും തമ്മിലുള്ള അമ്പരിപ്പിക്കുന്ന സാദൃശ്യം കാണുക:**

| ദേശീയ വിദ്യാഭ്യാസ നയം 2020 | കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2022 |
|---|---|
| പഠിതാക്കൾക്ക് അവരുടെ പഠനവഴികളും കാര്യക്രമവും തെരഞ്ഞെടുക്കാനുള്ള അവസരം നൽകുന്ന രീതിയിൽ, അതുവഴി അഭിരുചിക്കും, താത്പര്യങ്ങൾക്കുമനുസരിച്ച് സ്വന്തം ജീവിതവഴി തെരഞ്ഞെടുക്കാനുള്ള വിധത്തിൽ വഴങ്ങുന്ന ഒരു പഠനരീതി രൂപീകരിക്കുക...ശാസ്ത്രവും മാനവികതയും തമ്മിൽ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ തമ്മിൽ, അങ്ങനെ വിവിധ വിജ്ഞാന ശാഖകൾ തമ്മിലുള്ള അനാരോഗ്യകരമായ അധികാരക്രമം ഒഴിവാക്കാൻ കർശനമായ വേർതിരിവുകൾ ഉണ്ടാകാതിരിക്കുക. (പേജ് 5-6) | എല്ലാവരെയും ഉൾക്കൊള്ളുന്നതും ഓരോ പഠിതാവിലുമുള്ള ശേഷികളെ തിരിച്ചറിയുന്നതും പരിപോഷിപ്പിക്കുന്നതിലൂടെ സമഗ്ര വികാസം ഉറപ്പുവരുത്തുന്നതുമാകണം വിദ്യാഭ്യാസം. സയൻസ്, ആർട്സ് എന്ന വിഭജനവും കരിക്കുലർ എക്സ്ട്രാ കരിക്കുലർ എന്ന സമീപനവും വൊക്കേഷണൽ നോൺ വൊക്കേഷണൽ എന്ന കാഴ്ചപ്പാടും പാഠ്യപദ്ധതിയെ സമഗ്രമായി കാണുന്നതിന് തടസ്സമാകുന്നുണ്ടോ? സമഗ്രത ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമാണ്?... ഓരോരുത്തരുടെയും കഴിവും താത്പര്യവും അനുസരിച്ച് വളരാനും വികസിക്കാനുമുള്ള അവസരം വിദ്യാഭ്യാസത്തിലുണ്ടാകേണ്ടതുണ്ട്. ഇതിനാവശ്യമായ വഴക്കം വിദ്യാഭ്യാസസമ്പ്രദായത്തിൽ എങ്ങനെകൊണ്ടുവരാനാകും?(24)... വിഷയങ്ങൾ തമ്മിൽ വിഭജനമില്ലാത്ത പാഠ്യപദ്ധതി സാധ്യതകൾ എങ്ങനെ പ്രയോജനപ്പെടുത്താം? (പേജ് 27) |
| മൂന്നാം തരത്തിലെത്തുമ്പോഴേക്കും ഓരോ വിദ്യാർത്ഥിക്കും അടിസ്ഥാന സാക്ഷരതയും സംഖ്യാജ്ഞാനവും നേടുക എന്ന ലക്ഷ്യത്തിന് പ്രഥമ പരിഗണന നൽകുക. (പേജ് 5) | ഒന്ന്, രണ്ട് ക്ലാസുകളിൽ തന്നെ കുട്ടിക്ക് പഠനത്തിനുവേണ്ട അടിസ്ഥാനപരമായ കഴിവുകൾ ആർജ്ജിക്കുന്നതിന് കഴിയണം. ഓരോ കുട്ടിയും മൂന്നാം ക്ലാസിലെത്തുമ്പോഴേക്കും അടിസ്ഥാന പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തണം. (പേജ് 20) |
| എട്ടാം ക്ലാസ് വരെ, കുറഞ്ഞത് അഞ്ചാം ക്ലാസ് വരെ, പ്രബോധന മാധ്യമം വീട്ടുഭാഷ/പ്രാദേശികഭാഷ/മാതൃഭാഷ/തദ്ദേശീയ ഭാഷ ആയിരിക്കും. (പേജ് 17) | അഞ്ചാം ക്ലാസ് വരെ (കഴിയുമെങ്കിൽ എട്ടാം ക്ലാസ് വരെ) ബോധനമാധ്യമം മാതൃഭാഷയോ വീട്ടുഭാഷയോ പ്രാദേശികഭാഷയോ ആവണം. (പേജ് 49) |
| മൂന്ന് ഭാഷാ സമവാക്യത്തിലൊരു ഭാഷയായി, ഒരു പ്രധാന ഹിതമായി, സ്കൂൾ ഉന്നതവിദ്യാഭ്യാസ തലങ്ങളിൽ സംസ്കൃതം വാഗ്ദാനം ചെയ്യപ്പെടും. താത്പര്യജനകവും അനുഭവാത്മകവും സമകാലിക പ്രസക്തവുമായ രീതിയിൽ സംസ്കൃതം പഠിപ്പിക്കും. (പേജ് 18) | സംസ്കൃതം ഉൾപ്പടെയുള്ള ഭാഷകളുടെ ബൃഹദ്സാഹിത്യം, സംസ്കൃത വിജ്ഞാന വ്യവസ്ഥ എന്നിവ വിദ്യാർത്ഥികൾക്ക് എങ്ങനെ ലഭ്യമാക്കുകയും ആസ്വദിപ്പിക്കുകയും ഇടപെടുത്തുകയും ചെയ്യാം? (പേജ് 50) |
| പാഠ്യപദ്ധതിയിലും ബോധനശാസ്ത്രത്തിലും പ്രാദേശിക സാഹചര്യങ്ങളോടും വൈവിധ്യങ്ങളോടുമുള്ള ബഹുമാനം നിലനിർത്തുക. (പേജ് 6) | പ്രാദേശിക സാധ്യതകളെ ഉൾച്ചേർക്കാനുള്ള സാഹചര്യം പാഠ്യപദ്ധതിയിൽ ഉണ്ടാകണം. (പേജ് 62) |

# ഡിപിഇപി മുതലുള്ള വിദ്യാഭ്യാസ വിധ്വംസക നയങ്ങളുടെ നടത്തിപ്പുകാരാണ് കേരളം മാറിമാറി ഭരിച്ച ഇരുമുന്നണികളും

(5-ാം പേജിൽ നിന്ന്)

ജയപ്പെട്ട സിദ്ധാന്തത്തിന്റെ ആവർത്തനം നമ്മുടെ വിദ്യാർത്ഥികളോടുള്ള കൊടുംക്രൂരതയാണ്.

ഡിപിഇപിയിലും എൻഇപിയിലുമെന്ന പോലെ ആശയാവതരണത്തിനുമാത്രമുള്ളതാണ് പുതിയ ചട്ടക്കൂടിലും ഭാഷ. 'വിവിധ ഭാഷകൾ അറിയുകയെന്ന സംവിധാനമാണ് നല്ലത്. ഏത് ഭാഷാപഠനവും രസകരവും സംവാദാത്മകവും സംഭാഷണത്തിലൂന്നിയതുമാകണം' (പേജ് 49, സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പ്). എൻഇപിയുടെ fun languages എന്ന സങ്കല്പം തന്നെയാണിത്. ബഹുഭാഷാ സമീപനം പ്രോത്സാഹിപ്പിക്കണമെന്നും അതേ സമയം ഒന്നിലധികം ഭാഷകളിൽ ഒരേ സമയം ശേഷി നേടാനാകാത്തതുകൊണ്ട് ഭാഷകൾ അറിയുകയെന്ന സമീപനം സ്വീകരിച്ചാൽ മതിയെന്നും ചട്ടക്കൂടിനായുള്ള ചർച്ചാക്കുറിപ്പ് പറയുന്നു. ലോകഭാഷയായ ഇംഗ്ലീഷിനെ നിരാകരിക്കുകയാണ് ഈ സമീപനത്തിലൂടെ. അതേ സമയം എൻഇപിയുടെ അതേ സ്വരത്തിൽ 'സംസ്കൃതം ഉൾപ്പെടെയുള്ള ഭാഷകളുടെ ബൃഹദ് സാഹിത്യം, സംസ്കൃത വിജ്ഞാന വ്യവസ്ഥ എന്നിവ എങ്ങനെ ലഭ്യമാക്കുകയും ആസ്വദിപ്പിക്കുകയും ഇടപെടുത്തുകയും ചെയ്യാം (പേജ് 50, ചർച്ചാ കുറിപ്പ്) എന്നും പറയുന്നു. സ്കൂൾ വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ് അനിവാര്യവും സംസ്കൃതം അപ്രധാനവുമാകുന്നത് ചരിത്രപരമായ കാരണങ്ങളാലാണ്. ഇംഗ്ലീഷ് ലോകവിജ്ഞാനത്തിലേക്കുള്ള പ്രവേശികയാണ്. സംസ്കൃതമാകട്ടെ, ഒരു കാലത്തെ വൈജ്ഞാനിക ഭാഷയും പിന്നീട് വരേണ്യ വർഗ്ഗത്തിന്റെ ചെയ്തികളാൽ സംസാരഭാഷ പോലുമല്ലാതായി മാറിയതുമാണ്. ഗവേഷണപരമായ പ്രാധാന്യം സംസ്കൃതത്തിനുണ്ട്. (സംസ്കൃതഭാഷയിലെ ഗവേഷണ സാധ്യതകൾ എങ്ങനെയാണ് ഇല്ലാതാക്കുന്നതെന്നതിന് പ്രത്യക്ഷ ഉദാഹരണങ്ങളാണ് സംസ്കൃത സർവകലാശാലയിലെ സമീപകാല സംഭവവികാസങ്ങൾ എന്നും ഇവിടെ ഓർക്കാം). മാതൃഭാഷയിലോ ഇംഗ്ലീഷിലോ ഉള്ള സാഹിത്യ പഠനത്തെയും വിജ്ഞാനത്തെയും കുറിച്ച് നിശബ്ദത പാലിക്കുന്ന ചട്ടക്കൂട് സംസ്കൃതത്തെ സ്കൂൾ കരിക്കുലത്തിൽ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നതിലൂടെ ഇന്ത്യൻ ജ്ഞാനവ്യവസ്ഥയെന്ന സംഘപരിവാർ ആശയത്തെയാണ് മുന്നോട്ടുവെയ്ക്കുന്നത്. ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ രണ്ടാം ഭാഗം പുറത്തുവിടാത്തതിനെ സംബന്ധിച്ചുള്ള ദുരൂഹത വർദ്ധിക്കുന്നത് ഇതിനാലാണ്.

## സ്കൂളുകൾ ബാലവേലാ പരിശീലന കേന്ദ്രങ്ങളാകും

ആഗോളവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും കാലത്ത് അതിജീവനത്തിനാവശ്യമായ സാമർത്ഥ്യം ജനങ്ങൾ സ്വയം ആർജ്ജിച്ചെടുക്കണമെന്നതാണ് ഡിപിഇപിയുടെ സിദ്ധാന്തം. ഈ അതിജീവനമാകട്ടെ ഒരു സ്വയംപരിശീലനമാണ്. അതിനാലാണ് ഡിപിഇപി മുതലിങ്ങോട്ട് വിദ്യാർത്ഥി പഠിതാവായത് – കമ്പോളത്തിന്റെ മാറുന്ന ആവശ്യതകൾക്കനുസരിച്ച് ആജീവനാന്തം നൈപുണികൾ പുതുക്കിക്കൊണ്ടിരിക്കേണ്ട പഠിതാവ്. ജ്യോംതിയൻ സമ്മേളനം പറയുന്നതനുസരിച്ച് ' വികസ്വര രാജ്യങ്ങൾക്ക് മുന്നേറണമെങ്കിൽ അവ തങ്ങളുടെ രാജ്യങ്ങളിലെ തൊഴിൽ സേനയുടെ വിദ്യാഭ്യാസവും പരിശീലനവും മെച്ചപ്പെടുത്തേണ്ടതുണ്ട്. തൊഴിലധിഷ്ഠിത വിഷയങ്ങളായ കൃഷി, ഗാർഹിക ശാസ്ത്രം, കച്ചവടം, എന്നിവയ്ക്ക് പ്രൈമറി സ്കൂളുകളിൽ വേണ്ടത്ര സമയം നീക്കി വെയ്ക്കുന്നില്ല' (പേജ് 45, വികസ്വര രാജ്യങ്ങളിലെ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ). ആകയാൽ ' വിദ്യാഭ്യാസത്തിന്റെ ഗുരുത്വ കേന്ദ്രം മാറ്റി അത് ചുറ്റുപാടുമുള്ള വിശാലമായ സമൂഹത്തോടും തൊഴിലിന്റെ ലോകത്തോടും ചേർത്തു പ്രതിഷ്ഠിക്കേണ്ടതാണ്'(ജ്യോംതിയൻ മോണോഗ്രാഫ് 4 പേജ് 5) ഡിപിഇപിയും റൂസയും എൻഇപിയുമെല്ലാം തൊഴിൽ വിദ്യാഭ്യാസത്തെക്കുറിച്ചല്ല തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ചാണ് വാചാലമാകുന്നത്. പുതിയ പാഠ്യപദ്ധതി ചട്ടക്കൂടും വ്യത്യസ്തമല്ല. ഭൂരിപക്ഷം മലയാളികളും പന്ത്രണ്ടാം ക്ലാസിന് ശേഷമാണ് തൊഴിലിനെ കുറിച്ച് ചിന്തിച്ചുതുടങ്ങുന്നതെന്നതാണ് ചർച്ചാകുറിപ്പ് അവതരിപ്പിക്കുന്ന ഒരു പ്രശ്നം. അതുപോലെ പന്ത്രണ്ടാം ക്ലാസിനുശേഷം ജീവിതത്തിലേക്ക് കടക്കുന്ന പകുതിയിലേറെ പേർക്കും ആത്മാഭിമാനത്തോടെ നമ്മുടെ പരിസരത്തെ തൊഴിൽ സാധ്യതകൾ തേടാനാകുന്ന പരിശീലനം നൽകേണ്ടതുണ്ടെന്നും പറയുന്നു. ഇതിനെല്ലാം പരിഹാരമായി പ്രീപ്രൈമറി മുതൽ തൊഴിലനുഭവങ്ങൾ പരിശീലിപ്പിക്കുകയെന്ന ഉപാധിയാണ് പാഠ്യപദ്ധതി ചട്ടക്കൂടിനായുള്ള സമൂഹ ചർച്ചാകുറിപ്പ് മുന്നോട്ടുവെയ്ക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയം 2020 ആറാം ക്ലാസ് മുതലാണ് കൈത്തൊഴിൽ പരിശീലനം പ്രഖ്യാപിതമായി നടപ്പിൽ വരുത്താനുദ്ദേശിക്കുന്നതെങ്കിൽ, ഡിപിഇപിയുടെ തുടർച്ചയായ സ്റ്റാർസിന്റെ ചുവടുപിടിച്ചാണ് കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് പ്രീപ്രൈമറി മുതൽ തൊഴിലിനെക്കുറിച്ച് പറയുന്നത്. അതേസമയം അടിസ്ഥാന പഠനാവശ്യകതകൾ പൂർത്തീകരിക്കുകയെന്നത് പഠിതാവിന്റെ ഉത്തരവാദിത്തമാകുന്നതുപോലെ തൊഴിൽ കണ്ടെത്തി ജീവിച്ചു പോകുകയെന്നത് വ്യക്തിയുടെ ഉത്തരവാദിത്തമാണെന്നും തന്മയത്വത്തോടെ ചർച്ചാക്കുറിപ്പ് പറയുന്നു. 'തദ്ദേശീയമായ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും നാടിന് ഗുണപ്രദമാകുന്ന രീതിയിൽ ഉല്പാദന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനുമുള്ള സംരംഭങ്ങൾ ഉണ്ടാകണ'മെന്നും (പേജ് 36) 'കുട്ടി സംരംഭകത്വം'(Student Entrepreneurship) പ്രോത്സാഹിപ്പിക്കണമെന്നും പ്രസ്താവിക്കുന്നത് ഇത്തരുണത്തിലാണ്.

## പാഠ്യപദ്ധതി ചട്ടക്കൂടും NEP 2020 ഉം

**സ്കൂൾ വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ് അനിവാര്യവും സംസ്കൃതം അപ്രധാനവുമാകുന്നത് ചരിത്രപരമായ കാരണങ്ങളാലാണ്. മാതൃഭാഷയിലോ ഇംഗ്ലീഷിലോ ഉള്ള സാഹിത്യ പഠനത്തെയും വിജ്ഞാനത്തെയും കുറിച്ച് നിശബ്ദത പാലിക്കുന്ന ചട്ടക്കൂട് സംസ്കൃതത്തെ സ്കൂൾ കരിക്കുലത്തിൽ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നതിലൂടെ ഇന്ത്യൻ ജ്ഞാന വ്യവസ്ഥയെന്ന സംഘപരിവാർ ആശയത്തെയാണ് മുന്നോട്ടുവെയ്ക്കുന്നത്.**

തൊഴിൽനൈപുണികൾ ഇല്ലാത്തതുകൊണ്ടോ തൊഴിലിനെക്കുറിച്ചുള്ള ചിന്തയില്ലാത്തതുകൊണ്ടോ ആണോ നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ പ്രശ്നം നാൾക്കുനാൾ വർദ്ധിച്ച് വരുന്നത്? ഒരിക്കലുമല്ല. അത് നിലനിൽക്കുന്ന മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ സൃഷ്ടിയാണ്. അക്കാദമിക്സുമായി തൊഴിലില്ലായ്മയ്ക്ക് യാതൊരു ബന്ധവുമില്ല. ഉദാഹരണമായി കൃഷി ചെയ്യാൻ പാഠപുസ്തകങ്ങളിൽനിന്ന് പഠിക്കാത്തതുകൊണ്ടല്ലല്ലോ പൊന്നു വിളയിക്കുന്ന കർഷകർ ആത്മഹത്യ ചെയ്യുന്നത്. ഈ വ്യവസ്ഥ തുടരുവോളം തൊഴിലില്ലാപ്പട വർദ്ധിച്ചുകൊണ്ടിരിക്കും. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെക്കാൾ എന്തുകൊണ്ടും ഭേദം വിദ്യാരഹിതരായ തൊഴിൽ രഹിതരാണെന്ന് ഭരണകർത്താക്കൾക്ക് പണ്ടേ അറിയാം. അതുകൊണ്ടാണ് സമഗ്രധാരണയുള്ള, സമഞ്ജസമായി വികാസം പ്രാപിച്ച മനുഷ്യനെ സൃഷ്ടിക്കുകയെന്ന വിദ്യാഭ്യാസ സങ്കല്പത്തെ വേരോടെ പിഴുതെറിഞ്ഞുകൊണ്ട്, കമ്പോളത്തിനാവശ്യമായ മനുഷ്യവിഭവത്തെ സൃഷ്ടിക്കുകയെന്നതിൽ ആഗോളവത്ക്കരണ വിദ്യാഭ്യാസത്തിന്റെ സ്രഷ്ടാക്കൾ ബദ്ധശ്രദ്ധരായിരിക്കുന്നത്.

യുനെസ്കോയുടെ 'വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം' (1987) ഇപ്രകാരം പറയുന്നു: ' കൂടുതൽ കൂടുതൽ യന്ത്രവത്കൃതമായിക്കൊണ്ടിരിക്കുന്ന ആധുനിക വ്യവസായം, വളരെ ഉയർന്ന യോഗ്യതയുള്ള വളരെ കുറച്ചു പേരെയും പരിമിതമായ യോഗ്യത മാത്രമുള്ള ഒരുപാട് തൊഴിലാളികളെയുമാണ് ആവശ്യപ്പെടുന്നത്' (പേജ് 109) ഇതിന്റെ അടിസ്ഥാനത്തിലാണ് മിനിമം ലെവൽ ഓഫ് ലേണിംഗ് (MLL), ഒപ്റ്റിമം ലെവൽ ഓഫ് ലേണിംഗ് (OLL) എന്ന രണ്ട് തരം വിദ്യാഭ്യാസം അവതരിപ്പിക്കപ്പെട്ടത്. അടിസ്ഥാന സാക്ഷരതയും ഗണിതബോധവുമാണ് മിനിമം ലെവൽ ഓഫ് ലേണിംഗ്. ഒപ്റ്റിമം ലെവൽ ഓഫ് ലേണിംഗാകട്ടെ വിലകൊടുത്ത് വാങ്ങാവുന്ന സ്വകാര്യവിദ്യാഭ്യാസവും. ഡിപിഇപി മുതൽ എൻഇപി വരെയും ഈ കാഴ്ചപ്പാട് പദാനുപദം അവതരിപ്പിക്കുന്നുണ്ട്. അതിനാലാണ് പുതിയ പാഠ്യപദ്ധതി ചട്ടക്കൂടിനെ സംബന്ധിച്ചുള്ള ചർച്ചാകുറിപ്പിലാകമാനം പഠനഭാരം ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആവർത്തിച്ച് അഭിപ്രായപ്പെടുന്നത്. ശാസ്ത്രപഠനം, ഭാഷാപഠനം, ഗണിതപഠനം, സാമൂഹ്യശാസ്ത്രപഠനം എന്നീ ശീർഷകങ്ങളിലെല്ലാം ഉള്ളടക്കം ഭാരിച്ചതാണെന്ന പരാമർശം കാണാനാകും. ഗണിത വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ എല്ലാവർക്കും ആവശ്യമായ ഗണിതം (ordinary level), ഉപരിപഠനത്തിന് പോകുന്നവർക്കാവശ്യമായ ഗണിതം (advanced level) എന്നിങ്ങനെ രണ്ടായി തരംതിരിക്കുന്നതിനെക്കുറിച്ചും പറയുന്നുണ്ട്. ഒരു വിഷയത്തിൽ അടിസ്ഥാനപരമായ അറിവ് ആർജ്ജിക്കേണ്ട സ്കൂൾ വിദ്യാർത്ഥിയെ രണ്ടായി തരം തിരിക്കുകയെന്നത് എത്ര അശാസ്ത്രീയമാണ്. വിവിധ മാർഗങ്ങളിലൂടെ ഉള്ളടക്കമില്ലാതാക്കിക്കൊണ്ട്, പ്രാദേശികവത്ക്കരിക്കപ്പെട്ട മനുഷ്യവിഭവത്തെ സൃഷ്ടിക്കാനുള്ള വെമ്പലല്ലാതെ മറ്റെന്താണ് ഇവിടെ പ്രകടമാകുന്നത്.

പാഠ്യപദ്ധതി ചട്ടക്കൂടിനെ സംബന്ധിച്ചുള്ള ചർച്ചയോടൊപ്പം ഉയർന്നുവന്നതാണ് സമയമാറ്റത്തെ കുറിച്ചുള്ള വിവാദങ്ങളും. സ്കൂളുകളിൽ 'പ്രാദേശിക തൊഴിൽ വിദഗ്ധരുടെയും പണിശാലകളുടെയും പങ്കാളിത്തം' (പേജ് 36, സമൂഹചർച്ചയ്ക്കുള്ള കുറിപ്പ്) ഉറപ്പാക്കണമെന്ന പരാമർശത്തിലാണ് ഇതിന്റെ ആശയം ഉൾക്കൊണ്ടിരിക്കുന്നത്. സ്കൂളുകൾ കമ്പോളത്തിനാവശ്യമായ നൈപുണികൾ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ മാത്രമാകില്ല, മറിച്ച് വിദ്യാഭ്യാസ രംഗത്ത് മുതൽ മുടക്കുന്നവർക്കാവശ്യമായ വിധത്തിൽ കുറഞ്ഞ ചെലവിൽ മനുഷ്യവിഭവത്തെ പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങൾ കൂടിയാകും. ജ്യോംതിയൻ മോണോഗ്രാഫ് പറയുന്നു: ' സാമൂഹ്യ ഉത്പാദനക്ഷമതയുള്ള ജോലികൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയാൽ അതിന് പൊതുവിദ്യാഭ്യാസത്തിനുള്ള വിഭവങ്ങൾ പ്രദാനം ചെയ്യാൻ കഴിയും. ചില സംഘടനകളെ കുട്ടികളുടെ മേൽനോട്ടം ഏൽപ്പിച്ചാൽ, കുറച്ചുസമയം സ്കൂളിൽ പഠനവും ബാക്കിസമയം പണിയും നടത്തി ആ സംഘടനകൾക്ക് മിച്ചമുണ്ടാക്കാനാകും. കമ്പോളത്തിലെ കൂലിയേക്കാൾ കുറഞ്ഞ കൂലിക്ക് പൊതുമേഖലയിലെ അവശ്യ ജോലികൾ ചെയ്യിപ്പിച്ചാൽ അത്തരത്തിലും ചെലവ് കണ്ടെത്താനാകും. അങ്ങനെ മുഴുവൻ സമയ സ്കൂളിനെക്കാൾ കുറഞ്ഞ ചെലവിൽ വേലയെടുക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയും'. ഡിപിഇപിയുടെ തുടർച്ചയായ സ്റ്റാർസ് (STARS- Strengthening Teaching Learning and Results for State Programme) ലക്ഷ്യം വെയ്ക്കുന്നതാകട്ടെ ഒന്നാം ക്ലാസ് മുതൽ വിദ്യാർത്ഥിക്ക് കമ്പോളത്തിനാവശ്യമായ ധാരണകൾ നൽകുകയെന്നതും കമ്പോളവ്യവസ്ഥയുടെ പെരുമാറ്റരീതികൾ പഠിപ്പിക്കുകയെന്നതുമാണ്. അതിനായി വിദ്യാഭ്യാസ പ്രക്രിയയുടെ ആരംഭം മുതൽ പ്രാദേശിക കമ്പോളവുമായും പ്രാദേശിക തൊഴിൽ സാധ്യതകളുമായും ചേർന്നുള്ള വിദ്യാഭ്യാസ പ്രക്രിയയാണ് സ്റ്റാർസും നിർദ്ദേശിക്കുന്നത്. അതിനായി പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം പരിഷ്ക്കരിക്കണമെന്നും സ്വകാര്യ മൂലധന ശക്തികളുടെയും എൻജിഒകളുടെയും ഇടപെടൽ വിദ്യാഭ്യാസമണ്ഡലത്തിൽ സാധ്യമാക്കണമെന്നും സ്റ്റാർസ് പറയുന്നു. സ്റ്റാർസ് പ്രാരംഭ ഘട്ടത്തിൽത്തന്നെ നടപ്പിലാക്കപ്പെട്ട സംസ്ഥാനമാണ് കേരളം. കേരളത്തിൽ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന തട്ടിപ്പ് പദ്ധതിയിലൂടെ പ്രാദേശിക കമ്പോളത്തിന് കടന്നുവരാവുന്ന പാത ഇതിനോടകം ഒരുങ്ങിയിട്ടുണ്ട്. ചുരുക്കത്തിൽ, ബാലവേലയെ വ്യവസ്ഥാപിതവത്ക്കരിക്കുന്ന ക്രൂരതയാണ് സമയമാറ്റത്തിലൂടെ നടപ്പിലാക്കുവാൻ പോകുന്നത്.

## പരീക്ഷയും അധ്യാപനവും ഇല്ലാതാകുന്നു

കമ്പോളത്തിനാവശ്യമായ നൈപുണികൾ പരിശീലിക്കുന്ന, ആജീവനാന്ത പ്രക്രിയയായി വിദ്യാഭ്യാസ പ്രക്രിയയെ മാറ്റുമ്പോൾ വിലയിരുത്തലി(Evaluation)ന്റെ ഘടനയും സ്വാഭാവികമായും മാറും. അതിനാൽ ആത്യന്തികമായ വിലയിരുത്തലിനുള്ള പരീക്ഷാഘടന മാറിയേ പറ്റൂ. നിരന്തരമായ വിലയിരുത്തലും സെമസ്റ്റർ/മോഡ്യുലാർ

(ശേഷം 7-ാം പേജിൽ)

# വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും മാനവികതയെയും വരുംതലമുറയെയും രക്ഷിക്കാൻ ഒന്നിക്കുക

(6-ാം പേജിൽ നിന്ന്)

അടിസ്ഥാനത്തിലുള്ള വിലയിരുത്തലുമാണ് കേരളാ പാഠ്യപദ്ധതി ചർച്ചാക്കുറിപ്പ് നിർദ്ദേശിക്കുന്നത്. 'വിദ്യാർത്ഥിക്ക് അവരുടെ വളർച്ച അനസ്യൂതം ട്രാക്ക് ചെയ്യാനും അതിനനുസൃതമായി അവരുടെ കഴിവുകളും താത്പ്പര്യമേഖലകളും മനസ്സിലാക്കി മികച്ച തൊഴിൽ മേഖലകൾ തെരഞ്ഞെടുക്കുവാനും നിർമ്മിത ബുദ്ധി അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന്റെ സാധ്യതകൾ എന്തെല്ലാമാണ്?' (പേജ് 60) ഇതിനാവശ്യമായ ഹോളിസ്റ്റിക് പ്രോഗ്രസ് കാർഡ് തയ്യാറാക്കാനും പറയുന്നുണ്ട്. സ്റ്റാർസ് നിർദ്ദേശിക്കുന്ന മൂല്യനിർണ്ണയ സംവിധാനമായ പിസ(PISA-The Programme for International Students Assessment) യോട് ഏറെ ചേർന്നു നിൽക്കുന്നതാണ് ഈ വിലയിരുത്തൽ സംവിധാനം. അതത് കാലത്തെ കമ്പോളം ആവശ്യപ്പെടുന്ന മനുഷ്യവിഭവം സൃഷ്ടിക്കപ്പെടുന്നുണ്ടോയെന്ന പരിശോധനയാണ് ഇവിടെ ലക്ഷ്യം വെയ്ക്കുന്നത്. ലോകത്തെ വമ്പൻ മുതലാളിത്ത രാജ്യങ്ങളുടെ കച്ചവടക്കൂട്ടായ്മയായ ഓർഗനൈസേഷൻ ഓഫ് ഇക്കണോമിക് കോർപ്പറേഷൻ ആന്റ് ഡവലപ്പമെന്റ് (OECD)യുടെ നേതൃത്വത്തിലാണ് ഈ വിലയിരുത്തൽ നടക്കുന്നത്. ഇന്ത്യ ഈ കൂട്ടായ്മയിൽ അംഗമല്ലെങ്കിലും പിസ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായി നാഷണൽ അസെസ്മെന്റ് സെന്റർ ഫോർ സ്കൂൾ എഡ്യൂക്കേഷൻ (NACSE) സ്ഥാപിച്ചുകൊണ്ട് ഇന്ത്യയുടെ വിദ്യാലയങ്ങളെ ലോകകമ്പോളത്തിന് തുറന്നുകൊടുക്കാനുള്ള മാർഗ്ഗം കേന്ദ്ര സർക്കാർ ഒരുക്കിയിട്ടുണ്ട്. അതായത് വിദ്യാർത്ഥിയുടെ താത്പ്പര്യത്തിനനുസരിച്ചുള്ള തൊഴിൽ മേഖലയെന്നെല്ലാം കേരള പാഠ്യപദ്ധതി ചട്ടക്കൂട് ഭംഗ്യന്തരേണ പറയുമെങ്കിലും കമ്പോളമായിരിക്കും ഈ താല്പര്യങ്ങൾ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുകയെന്നത് നിസ്തർക്കമാണ്.

നൈപുണീ പരിശീലനത്തിന് സ്ഥിരാധ്യാപകരുടെ ആവശ്യമേയില്ല. ആധുനിക ബോധനശാസ്ത്രത്തിൽ അധ്യാപകനുള്ള ആധികാരികതയെ നിഷേധിച്ചുകൊണ്ടും അധ്യാപകനെ സഹായിയായി തരംതാഴ്ത്തിക്കൊണ്ടുമാണ് ഡിപിഇപി കടന്നുവന്നത്. പതിനൊന്ന് ലക്ഷത്തോളം അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുമ്പോഴും എൻഇപി അതിനെക്കുറിച്ച് നിശബ്ദത പാലിക്കുന്നതും അധ്യാപകരെ കമ്പോളവിദ്യാഭ്യാസത്തിനാവശ്യമില്ലായെന്നതിനാലാണ്. വിഭവസമാഹരണം ഏകോപിപ്പിച്ച് സ്കൂൾ നിലനിർത്തിക്കൊണ്ട് പോകുകയെന്നതാണ് പ്രധാനാധ്യാപകന്റെ ഉത്തരവാദിത്വം. അക്കാദമികമായല്ല, സാങ്കേതികമായ നിലനിൽപ്പാണ് പ്രധാനാധ്യാപകനുള്ളത്. പ്രാദേശിക തൊഴിൽ വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനെക്കുറിച്ച് നേരത്തെ പറഞ്ഞല്ലോ. സ്കൂൾ ബന്ധിക്കപ്പെട്ടിരിക്കുന്ന കമ്പോളത്തിന്റെ ആവശ്യകതകൾക്കനുസരിച്ചുള്ള കൂലിത്തൊഴിലാളിയായ നൈപുണീപരിശീലന സഹായി മാത്രമായിരിക്കും അധ്യാപകൻ. അധ്യാപകരുടെ എണ്ണം കുറയ്ക്കാനുള്ള നൂതനമാർഗ്ഗങ്ങൾ ഈ ഡോക്യുമെന്റുകളിൽ സുലഭമാണ്. ജനാധിപത്യബോധവും തൊഴിലവകാശങ്ങളുമുള്ള സ്ഥിരം അധ്യാപകരുടെ വംശത്തിന്റെ തായ്‌വേരിളക്കുന്നതാണ് കേരളാ പാഠ്യപദ്ധതി ചട്ടക്കൂടും.

## ഒന്നും രണ്ടും ക്ലാസുകളും ഹയർസെക്കന്ററിയും ഒറ്റക്കുടക്കീഴിൽ ഇല്ലാതാകുന്നു

വിദ്യാർത്ഥിയുടെ ശാരീരികവും മാനസികവുമായ വളർച്ചയെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ കാലങ്ങളായി നിലനിന്നിരുന്ന 10+2 എന്ന ഘടനയുടെ മാറ്റം എൻഇപി പറയുന്നുണ്ട്. പകരം 5+3+3+4 എന്ന ഘടനയാണ് നിലവിൽ വരുന്നത്.

മൂന്നുവർഷത്തെ അംഗനവാടിയും പ്രീപ്രൈമറിയും ഒന്നും രണ്ടും ക്ലാസുകളുമടങ്ങുന്ന ഫൗണ്ടേഷണൽ സ്റ്റേജ്, മൂന്ന് മുതൽ അഞ്ച് വരെ ക്ലാസുകളടങ്ങുന്ന പ്രിപ്രേറ്ററി സ്റ്റേജ്, ആറ് മുതൽ എട്ടുവരെ ക്ലാസുകൾ ചേരുന്ന മിഡിൽ സ്റ്റേജ്, ഒൻപതു മുതൽ പന്ത്രണ്ട് വരെ ചേരുന്ന ഹൈസ്കൂൾ. എന്ത് ശാസ്ത്രീയ യുക്തിയാണ് ഈ ഘടനാമാറ്റത്തിന് കാരണമെന്ന് എൻഇപിയുടെ വക്താക്കൾക്ക് പറയാനില്ല. പകരം മൈനസ് ടു മുതൽ പ്ലസ് ടു വരെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിയെന്നുള്ള പ്രചാരണം കൊണ്ടുപിടിച്ച് നടക്കുന്നുണ്ട്. എന്നാൽ നിലവിലെ സ്കൂൾ സമ്പ്രദായത്തിലൂടെ ലഭിക്കേണ്ട പരിമിതമായ വിദ്യാഭ്യാസത്തെപ്പോലും ഇല്ലാതാക്കുകയാണ് പുതിയ ഘടന. ഒന്ന്, രണ്ട്, ഹയർസെക്കന്ററി ക്ലാസുകളിലെ വിദ്യാഭ്യാസം ഇതോടെ പൂർണ്ണമായും ഇല്ലാതാകും. ദേശീയ വിദ്യാഭ്യാസ നയം എട്ടാം ക്ലാസിനെ ടെർമിനൽ സ്റ്റേജായാണ് കാണുന്നത്. കേരളത്തിന്റെ പ്രത്യേകസാമൂഹ്യ സാഹചര്യത്തിൽ പ്ലസ്ടുവാണ് ടെർമിനൽ സ്റ്റേജായി സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അങ്ങേയറ്റം അനൗപചാരികവത്ക്കരിക്കപ്പെട്ട ഒന്നാണ് ഒൻപതാം ക്ലാസു മുതൽ പന്ത്രണ്ട് വരെയുള്ള ഹൈസ്കൂൾ ഘട്ടം. വിഷയബന്ധിത പഠനമോ നിർബന്ധിത പഠനമോ ഇവിടെയില്ല. കമ്പോള സാധ്യതകൾക്കനുസരിച്ച് വിഷയങ്ങൾ തെരഞ്ഞെടുക്കാവുന്ന സെമസ്റ്ററുകളായുള്ള കുത്തഴിഞ്ഞ സംവിധാനമാണിത്. പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പൊതു പരീക്ഷകളും ഇതോടെ അപ്രത്യക്ഷമാകും.

ഒന്ന്, രണ്ട് ക്ലാസുകളാകട്ടെ പ്രീപ്രൈമറിയുടേയോ അംഗനവാടിയുടെയോ തലത്തിലേക്ക് മാറ്റുകയാണ്. നിലവിൽ സാമൂഹ്യ വികസന ശേഷി വകുപ്പിന്റെ

## പാഠ്യപദ്ധതി ചട്ടക്കൂടും NEP 2020 ഉം

കീഴിൽ കുട്ടികളുടെയും അമ്മമാരുടെയുമെല്ലാം പൂരകപോഷകാഹാരമുൾപ്പടെയുള്ളവ ഉറപ്പാക്കുവാനുള്ള സംവിധാനമാണ് അംഗനവാടികൾ. നിലവിൽത്തന്നെ നിലനിൽക്കാനായി കഷ്ടപ്പെടുന്ന ഈ സംവിധാനം പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമല്ല, അങ്ങനെയാകാനും തരമില്ല. കുഞ്ഞുങ്ങളെ ഔപചാരിക പഠനത്തിന് തയ്യാറെടുപ്പിക്കുകയെന്നതാണ് പ്രീപ്രൈമറി ഘട്ടത്തിന്റെ ഉത്തരവാദിത്തം. ഇത് കുഞ്ഞിന്റെ സാമൂഹ്യ ജീവിതത്തിലേക്കുള്ള പ്രവേശികയാണ്. കളികളിലൂടെയും പ്രവൃത്തിയിലൂടെയുമെല്ലാമാണ് ഇവിടെ പഠനം നടക്കുക.

എന്നാൽ ആറ് വയസ്സ് മുതൽ, അതായത് ഒന്നാം ക്ലാസ് മുതൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കണം. കുഞ്ഞിന്റെ മസ്തിഷ്ക വികാസത്തിന്റെ ഈ നിർണ്ണായക ഘട്ടത്തിൽ വിദ്യാഭ്യാസം നിഷേധിക്കുകയാണ് ഫൗണ്ടേഷണൽ സ്റ്റേജ് എന്ന ഘടനാമാറ്റത്തിലൂടെ എൻഇപി ചെയ്യുന്നത്. മൈനസ് ടു മുതൽ പ്ലസ് ടു വരെ ഒറ്റക്കുടക്കീഴിലാക്കുമെന്ന് ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ഒന്നാം ഭാഗം പറയുന്നുണ്ട്.

പാഠ്യപദ്ധതി ചട്ടക്കൂടിനെ സംബന്ധിച്ചുള്ള ചർച്ചാക്കുറിപ്പിൽ ശൈശവകാലവിദ്യാഭ്യാസം എന്ന ഭാഗത്തിൽ ഒന്ന്, രണ്ട് ക്ലാസുകളെ ഉൾപ്പെടുത്തുക വഴി ഈ ഘടനാമാറ്റം സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നുണ്ട്. 'ഓരോ കുട്ടിയും മൂന്നാം ക്ലാസിലെത്തുമ്പോഴേക്കും അടിസ്ഥാന പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തണമെന്നും' ചർച്ചാക്കുറിപ്പ് അനുശാസിക്കുന്നുണ്ട്. ഒന്ന്, രണ്ട് ക്ലാസുകളിൽ പഠനമില്ല, മറിച്ച് എൻഇപി പറയുന്നപോലെ അയവാർന്നതും ബഹുമുഖവും പലതരത്തിലുള്ള കളികളിലും പ്രവർത്തനത്തിലും അധിഷ്ഠിതമായ അങ്കണവാടി സമ്പ്രദായം മാത്രമാണുണ്ടാകുകയെന്ന് ഇതിലൂടെ വ്യക്തം. എൻഇപി നിർദ്ദേശിക്കുന്നത് പ്രകാരം ഈ ഘട്ടത്തിൽ പ്രിപ്രൈമറി, പ്രൈമറി, വിദ്യാഭ്യാസ പരിശീലന യോഗ്യത നേടിയ അദ്ധ്യാപകർ വേണമെന്നില്ല എന്നാണ്. 10+2 യോഗ്യതയുള്ളവർക്ക് ആറ് മാസത്തെ പരിശീലനവും അതിലും കുറഞ്ഞ യോഗ്യതയുള്ളവർക്ക് ആദ്യകാല സാക്ഷരത, സംഖ്യാബോധം എന്നിവ ഉൾക്കൊള്ളുന്ന ഒരു വർഷത്തെ പരിശീലനവും നൽകി നിയമിക്കും.

കലാവിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം തുടങ്ങിയ വാചാടോപങ്ങളും ചർച്ചാക്കുറിപ്പിൽ അനുബന്ധമായി കാണാനാകും. കലാ-കായിക വിദ്യാഭ്യാസത്തിനായുള്ള ലക്ഷക്കണക്കിന് രൂപയുടെ എസ്എസ്എ ഫണ്ടിൽ ഒരു രൂപപോലും ചെലവഴിക്കാതെ ലാപ്സാക്കിക്കളഞ്ഞ അതേയാളുകളാണ് തങ്ങൾ നടത്തുന്ന നിഷ്ഠുരമായ ആക്രമണത്തിൽനിന്ന് ശ്രദ്ധ തിരിക്കാനെന്നോണം ഇത്തരം വിഷയങ്ങൾ തിരുകിക്കയറ്റുന്നത്. പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണം തുടങ്ങിയ പ്രഘോഷണങ്ങളുടെയും സാംഗത്യം വ്യത്യസ്തമല്ല.

**പതിനൊന്ന് ലക്ഷത്തോളം അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുമ്പോഴും എൻഇപി അതിനെക്കുറിച്ച് നിശബ്ദത പാലിക്കുന്നത് അധ്യാപകരെ കമ്പോളവിദ്യാഭ്യാസത്തിനാവശ്യമില്ല എന്നതിനാലാണ്. വിഭവസമാഹരണം ഏകോപിപ്പിച്ച് സ്കൂൾ നിലനിർത്തിക്കൊണ്ട് പോകുകയെന്നതു മാത്രമാണ് പ്രധാനാധ്യാപകന്റെ ഉത്തരവാദിത്തം. കമ്പോളത്തിന്റെ ആവശ്യകതകൾക്കനുസരിച്ചുള്ള നൈപുണീ പരിശീലന സഹായി മാത്രമായിരിക്കും അധ്യാപകൻ.**

## ദേശീയ വിദ്യാഭ്യാസ നയത്തിന് നമ്മുടെ വിദ്യാഭ്യാസത്തെ ഒറ്റികൊടുക്കുന്ന നവകേരള മാതൃക

ഡിപിഇപി മുതലുള്ള വിദ്യാഭ്യാസ വിധ്വംസക നയങ്ങളുടെ വിശ്വസ്തരായ നടത്തിപ്പുകാരാണ് തൊണ്ണൂറുകൾ മുതൽ കേരളം മാറിമാറി ഭരിച്ച ഇരുമുന്നണികളും. കേന്ദ്ര തലത്തിൽ ബിജെപിയും അവരുടെ ഭാഗം തൃപ്തികരമായി നിറവേറ്റി. എന്നാൽ ദേശീയ വിദ്യാഭ്യാസനയത്തിനെതിരെ അഖിലേന്ത്യാ തലത്തിൽ സമരരംഗത്തുള്ള സിപിഐ(എം)-സിപിഐ പ്രസ്ഥാനങ്ങൾ നേതൃത്വം നൽകുന്ന എൽഡിഎഫ് സർക്കാർ നിർലജ്ജം കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ ഒറ്റിക്കൊടുക്കുന്ന കാഴ്ചയാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂടുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ചർച്ചാക്കുറിപ്പിലൂടെയും ഖാദർ കമ്മിറ്റി റിപ്പോർട്ടിലൂടെയും ഉന്നതവിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടുകളിലൂടെയുമെല്ലാം കാണുന്നത്. എൽഡിഎഫ് സഹയാത്രികരായിരുന്ന വലിയൊരു വിഭാഗം അധ്യാപകരും വിദ്യാർത്ഥികളും വിദ്യാഭ്യാസ സ്നേഹികളും നിർലജ്ജമായ ഈ ഇരട്ടത്താപ്പിൽ വെന്തുരുകുന്നുണ്ട്.

പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെ ഇന്ത്യൻ ജനതയുടെ തലയിൽ അടിച്ചേൽപ്പിക്കപ്പെട്ട ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പിലാക്കില്ലെന്ന് നിയമസഭയിൽ ഒരു പ്രമേയം പാസാക്കാനെങ്കിലും ഭരണത്തിലിരിക്കുന്ന ഒരേയൊരു സംസ്ഥാനമായ കേരളത്തിൽ എൽഡിഎഫിന് കഴിയാതെ പോയതെന്തുകൊണ്ട്? ഫെഡറലിസത്തിനുവേണ്ടി കണ്ണുക്ഷോഭം നടത്തുന്ന ഇക്കൂട്ടർ അതിനു മുതിരാതിരുന്നതെന്താണ് ? വോട്ടുബാങ്ക് തേടിയാണെങ്കിലും പൗരത്വനിയമ ഭേദഗതിക്കെതിരെയും കാർഷിക നിയമങ്ങൾക്കെതിരെയും അത്തരമൊരു നീക്കം കേരളത്തിലുണ്ടായിട്ടുണ്ടല്ലോ. ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ സമരം ചെയ്യുന്ന ഇതര സംസ്ഥാനങ്ങളിലെ തങ്ങളുടെ പ്രവർത്തകർക്ക് പ്രതീക്ഷയായി ഒരു ചെറുവിരലനക്കാൻ പോലും തയ്യാറാകാതിരുന്നതെന്തുകൊണ്ട്? പകരം, നാം എന്താണ് കാണുന്നത്. ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ചർച്ചാ പ്രഹസനങ്ങൾ നടത്തുന്നു. എന്ത് ഇടതുപക്ഷീയതയാണ് ഇതിലുള്ളത്. വിശ്വാസവഞ്ചനയല്ലേ ഇത്?

ലോകബാങ്കിന്റെ ഡോളർ വാങ്ങി നമ്മുടെ വിദ്യാഭ്യാസരംഗത്തെ ആഗോളമുതലാളിത്തത്തിന്റെ താത്പ്പര്യങ്ങൾക്ക് അടിയറവെച്ചതിന്റെ പാപക്കറ ഭരണത്തിലിരുന്ന എല്ലാ മുന്നണികളുടെയും കൈകളിലുണ്ട്. മുതലാളിത്തത്തിന്റെ പാദസേവകർ എന്ന നിലയിൽ അവരിന്നും ഈ ഉത്തരവാദിത്വം തുടരുകയാണ്. ഇവിടെ നമ്മുടെ സ്കൂളുകളെ, കോളേജുകളെ, സർവകലാശാലകളെ, വിദ്യാഭ്യാസത്തെ, വരുംതലമുറകളെ സംരക്ഷിക്കാൻ സങ്കുചിതമായ എല്ലാ താത്പ്പര്യങ്ങൾക്കും അതീതമായി ജനങ്ങൾ ഒന്നിക്കേണ്ടതുണ്ട്. ദേശീയ വിദ്യാഭ്യാസനയത്തിനെതിരായ പ്രതിരോധ സമിതികളിൽ ഒന്നിച്ചുകൊണ്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും വിദ്യാഭ്യാസ സ്നേഹികളും സമരസജ്ജരാകേണ്ടതുണ്ട്. ഡിപിഇപിക്കെതിരെ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ നേതൃത്വം നൽകിയ ജനകീയ പ്രതിരോധ സമിതി വളർത്തിയെടുത്ത പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രക്ഷോഭത്തിന്റെ മാതൃകയിൽ കൂടുതൽ സുശക്തമായ സമരനിര പടുത്തുയർത്തിക്കൊണ്ടു മാത്രമേ നമുക്ക് ഈ ഭീഷണമായ സാഹചര്യത്തെ ചെറുക്കാനാകൂ. ■

# ആയുധക്കച്ചവടത്തിലെ കുതിച്ചുചാട്ടം വിപത്കരമായ സൂചന

പ്രധാനമന്ത്രിയുടെ സംസ്ഥാനമായ ഗുജറാത്തിൽ ഭരണകക്ഷിയായ ബിജെപിയുടെ നേതൃത്വത്തിൽ DefExpo22 എന്ന പേരിൽ ഒരു ആയുധ മേള ഇക്കഴിഞ്ഞ ഒക്ടോബറിൽ നടക്കുകയുണ്ടായി. പൊതുമേഖലയിൽനിന്നും സ്വകാര്യമേഖലയിൽ നിന്നുമായി 1300ഓളം കമ്പനികൾ ഈ മേളയിൽ പങ്കെടുത്തു. ഗുജറാത്തിൽ നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്ക് മേൽക്കൈ നേടാനും പ്രധാനമന്ത്രിയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കാനും വേണ്ടിയാണ് ഇതിപ്പോൾ സംഘടിപ്പിക്കുന്നതെന്നാണ് പൊതുവേ പറയപ്പെടുന്നത്. ഇന്ത്യയെ ആയുധ മേഖലയിലെ ഒരു വമ്പൻ ശക്തിയാക്കി മാറ്റിത്തീർക്കുകയാണ് പ്രഖ്യാപിതലക്ഷ്യം. 2025ഓടെ ഇന്ത്യയിൽ നിന്നുള്ള ആയുധക്കയറ്റുമതി അഞ്ച് ബില്യൺ ഡോളറിലെത്തിക്കാനാണ് ശ്രമം. "ഇന്ത്യ പ്രതിരോധ മേഖലയിൽ കാണുന്നത് സാദ്ധ്യതകളുടെ അനന്തവിഹായസ്സാണ്", എന്നാണ് നമ്മുടെ പ്രധാനമന്ത്രി പ്രസ്താവിച്ചിരിക്കുന്നത്. ഇതേരീതിയിലായിരുന്നു പ്രതിരോധമന്ത്രിയും അവിടെ സംസാരിച്ചത്: " നാമിന്ന് പ്രതിരോധഉപകരണങ്ങളുടെഡിസൈൻ, ഉല്പാദനം, വിപണനം എന്നിവയിൽ ഒരു ആഗോള ശക്തിയായി മാറിക്കൊണ്ടിരിക്കുകയാണ്... പ്രതിരോധാവശ്യങ്ങൾക്കായി ഏറ്റവുമധികം ഇറക്കുമതി ചെയ്തിരുന്ന നമ്മളിന്ന് ആയുധങ്ങൾ കയറ്റിയയച്ച് തുടങ്ങിയിരിക്കുന്നു..." ഇന്ത്യയിൽ നിർമ്മിക്കുക(Make in India) എന്ന നയത്തിന്റെ ഫലമാണ് പ്രതിരോധ മേഖലയിലെ ഈ മുന്നേറ്റമെന്നും മന്ത്രി കൂട്ടിച്ചേർത്തു. അമ്പത്തിരണ്ടോളം ആഫ്രിക്കൻ രാജ്യങ്ങളിൽ ആയുധവിപണി കണ്ടെത്താൻ ഈ മേള സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇത് ഇന്ത്യൻ പ്രതിരോധ മേഖലയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ഉണർവ്വിന്റെ കാലമാണെന്നും താമസിയാതെ പ്രതിരോധ ഉപകരണങ്ങളുടെ ഉല്പാദനത്തിന്റെ പ്രധാന കേന്ദ്രമായി ഇന്ത്യ മാറുമെന്നും അദ്ദേഹം പറയുകയുണ്ടായി. 2025ഓടെ 1.75ലക്ഷം കോടി രൂപയുടെ ഉല്പാദനമാണത്രെ ലക്ഷ്യം വയ്ക്കുന്നത്; മുക്കാൽ പങ്കം പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നായിരിക്കും. ഇതിൽ 35,000 കോടിരൂപയുടെ ഉല്പന്നങ്ങൾ കയറ്റുമതിക്ക് വേണ്ടിയായിരിക്കുമത്രേ.

പ്രതിരോധമേഖലയിൽസ്വയം പര്യാപ്തത നേടുന്ന രാജ്യമായി മാറിക്കൊണ്ടിരിക്കുന്ന എന്ന് കാണിക്കാനാണ് പ്രധാനമന്ത്രിയും പ്രതിരോധമന്ത്രിയും ശ്രമിച്ചത്. ഇതിന് അനുസൃതമായ നയങ്ങളാണ് ഗവണ്മെന്റ് കഴിഞ്ഞ ഏതാനും വർഷങ്ങളായി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രതിരോധ മേഖലയിൽ നിക്ഷേപിക്കുന്നതിനുള്ള പ്രക്രിയകൾ ഉദാരമാക്കിയിട്ടുണ്ട്; കമ്പനികൾക്ക് 74 ശതമാനംവരെയും ഗവണ്മെന്റുകൾക്ക് നൂറ് ശതമാനവും ഇന്ത്യയിൽ പ്രതിരോധ മേഖലയിൽ നിക്ഷേപിക്കാൻ അനുമതി നല്കിയിട്ടുണ്ട്. സ്റ്റോക്ക്ഹോമിലെ ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ(SPRI) കണക്കനുസരിച്ച് 2017-21 കാലഘട്ടത്തിൽ പ്രതിരോധ ഉപകരണങ്ങളുടെ കയറ്റുമതിയിൽ 23-ാം സ്ഥാനത്താണ് ഇന്ത്യ. ഇന്ത്യൻ സമ്പദ്ഘടനയെ അടിമുടി സൈനികവത്കരിക്കാനും അതോടൊപ്പംതന്നെ സ്വന്തം നിലയിൽ ഒരു സൈനിക ശക്തിയായി മാറാനുമുള്ള ബിജെപി ഗവണ്മെന്റിന്റെ പരിശ്രമമാണ് ഇതിന് പിന്നിൽ. ഇന്ത്യയുടെ സൈനിക ഉപകരണങ്ങൾ ആഗോള നിലവാരത്തിലുള്ളതാണെന്ന് പ്രദർശിപ്പിക്കാനും അതുവഴി അതിന് പുതിയ ആവശ്യക്കാരെ സൃഷ്ടിക്കാനും അവർ ആഗ്രഹിക്കുന്നു. ഇങ്ങനെ രാഷ്ട്രീയമായും സാമ്പത്തികമായും ലാഭമുണ്ടാക്കാനുള്ള ഒരു സാമ്രാജ്യത്വ കർമ്മ പദ്ധതിയുടെ ഭാഗമാണ് ഈ മേള.

ഇന്ത്യയുടെ ആയുധക്കയറ്റുമതി കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ വലിയതോതിൽ വർദ്ധിച്ചിട്ടുണ്ട്. 2021-22ൽ 12,815 കോടിരൂപയുടെആയുധങ്ങളാണ്ഇന്ത്യ കയറ്റി അയച്ചത്. തൊട്ടുമുൻപത്തെ വർഷത്തെ അപേക്ഷിച്ച് ഒന്നര മടങ്ങിന്റെ വർദ്ധനയാണിത്. ഇതിന്റെ എഴുപത് ശതമാനവും സ്വകാര്യ മേഖലയിൽ നിന്നുമായിരുന്നു. ലോക്സഭയിൽ പ്രതിരോധ മന്ത്രി പ്രസ്താവിച്ചതുപ്രകാരം(2021 മാർച്ച 10) 84 രാജ്യങ്ങളിലേക്ക് ഇന്ത്യ ആയുധം കയറ്റി അയയ്ക്കുന്നുണ്ട്. ഇതിൽ റഷ്യ, ഫ്രാൻസ്, ഇറ്റലി, ഇസ്രയേൽ തുടങ്ങിയ വികസിത രാജ്യങ്ങളും ഉൾപ്പെടും. വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ, പ്രതിരോധാവശ്യത്തിനുള്ള ഇലക്ട്രോണിക്സ്, ഉൾക്കടൽ യാത്രക്കാവശ്യമായ ബോട്ടുകൾ, ആധുനിക ഹെലിക്കോപ്റ്ററുകൾ, വ്യോമയാത്രയ്ക്കുള്ള പ്രത്യേക വസ്ത്രങ്ങൾ, റേഡിയോ, റഡാർ സിസ്റ്റം തുടങ്ങിയവയാണ് ഇന്ത്യ കയറ്റുമതി ചെയ്യുന്നത്. ഇക്കഴിഞ്ഞ ജനുവരിയിൽ ബ്രഹ്മോസ് മിസൈലുകൾ നൽകാനായി ഫിലിപ്പൈൻസുമായി 375 മില്യൺ ഡോളറിന്റെ (ഏകദേശം 2770 കോടിരൂപ) കരാറൊപ്പിട്ടിരിക്കുന്നു. ഇന്തോനേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളുമായി സമാനമായ കരാറുകൾ ഒപ്പിടാൻ സാദ്ധ്യതയുണ്ട്.

അവശ്യ സാധനങ്ങളുടെ ഉല്പാദന മേഖലയിൽ നിക്ഷേപം കുറഞ്ഞുവരുമ്പോഴാണ് പ്രതിരോധ മേഖലയിൽ നിക്ഷേപവും ഉല്പാദനവും വൻതോതിൽ വർദ്ധിക്കുന്നത് എന്നുകാണാം(എൻഡിടിവി-10.03.2022). ഒരു കാലത്ത്

(ശേഷം 9-ാം പേജിൽ)

# ഹിന്ദുത്വ അജണ്ട നടപ്പാക്കാൻ പൊതുഖജനാവിനെ കൊള്ളയടിക്കുന്ന ബിജെപി – ആർഎസ്എസ് – സംഘപരിവാർ

ഹിന്ദുമതപരമായ പദ്ധതികളിൽ പൊതുപണം ചിലവഴിക്കുന്നതിൽ കേന്ദ്രത്തിലെ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ധാരാളിത്തം കാണിക്കുകയാണ്. പൊതു ഖജനാവിനെ ദുരുപയോഗം ചെയ്തുകൊണ്ട് മോദി സർക്കാർ തങ്ങളുടെ ഹിന്ദുത്വ ദൗത്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില മതപരമായ പദ്ധതികൾ ഇവയാണ് - 2022 ഒക്ടോബർ 11ന് ആരംഭിച്ച ഉജ്ജയിനിലെ മഹാകാൽ ലോക് (850 കോടി രൂപ), 2022 ജൂൺ 18ന് തുടങ്ങിയ ഗുജറാത്തിലെ 125 കോടിയുടെ കലിക മഹാക്ഷേത്രം, 2021 ഡിസംബർ 13ന് ആരംഭിച്ച 750 കോടിയുടെ കാശി വിശ്വനാഥ ക്ഷേത്ര ഇടനാഴി, 2020 ഓഗസ്റ്റിൽ തുടങ്ങിയ 1800 കോടി ചിലവ് പ്രതീക്ഷിക്കുന്ന അയോധ്യയിലെ രാമക്ഷേത്രം, 2021 നവംബർ 5ന് തുടങ്ങിയ കേദാർനാഥ് ആദി ശങ്കരാചാര്യരുടെ പ്രതിമ (34.78 കോടി), 2022 ഒക്ടോബർ 9ന് ആരംഭിച്ച ഗുജറാത്തിലെ മൊധേറ മെഹ്സാനയിലെ സൂര്യക്ഷേത്രം (3900 കോടി), 2019 ഓഗസ്റ്റിൽ ആരംഭിച്ച ബഹറിനിലെ ശ്രീനാഥ്ജി ക്ഷേത്രം (34.42 കോടി), 2018 ഫെബ്രുവരി 11ന് ആരംഭിച്ച അബുദാബിയിലെ 888 കോടി രൂപയുടെ ബോച്ച സൻവാസി ശ്രീ അക്സർ പുരുഷോത്തം സ്വാമി നാരായണൻ സൻസ്ഥ ക്ഷേത്ര പദ്ധതി. സാംസ്കാരിക - ടൂറിസം മന്ത്രാലയം 2021-ൽ പാർലമെന്റിൽ അറിയിച്ചത്, പുരാതന ക്ഷേത്രങ്ങളുടെ പരിപാലനത്തിനും സൗന്ദര്യവൽക്കരണത്തിനും അവർ ഒരു വർഷം 435.6 കോടി രൂപ ചെലവാക്കുന്നുവെന്നാണ്.

യുപിയിലെ ബിജെപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, തന്റെ ആദ്യകാലയളവിൽ സംസ്ഥാനത്ത് രാം-കൃഷ്ണ-ബുദ്ധ ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിനായി 1240 കോടിയാണ് മാറ്റിവെച്ചത്. 2019-20 വർഷത്തിൽ അദ്ദേഹത്തിന്റെ സർക്കാർ ഈ പദ്ധതിയിലെ നല്ലൊരു തുക (300 കോടിയിലധികം) അയോധ്യയ്ക്കായി മാറ്റിവെച്ചു. 125 കോടിയിലധികം രൂപ യുപി ബ്രിജ് തീർത്ഥ, അതായത് മഥുര - വൃന്ദാവൻ സർക്യൂട്ടിനായും മാറ്റിവെച്ചു. ഹിന്ദു ആരാധനാ സ്ഥലങ്ങൾക്ക് വ്യക്തമായ ഉത്സാഹത്തോടെയുള്ള ഊന്നൽ നൽകുന്നു. മറ്റൊരു ശ്രദ്ധേയമായ കാര്യം യോഗി ആദിത്യനാഥിനെ ആരാധിക്കുന്നതിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു ക്ഷേത്രം അയോധ്യ ജില്ലയിൽ ഉണ്ടായി വന്നിരിക്കുന്നു എന്ന വസ്തുതയാണ്. അവിടെ യോഗി ആദിത്യനാഥിനെ ഒരു ദൈവത്തിന്റെ നിലയിലേക്ക് ഉയർത്തിയിരിക്കുന്നു എന്ന് കാണാം. ഭാരത്കുണ്ഡിലെ ഈ ക്ഷേത്രത്തിൽ നിന്നുള്ള ചിത്രങ്ങളിൽ ഭഗവാൻ രാമന്റെ അവതാരം എന്ന നിലയിലാണ് യോഗിയെ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞവർഷത്തെ സ്വാതന്ത്ര്യ ദിനത്തിൽ പൂനയിലെ ഒരു ബിജെപി പ്രവർത്തകൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ആരാധിക്കുന്നതിനുള്ള ഒരു ക്ഷേത്രം തുടങ്ങിയിരുന്നു.

മതേതര-ജനാധിപത്യ രാജ്യമെന്ന് ഭരണഘടന അനുശാസിക്കുന്ന ഒരു രാജ്യത്ത് ഹിന്ദു സന്യാസിമാരുടെ പോലെ തന്നെ കാവി വസ്ത്രം ധരിക്കുന്ന യോഗി ആദിത്യനാഥ്, പരസ്യമായി ഹിന്ദു മുദ്രകൾ പ്രദർശിപ്പിക്കുന്നത് ആർക്കാണ് അറിയാത്തത്. ഇക്കാര്യത്തിൽ പ്രധാനമന്ത്രി മോദിയും ഒട്ടും പിന്നിലല്ല. 2022 ഒക്ടോബർ 11 ന ഉജ്ജയിനിലെ മഹാകാൽ ലോക് ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന് നെറ്റിയിൽ ശിവചിഹ്നമായ ചന്ദനവും ഭസ്മവും മഞ്ഞളും കുങ്കുമവും വാരി പൂശി, ചുമലിൽ കാവിഷാളും രുദ്രാക്ഷ മാലയും അണിഞ്ഞാണ് അദ്ദേഹം ആധ്യക്ഷം വഹിച്ചത്. അതേപോലെതന്നെ, പൂർണമായും മതപരമായ വേഷങ്ങൾ ധരിച്ചാണ് വാരണാസിയിലെ കാശി വിശ്വനാഥ് ക്ഷേത്ര ഇടനാഴി മോദി ഉദ്ഘാടനം ചെയ്തത്. 2020 ഓഗസ്റ്റിൽ പ്രധാനമന്ത്രി എന്ന നിലയിൽ തന്നെയാണ് അയോധ്യയിലെ രാമജന്മഭൂമി എന്ന് പറയപ്പെടുന്നയിടത്തെ ക്ഷേത്രനിർമ്മാണത്തിനുള്ള ഭൂമി പൂജയ്ക്ക് മോദി ആധ്യക്ഷം വഹിച്ചത്. അതാകട്ടെ ദീർഘകാലമായി വർഗീയ സംഘർഷങ്ങൾക്കും മതപരമായ ധ്രുവീകരണത്തിനും രാജ്യത്തുടനീളവും, വിശേഷിച്ചും ഏറ്റവും ഹീനമായ ന്യൂനപക്ഷ വിരുദ്ധ പരിപാടിയായി ഗുജറാത്തിലും ഒക്കെ സംഭവിച്ചതിന്റെ ഉദ്ഭവസ്ഥാനം കൂടിയായിരുന്നു.

2022 ജൂൺ 18ന് ഗുജറാത്തിലെ പവഗഡ് ഹിൽസിൽ പുതുക്കിപ്പണിത കലിക മാതാ ക്ഷേത്രത്തിന്റെ മുകളിൽ പ്രധാനമന്ത്രി മോദി കൊടി ഉയർത്തി. അതിനുശേഷം അദ്ദേഹം പറഞ്ഞു, "കാളി മാതാവിന്റെ ഈ ക്ഷേത്രത്തിൽ അഞ്ച് നൂറ്റാണ്ടിനു ശേഷം, സ്വാതന്ത്ര്യത്തിന് 75 വർഷങ്ങൾക്ക് ശേഷവും, കൊടിയുയർത്തിയത് നിങ്ങൾക്ക് കാണാം... നൂറ്റാണ്ടുകൾ മാറാം, യുഗങ്ങൾ മാറാം, പക്ഷേ വിശ്വാസത്തിന്റെ കൊടുമുടി അനശ്വരമായി നിലനിൽക്കും എന്ന വസ്തുതയുടെ പ്രതീകമാണ് ഇത്", അദ്ദേഹം കൂട്ടിച്ചേർത്തു, "അയോധ്യയിൽ രൂപം കൊണ്ടുവരുന്ന വമ്പിച്ച രാമക്ഷേത്രം നിങ്ങൾ കണ്ടു കാണും. കാശി വിശ്വനാഥ ക്ഷേത്രമോ ഉത്തരാഖണ്ഡിലെ കേദാർ ബാബ ക്ഷേത്രമോ ആയിക്കോട്ടെ, ഇന്ന് ഇന്ത്യയുടെ സാംസ്കാരികവും ആത്മീയവുമായ പ്രതാപം പുനരുദ്ധരിക്കുകയാണ്... പുതിയ ഇന്ത്യ... ആധുനിക അഭിലാഷങ്ങളോടൊപ്പം തങ്ങളുടെ പുരാതന പാരമ്പര്യവും സ്വത്വവും അതെ തീക്ഷ്ണതയോടും ഉത്സാഹത്തോടും തുടരുന്നു. അതിലോരോ ഇന്ത്യക്കാരനും അഭിമാനിക്കുന്നു. ഈ ആത്മീയ കേന്ദ്രങ്ങൾ നമ്മുടെ വിശ്വാസത്തിനൊപ്പമുള്ള പുതിയ സാധ്യതകളുടെ മാധ്യമമായി മാറിക്കൊണ്ടിരിക്കുകയാണ്."

2022 ഒക്ടോബർ 11ന് പ്രധാനമന്ത്രി മോദി ഉജ്ജയിനിലെ മഹാകാലേശ്വർ ക്ഷേത്രത്തിൽ മഹാകാൽ ലോക് ഇടനാഴി ഉദ്ഘാടനം ചെയ്യുന്നതിനിടയിൽ അവിടെ കൂടിയ ഭക്തജനങ്ങൾക്ക് മുമ്പാകെ, "ഹർ ഹർ മഹാദേവ്", " ശ്രീ മഹാകാൽ" തുടങ്ങിയ ശിവസ്തുതികൾ മുഴക്കിക്കൊണ്ട്, "നമ്മുടെ ജ്യോതിർലിംഗങ്ങളുടെ ഈ വികസനം... ഇന്ത്യയുടെ ആത്മീയ ജ്വാലയുടെ വികസനമാണ്. ഇത് ഇന്ത്യയുടെ വിജ്ഞാനത്തിന്റെയും അതിന്റെ ദർശനത്തിന്റെയും വികസനമാണ്. ഇന്ത്യയുടെ സാംസ്കാരിക ദർശനം ഒരിക്കൽ കൂടി കൊടുമുടിയിൽ എത്തുകയും ലോകത്തെ നയിക്കാൻ തയ്യാറെടുക്കുകയും ചെയ്യുന്നു." അതായത്, ബിജെപിക്കാരനായ നമ്മുടെ പ്രധാനമന്ത്രി, ഹിന്ദുമതത്തിൽ അധിഷ്ഠിതമായി, കൃത്യമായി പറഞ്ഞാൽ അടിമുടി വർഗീയവും പിന്തിരിപ്പനുമായ ഹിന്ദുത്വ എന്ന ആശയ സംഹിതയിൽ അധിഷ്ഠിതമായി ലോകത്തെ നയിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഈ ഹിന്ദുത്വ, മതപരമായ അനുശാസനമേയല്ല. പകരം ഹീനമായ ഒരു രാഷ്ട്രീയ അജണ്ടയെ സംരക്ഷിക്കുവാനുള്ള സൗകര്യപ്രദമായ ഒരു ആയുധം മാത്രമാണ്. ■

(ഉറവിടം: ന്യൂസ് 18, 15-10-22)

# തോക്കോ തൂലികയോ ആയുധമാക്കുന്ന നക്സലിസത്തെ ഉന്മൂലനം ചെയ്യുമെന്ന നരേന്ദ്രമോദിയുടെ മുന്നറിയിപ്പ് എതിരഭിപ്രായങ്ങൾക്ക് കടിഞ്ഞാണിടാനുള്ള അപകടകരമായ നീക്കം

"ഏതു തരത്തിലുള്ള നക്സലിസത്തെയും, അത് തോക്കേന്തുന്നുള്ളതോ തൂലിക കൊണ്ടുള്ളതോ ആകട്ടെ, ഉന്മൂലനം ചെയ്യേണ്ടതുണ്ട്. രാജ്യത്തെ വഴിതെറ്റിക്കുന്നതിൽ നിന്ന് അവരെ തടയാൻ അതാവശ്യമാണ്" - 2022 ഒക്ടോബർ 27ന് ഫരീദാബാദിൽ നടന്ന ഒരു "ചിന്തൻശിബിര"ത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും ആഭ്യന്തര മന്ത്രിമാരെയും ഡിജിപിമാരെയും ഉദ്ബോധിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞ വാക്കുകളാണിത്. ക്രമസമാധാന പാലന സംവിധാനം ശക്തിപ്പെടുത്തുന്നതിനായി തന്റെ ഗവണ്മെന്റ് പല പരിഷ്കാരങ്ങളും നടപ്പിലാക്കിയെന്നും അതൊക്കെ രാജ്യത്ത് സമാധാനാന്തരീക്ഷം നിലനിർത്താൻ സഹായകമായിട്ടുണ്ടെന്നും മോദി അവകാശപ്പെട്ടു. "ഭീകരതയ്ക്കെതിരായ നിർണ്ണായക പോരാട്ടങ്ങളിൽ യുഎപിഎ (നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം)പോലുള്ള നിയമങ്ങൾ ഭരണസംവിധാനത്തിന് കരുത്തേകിയിട്ടുണ്ടെ"ന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യുഎപിഎ എന്ന ഈ കരിനിയമപ്രകാരം അന്വേഷണ ഏജൻസികൾക്ക് കുറ്റപത്രം സമർപ്പിക്കാൻ 180 ദിവസം ലഭിക്കും. സാധാരണ ക്രിമിനൽ നിയമപ്രകാരം ഇത് 60 മുതൽ 90 വരെ ദിവസമാണ്.അതിനർത്ഥം,കുറ്റാരോപിതർക്ക് ജാമ്യത്തിനപേക്ഷിക്കാൻ 6 മാസം കാത്തിരിക്കേണ്ടിവരുമെന്നാണ്. ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങളിൽ പ്രഥമദൃഷ്ട്യാ വാസ്തവമുണ്ടെന്നുകണ്ടാൽ കോടതികൾക്ക് ജാമ്യം നൽകാനുമാവില്ല.

ഗവണ്മെന്റിനെതിരെ ശബ്ദമുയർത്തിയ പലരെയും 'അർബൻ നക്സലുകൾ' എന്ന് മുദ്രകുത്തി ഇതിനകം ജയിലിലടച്ചിട്ടുണ്ട്. ഇതിന്റെ പരിധി വർദ്ധിപ്പിച്ച് എതിർപ്പിന്റെയോ വിയോജിപ്പിന്റെയോ ഏതൊരു ശബ്ദത്തെയും തോന്നുംപോലെ കരിനിയമങ്ങൾ പടച്ചുണ്ടാക്കി അമർച്ച ചെയ്യാമെന്ന സൂചനയാണ് ഇത് നൽകുന്നത്. അതല്ലെങ്കിൽ പെഗസസ് പോലുള്ള ചാര സോഫ്റ്റ്‌വെയറുകളെ ഉപയോഗപ്പെടുത്താം. ബിജെപി ഗവണ്മെന്റിനെതിരായ ഏതൊരു വിമർശനത്തെയും ഭീകരവാദമോ രാജ്യദ്രോഹമോ ഒക്കെയായി ചിത്രീകരിക്കാം. വിവിധ സംസ്ഥാനങ്ങളിൽ എൻഐഎ (ദേശീയ അന്വേഷണ ഏജൻസി)യുടെ ഘടകം രൂപീകരിക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശവും ഈ ചിന്തൻശിബിരത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി മുന്നോട്ടുവച്ചിരുന്നു. ഭീകരവാദം, സാമ്പത്തിക തിരിമറികൾ എന്നിവയ്ക്കൊക്കെ കടിഞ്ഞാണിടാനെന്ന പേരിലാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. ഭീകരവാദത്തെ നേരിടാനെന്ന പേരിൽ എതിരഭിപ്രായങ്ങളെയാകെ അമർച്ച ചെയ്യാനുള്ള ഏകാധിപത്യപരമായ അധികാരങ്ങൾ കേന്ദ്രഗവണ്മെന്റിൽ അധികമധികം കേന്ദ്രീകരിക്കപ്പെടുന്നു എന്ന സൂചനയാണ് ഇത് നൽകുന്നത്.

ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ കൗണ്ടർ ടെററിസം കമ്മിറ്റി(സിടിസി)യുടെ പ്രത്യേക യോഗം 2022 ഒക്ടോബർ 28ന് മുംബൈയിലും 29ന് ഡൽഹിയിലും ചേർന്നിരുന്നു. 'നൂതന സാങ്കേതിക വിദ്യകൾ ഭീകരപ്രവർത്തനത്തിനുപയോഗപ്പെടുത്തുന്നതിനെ നേരിടുന്നതെങ്ങനെ' എന്നതായിരുന്നു ചർച്ചാവിഷയം. ഇന്ത്യയുടെ വി

(ശേഷം 10-ാം പേജിൽ)

## ആയുധക്കച്ചവടത്തിലെ കുതിച്ചുചാട്ടം...

(8-ാം പേജിൽ നിന്ന്)

അഹിംസാ സിദ്ധാന്തം ലോകത്തിന് മുൻപിൽ അവതരിപ്പിച്ച ഇന്ത്യ ഇന്ന് ഹിംസയുടെ വൻകച്ചവടം നടത്തുന്നുവെന്നാണ് ഇതേക്കുറിച്ച് ഒരു നിരീക്ഷകൻ അഭിപ്രായപ്പെട്ടത്.

വൻതോതിലുള്ള സൈനിക ഉല്പാദനം വഴി ആഭ്യന്തര സമ്പദ്ഘടന മെച്ചപ്പെടുമെന്നും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നും അതുവഴി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുമെന്നുമാണ് ഗവണ്മെന്റ് പറയുക.വൻതോതിലുള്ള കയറ്റുമതി വലിയ വരുമാനം നൽകും. എന്നാൽ മൂലധനകേന്ദ്രീകൃതമായ ആധുനിക വ്യവസായങ്ങൾ എണ്ണത്തിൽ കുറവായ വൻകുത്തകകമ്പനികൾക്ക് വലിയ ലാഭം ഉറപ്പാക്കുമ്പോൾ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുമേൽ പരമാവധി ചൂഷണത്തിനാണ് അവസരമൊരുക്കുന്നത്. അത്തരമൊരു സാമ്പത്തിക വ്യവസ്ഥയിൽ വർദ്ധിക്കുന്ന ഉല്പാദനവും കയറ്റുമതിയും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ പോകുന്നില്ല.

ഉദാഹരണത്തിന്, സമ്പദ്ഘടനയെ സൈനികവത്കരിച്ചതുവഴി തൊഴിലില്ലായ്മ താൽക്കാലികമായി കുറയ്ക്കാൻ ഹിറ്റ്ലർക്ക് സാധിച്ചിരുന്നു. അക്കാലത്ത് സാധാരണ ജർമ്മൻകാർ ഹിറ്റ്ലറെ പിന്തുണയ്ക്കാനും അയാളെ അകമഴിഞ്ഞ് ആരാധിക്കാനും തുടങ്ങി. ഒടുവിൽ എവിടെയാണ് അതുചെന്നവസാനിച്ചത്. ഏതാനും പണച്ചാക്കുകളുടെ ലാഭം പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ ഈ നയങ്ങൾ ഉപകരിച്ചു. എന്നാൽ ലോകത്തിന് അത് സമ്മാനിച്ചത് ആർത്തിതീരാത്ത യുദ്ധക്കൊതിയാണ്. കൂട്ടക്കുരുതികളും വ്യാപകമായ നാശനഷ്ടങ്ങളും അടിമത്തവും കഷ്ടപ്പാടുകളുമാണ് അതിന്റെ ബാക്കിപത്രം. ഹിറ്റ്ലറുടെ കാലത്തേക്കാൾ വലിയ പ്രതിസന്ധിയിലാണ് ലോകമുതലാളിത്തം ഇന്ന്. മുതലാളിത്ത വികാസത്തിന്റെ അനിഷേധ്യമായ നിയമങ്ങൾ പ്രകാരം പ്രതിസന്ധിയിൽനിന്നും പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുകയല്ലാതെ മറ്റൊരു മാർഗ്ഗമില്ല. മുതലാളിത്തത്തിന് പുതുജീവൻ നൽകാൻ യാതൊരു സാദ്ധ്യതയും അവശേഷിക്കുന്നില്ല. ആഗോള മുതലാളിത്തക്രമത്തിന്റെ ഒന്നാകെയുള്ള ഈ പ്രതിസന്ധിയിൽനിന്ന് മാറിനിൽക്കാൻ അവരുടെ അവിഭാജ്യ ഘടകമെന്ന നിലയിൽ ഇന്ത്യൻ മുതലാളിത്തത്തിനും സാധിക്കുകയില്ല. പത്രറിപ്പോർട്ടുകൾ പ്രകാരം പ്രതിരോധ മേഖലയിൽ ആകെ ജോലി ചെയ്യുന്നത് 29ലക്ഷം ആളുകൾ മാത്രമാണ്. പ്രതിരോധ വ്യവസായത്തിൽ വൻമൂലധന നിക്ഷേപം ഉണ്ടെങ്കിൽപ്പോലും അതിനുവേണ്ട മനുഷ്യാദ്ധ്വാനം താരതമ്യേന തുച്ഛമാണ്. അതിനാൽതന്നെ നിക്ഷേപം വർദ്ധിക്കുന്നതുകൊണ്ടോ കയറ്റുമതി കൂടുന്നതുകൊണ്ടോ അതിനനുസൃതമായി തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ല. വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരമല്ല സമ്പദ്ഘടനയുടെ സൈനികവത്കരണമെന്ന് ചുരുക്കം. മറിച്ച് ജനജീവിതം കൂടുതൽ വഷളാക്കാനെ ഇത് വഴിവയ്ക്കുകയുള്ളൂ. ആയുധപ്പന്തയം ജനങ്ങളിൽ യുദ്ധഭ്രാന്ത് കുത്തിനിറയ്ക്കും. ആയുധങ്ങൾ ഉപയോഗിച്ച് തീർക്കാൻവേണ്ടി നിരന്തരമായ സംഘർഷങ്ങൾ സൃഷ്ടിക്കുന്ന അവസ്ഥയുണ്ടാകും. സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാകും. രണ്ടാം ലോകമഹായുദ്ധ കാലത്ത് അതിനോടനുബന്ധിച്ചുണ്ടായ ഭക്ഷ്യദൗർലഭ്യവും കടുത്ത ക്ഷാമവും ചിലരെങ്കിലും ഓർക്കുന്നുണ്ടാവും. അന്നത്തെ കാലത്തെ ഭരണാധികാരികളല്ല ഇന്ന് ഭരിക്കുന്നത്. എന്നാൽ അന്നത്തെപ്പോലെതന്നെ ഇന്നും കുത്തക മൂലധനം തന്നെയാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. മനുഷ്യ ജീവിതം കൂടുതൽ അസഹനീയമാക്കുന്നവിധം മൂലധനത്തിന്റെ ആധിപത്യം തുടരുകയാണ്. തൊഴിൽനഷ്ടം, വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവ്, വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ, വാനോളമെത്തുന്ന വിലക്കയറ്റം, ഇതുമൂലം പാപ്പരായിക്കൊണ്ടിരിക്കുന്ന ജനം; തത്ഫലമായി തൊഴിൽതേടിയുള്ള യുവാക്കളുടെ പലായനം, പോഷകാഹാരക്കുറവ്, പട്ടിണി മരണങ്ങൾ - സാധാരണക്കാരുടെ ജീവിതം അവസാനിക്കാത്ത ഒരു ദുസ്വപ്നം പോലെയായിരിക്കുകയാണ്.

സ്ത്രീകളും ചെറുപ്പക്കാരും അസംഘടിത മേഖലയിലെ തൊഴിലാളികളും വലിയ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യങ്ങൾക്കിടയിലും രാജ്യത്തിനകത്തും സാമ്പത്തിക അസമത്വം ഭീമമായി വർദ്ധിച്ചിരിക്കുന്നു. സാധാരണക്കാർക്ക് തുല്യമായ അവസരങ്ങൾക്കും സമൂഹ്യമായ ഉന്നമനത്തിനുമുണ്ടായിരുന്ന നേരിയ സാധ്യതയും ഇതോടൊപ്പം അപ്രത്യക്ഷമായിരിക്കുന്നു. സാമ്രാജ്യത്വ രാജ്യങ്ങൾ ലോകത്തിന്റെ പലഭാഗങ്ങളിലും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ കെടുതികൾ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ എല്ലായിടത്തെയും സാധാരണക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്നു. കപട ന്യായീകരണങ്ങളോടെ അമേരിക്ക ഇറാഖിനെ ആക്രമിച്ചപ്പോൾ അതിൽ മരിച്ചുവീണത് രണ്ടുലക്ഷത്തിൽപരം ഇറാഖി സിവിലിയന്മാരാണ്. അമേരിക്കൻ പിന്തുണയോടെ സിറിയയിൽ നടന്ന ആക്രമണങ്ങളിൽ, ഇക്കഴിഞ്ഞ മാർച്ച് വരെ ആറുലക്ഷത്തോളം പേർ കൊല്ലപ്പെട്ടിരിക്കുന്നു. ആയുധക്കച്ചവടം പൊടിപൊടിക്കുമ്പോൾ അതിന് ബലംനൽകാൻ മനുഷ്യർക്കുമേലുള്ള കിരാതമായ ആക്രമണങ്ങളും പെരുകുന്നു. യുദ്ധം നിരവധിപേർക്ക് അംഗഭംഗം വരുത്തുന്നു. വീടുകൾ, സ്കൂളുകൾ, ആശുപത്രികൾ - എന്നിങ്ങനെ മനുഷ്യർ അനേകനാളുകൾകൊണ്ട് കെട്ടിപ്പടുത്തതെല്ലാം നശിപ്പിക്കുന്നു. നിരവധി മനുഷ്യരുടെ ജീവൻ അപഹരിക്കുന്നു. യുദ്ധം സൃഷ്ടിക്കുന്ന ഭീമാകാരമായ മലിനീകരണം ആഗോളതാപനത്തിന് ആക്കം കൂട്ടുകയും വരുംതലമുറകളെപ്പോലും അപകടത്തിലാക്കുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ ആയുധക്കച്ചവടം വർദ്ധിക്കുന്നത്, പ്രതിരോധ മേഖലയിലെ കച്ചവടങ്ങൾ, നേരായി ചിന്തിക്കുന്ന ആരെയും ആഹ്ലാദിപ്പിക്കേണ്ട വാർത്തയല്ല. വരാനിരിക്കുന്ന നാളുകൾ ഇപ്പോഴുള്ളതിലും ദുരിതപൂർണ്ണമാകാൻ പോകുന്നു എന്നതിന്റെ സൂചനയാണിത്.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ഇക്കാര്യത്തെക്കുറിച്ച് 1962ൽ തന്നെ നമുക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. "തങ്ങളുടെ പ്രതിസന്ധിയുടെ ആഴം സാമ്രാജ്യത്വംതന്നെ മനസ്സിലാക്കുന്നുണ്ട്. ഈ എരിതീയിൽനിന്നും രക്ഷപ്പെടാൻ അവർ വളരെ കഠിനമായി ശ്രമിക്കുന്നുമുണ്ട്. അതിന്റെ ഭാഗമായാണ് സമ്പദ്ഘടനയെ സൈനികവത്കരിക്കുന്നതും. മുങ്ങിച്ചാകാൻ പോകുന്നയാൾ ഒരു കച്ചിത്തുരുമ്പിൽ പിടിക്കുന്നതുപോലെയാണിത്. എങ്ങനെയെങ്കിലും സൈനിക ഉപഭോഗം വർദ്ധിപ്പിച്ചുകൊണ്ട് ഈ പ്രതിസന്ധിയിൽനിന്ന് താൽക്കാലികമായെങ്കിലും കരകയറാനാണ് അവരുടെ പരിശ്രമം.

എന്നാൽ, മുതലാളിത്തത്തിനകത്തെ വൈരുദ്ധ്യങ്ങളും പരസ്പര സംഘർഷങ്ങളും വർദ്ധിപ്പിക്കാനാണ് സൈനികവൽക്കരണം ഇടനൽകുക. ഇത് കൂടുതൽ പ്രതിസന്ധിയിലേ ക്കാണ് നയിക്കുന്നത്. പ്രതിസന്ധി വർദ്ധിക്കുന്നതിനനുസരിച്ച് സമ്പദ്ഘടന കൂടുതൽ സൈനികവൽക്കരിക്കേണ്ടിവരും. ഇപ്രകാരം പുറത്തുകടക്കാനാകാത്ത ഒരു ദൂഷിത വലയത്തിൽപ്പെട്ടിരിക്കുകയാണ് മുതലാളിത്തം."(കോൾ ഓഫ് ദ അവർ, Sel Works.Vol.2) ഇത് വിശദീകരിച്ചുകൊണ്ട് 1977ൽ അദ്ദേഹം പറഞ്ഞു: "കമ്പോള പ്രതിസന്ധിയിൽപ്പെട്ടുഴലുന്ന മുതലാളിത്ത രാജ്യങ്ങളിലെല്ലാം - ഇതിൽ വികസിത രാജ്യങ്ങളും മുതലാളിത്ത ചട്ടക്കൂടിൽ സമ്പദ്ഘടന കെട്ടിപ്പടുക്കുന്ന പിന്നാക്ക രാജ്യങ്ങളും പെടും - ഇന്ന് മുഴുവൻ സമ്പദ്ഘടനയെയും സൈനികവൽക്കരിച്ചിരിക്കുകയാണ്. കമ്പോളത്തിന്റെ ഉണർവ്വ് സ്ഥായിയായി നിലനിർത്താൻ പറ്റാതെവരുമ്പോൾ അതിനെ കൃത്രിമമായി ഉത്തേജിപ്പിക്കുവാനാണ് അവരുടെ ശ്രമം. അതിനായി അവർ ആയുധങ്ങൾ നിർമ്മിക്കുന്നു, സൈന്യത്തിന്റെ വലിപ്പം വർദ്ധിപ്പിക്കുന്നു, പ്രതിരോധ മേഖലയ്ക്കാവശ്യമായ വ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നു... ഇപ്രകാരം ഉല്പാദനത്തെ സൈനികാവശ്യങ്ങൾക്ക് അനുസൃതമാക്കി മാറ്റുന്നതിനെയാണ് നാം സമ്പദ്ഘടനയുടെ സൈനികവൽക്കരണം എന്ന് പറയുന്നത്. കമ്പോളപ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന മുതലാളിത്തത്തിന് ഇതല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. എന്നാൽ സമ്പദ്ഘടനയെ ഇങ്ങനെ ഉത്തേജിപ്പിച്ച് നിർത്തണമെങ്കിൽ ഉല്പാദിപ്പിച്ച് കൂട്ടുന്ന ആയുധക്കൂമ്പാരം ഉപയോഗിച്ച് തീർക്കുകയുംവേണം. ഈയൊരു ഗൂഢാലോചനയുടെ ഭാഗമാണ് നമ്മുടെ നാട്ടിലെ ബൂർഷ്വ നേതാക്കന്മാരെല്ലാം."(പ്രെസന്റ് സിറ്റുവേഷൻ ആൻഡ് അവർ ടാസ്ക്, Sel Works Vol 4)

ഇന്ത്യൻ സമ്പദ്ഘടനയെ ഇപ്രകാരം കൂടുതൽ സൈനികവൽക്കരിക്കുന്നതിനുവേണ്ടി ഇവിടുത്തെ മുതലാളിവർഗ്ഗവും അവരുടെ വിശ്വസ്ത സേവകരായ ബിജെപിയും തയ്യാറാക്കിയിരിക്കുന്ന തിരക്കഥയുടെ ഭാഗമാണ് DefExpo22. നേരത്തെ സൂചിപ്പിച്ചതുപോലെ സാധാരണക്കാരന് ഇതിൽ സന്തോഷിക്കാനോ അഭിമാനം കൊള്ളാനോ വകയൊന്നുമില്ല. മറിച്ച്, ആയുധക്കിടമത്സരങ്ങളും സംഘർഷങ്ങളും നിറഞ്ഞ ഒരു ഭാവിയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ■

## സൈദ്ധാന്തിക പാഠങ്ങൾ

# വൈരുദ്ധ്യാത്മക രീതിശാസ്ത്രമാണ് മാർക്സിസമെന്ന സയൻസ്

**ഈ യുഗത്തിലെ പ്രമുഖ മാർക്സിസ്റ്റ് ചിന്തകനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് നവംബർ വിപ്ലവത്തിന്റെ 54 –ാം വാർഷികാചരണവേളയിൽ 1971 നവംബർ 16ന് നടത്തിയ പ്രഭാഷണത്തിന്റെ രണ്ടാംഭാഗം പ്രസിദ്ധീകരിക്കുകയാണ്. വരും ലക്കങ്ങളിൽ തുടരും.**

മാർക്സിസത്തിന്റെ ആവിർഭാവത്തിനുമുമ്പ് നിരവധി വൈദികരും പുരോഹിതരും ധർമ്മിഷ്ഠരായ സന്യാസിമാരും തുടങ്ങി മതപ്രഘോഷകരും മഹത്തുക്കളായ ചിന്തകരുമെല്ലാം മനുഷ്യരുടെ പതിതമായ ജീവിതാവസ്ഥയെന്തുകൊണ്ടെന്നും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതെന്തുകൊണ്ടെന്നും മനുഷ്യമനോഭാവത്തിൽ അല്പത്തവും അധമമനഃസ്ഥിതിയും എന്തുകൊണ്ടെന്നും ചിന്തിച്ച് അസ്വസ്ഥരായിരുന്നു; ഇതെല്ലാം മാറണമെന്ന് അവർ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്തു. ഇപ്പോഴത്തെ ഈ ദുർഗതിയിൽനിന്നു ജനങ്ങളെ മോചിപ്പിക്കാനാവശ്യമായ വിപ്ലവത്തിലേക്കുള്ള പാത കാണിച്ചു കൊടുക്കാനവർക്കു കഴിഞ്ഞില്ല. ചിലർ സോഷ്യലിസത്തെക്കുറിച്ചുവരെ സംസാരിച്ചു. പക്ഷേ, അവ ഉട്ടോപ്യൻ സോഷ്യലിസത്തിന്റെ പദ്ധതികളോ സോഷ്യലിസത്തെക്കുറിച്ചുള്ള അസംസ്കൃതമോ തെറ്റായതോ ആയ സങ്കല്പങ്ങളോ ആയിരുന്നു – എല്ലാ മനുഷ്യരും തുല്യരാണെന്നും ഒരേ സുഖസൗകര്യങ്ങളോടെ കഴിയുമെന്നും ഒരേ നിലവാരത്തിലുള്ള ഭക്ഷണവും വസ്ത്രവും ഉപയാഗിക്കുമെന്നൊക്കെയുള്ള സംതൃപ്ത സ്വപ്നങ്ങൾ. എല്ലാവരും ദൈവത്തിന്റെ സന്താനങ്ങളായതിനാൽ എല്ലാവരും തുല്യരാകേണ്ടതാണ് എന്ന ആശയവും സോഷ്യലിസത്തെക്കുറിച്ചുള്ള അവരുടെ സങ്കല്പത്തിൽ ഉൾക്കൊണ്ടിരുന്നു. അത്തരം ചിന്താഗതികളാണവരെ നയിച്ചിരുന്നത്. ഇവരിൽ പലരും സോഷ്യലിസത്തിന്റെ പേരിൽ, മനുഷ്യരുടെ അഭിവൃദ്ധിയുടെ പേരിൽ കൊടുങ്കാറ്റുകളുയർത്തുകയും അഭൗമവും ചരിത്രവിരുദ്ധവും അശാസ്ത്രീയവും മോഹിപ്പിക്കുന്നതുമായ ഉട്ടോപ്യൻ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനായി ജീവൻ നൽകുകപോലും ചെയ്തിട്ടുണ്ട്. പക്ഷേ, അവർ നേടിയത് അല്പമാത്രമോ ശൂന്യമോ ആണ്. അവർക്കു സമൂഹത്തിന്റെയും മനുഷ്യരുടെയും സ്ഥിതി മാറ്റാൻ കഴിഞ്ഞില്ല. കാരണം, സാമൂഹിക വികാസത്തിന്റെയും പരിവർത്തനത്തിന്റെയും നിയമങ്ങൾ മനസ്സിലാക്കാനവർക്കു കഴിഞ്ഞില്ല. ഈ പ്രശ്നങ്ങളുടെമേൽ ആദ്യമായി പ്രകാശം ചൊരിഞ്ഞത് മാർക്സിയൻ ശാസ്ത്രമാണ്. സാമൂഹികമാറ്റത്തിന്റെയും പുരോഗതിയുടെയും നിയമങ്ങളും പ്രക്രിയകളും ഗതിയും – ഉദാഹരണത്തിന് കൂലിത്തൊഴിലാളികൾ സമൂഹത്തിൽ എങ്ങനെ, എന്തുകൊണ്ട് ഉടലെടുത്തുവെന്നും, മുതലാളിത്തം ഉദയം ചെയ്തതിന്റെയും അതിന്റെ അപചയത്തിന്റെയും പ്രക്രിയയെന്തെന്നും മറ്റുമുള്ള പ്രശ്നങ്ങൾ –ഒരാൾക്കു മനസ്സിലാകുന്നില്ലെങ്കിൽ സാമൂഹിക വ്യവസ്ഥയുടെ, സാധാരണ കാഴ്ച്ചയിൽപോലും ദൃശ്യമാകുന്ന ചില ദോഷവശങ്ങൾമുറിവൈദ്യത്തിലൂടെ പരിഹരിക്കാനാണു ശ്രമിക്കുന്നതെങ്കിൽ, രോഗം ഭേദമാകുകയില്ല എന്നു മാത്രമല്ല രോഗി മരിക്കുകയും ചെയ്യും. ഈ രോഗത്തിന്റെ കാരണം കണ്ടെത്തുക എന്നതാണ് ചികിത്സയുടെ ശാസ്ത്രീയരീതി. അതുകൊണ്ട് നമുക്ക് സാമൂഹിക പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പൊതുവായ ധാരണയ്ക്കപ്പുറം പ്രവർത്തിക്കുന്ന, സാമൂഹിക മാറ്റത്തിന്റെ മൂർത്തമായ നിയമങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു നിശ്ചിത സാമൂഹിക പരിവർത്തനത്തെയും അതിന്റെ സമ്പദ്‌വ്യവസ്ഥയെയും രാഷ്ട്രീയത്തെയും ഭരണസംവിധാനത്തെയും അതോടൊപ്പം ഭരണകൂടത്തിന്റെ രാഷ്ട്രീയ പ്രമാണങ്ങളെയും നിയന്ത്രിച്ചുകൊണ്ട് അതിൽ നിലകൊള്ളുന്ന നിയമങ്ങളെ മനസ്സിലാക്കാൻ മനുഷ്യവംശത്തെ സഹായിക്കുന്നത് മാർക്സിയൻ ശാസ്ത്രമാണ്.

അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ഈ ശാസ്ത്രം ശരിയായി മനസ്സിലാക്കുന്നതോടെ അവർ സത്യം മനസ്സിലാക്കുകയും സമൂഹത്തെ മാറ്റിമറിക്കാനുള്ള വിജ്ഞാനത്തിന്റെ കരുത്തു നേടുകയും ചെയ്യും. പീരങ്കികളും വെടിയുണ്ടകളുംകൊണ്ട് അപ്പോഴവരുടെ സമരത്തെ അടിച്ചമർത്താൻ കഴിയാതെ വരികയും ചെയ്യും. അതുകൊണ്ടാണ്, തൊഴിലാളിവർഗത്തിന്റെ വിപ്ലവസമരങ്ങൾക്കെതിരെ മുതലാളിത്ത-സാമ്രാജ്യത്വം എന്തൊക്കെ സൈനികശക്തി ഉപയോഗിച്ചാലും അവരുടെ ആക്രമണത്തിന്റെ കുന്തമുന എപ്പോഴും മാർക്സിസം-ലെനിനിസത്തിനു നേരേയായിരിക്കുന്നത്. മാർക്സിസം-ലെനിനിസത്തെ വളച്ചൊടിക്കുകയും അതിന്റെ ഗതി തിരിച്ചുവിടുകയും അതിന്റെഅന്തഃസത്തകുഴിച്ചുമൂടിക്കൊണ്ട് യഥാർത്ഥ മാർക്സിയൻ ശാസ്ത്രത്തെയും അതിന്റെ ആശയങ്ങളെയും കുഴിച്ചുമൂടുന്ന തരത്തിൽ മാർക്സിസം-ലെനിനിസത്തിന്റെ പേരിൽ മറ്റുപലതും പ്രചരിപ്പിക്കുകയും ചെയ്യുകയാണ് ബൂർഷ്വാ ആക്രമണത്തിന്റെ അടവുനയം. കാരണം, മാർക്സിസം-ലെനിനിസത്തിന്റെ സ്വാധീനം ഉയർന്നുയർന്നുവരികയാണെന്നവർ മനസ്സിലാക്കുന്നു. ഇതനിവാര്യമാണ്. എന്തെന്നാൽ, മോചനത്തിനായുള്ള ജനങ്ങളുടെ അടക്കാനാവാത്ത ആഗ്രഹവും ആഭിമുഖ്യവും അവരെ മാർക്സിസം-ലെനിനിസത്തിലേയ്ക്കടുപ്പിക്കുന്നു.

സാമ്രാജ്യത്വ ലോകക്രമത്തിലെ ഓരോ രാജ്യത്തെയും വിപ്ലവപ്രക്രിയ മനസ്സിലാക്കുന്നതിനും രാജ്യങ്ങൾ തമ്മിൽ സ്ഥലത്തിലും കാലത്തിലുമുള്ള മൂർത്തമായ വ്യത്യാസങ്ങളെക്കുറിച്ച് ബോധ്യം നൽകുന്നതിനും സഹായിക്കുന്ന ഒരു വിശകലനരീതിയും സമഗ്രമായ വീക്ഷണവുമാണ് ലെനിനിസം എന്നു നിങ്ങൾ മനസ്സിലാക്കണം. ഈ യുഗത്തിൽ എല്ലാ രാജ്യങ്ങളിലെയും വിപ്ലവത്തിന്റെ അടിസ്ഥാനതന്ത്രമെന്ത് എന്നു വിശദീകരിക്കുന്നത് ലെനിനിസമാണ്. അതുകൊണ്ടാണ് ലെനിനിസമെന്നത് സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗവിപ്ലവത്തിന്റെയുമായ ഈ യുഗത്തിലെ മാർ

(ശേഷം 11–ാം പേജിൽ)

## എതിരഭിപ്രായങ്ങൾക്ക് കടിഞ്ഞാണിടാനുള്ള നീക്കം

(9–ാം പേജിൽ നിന്ന്)

ദേശകാര്യമന്ത്രി ഈ സമ്മേളനത്തിൽ പങ്കെടുത്തു. അദ്ദേഹം തന്റെ പ്രസംഗത്തിൽ, 'മാനവരാശി നേരിടുന്ന ഏറ്റവും ഗുരുതരമായ ഭീഷണികളിലൊന്നാണ് ഭീകരവാദം' എന്ന് അഭിപ്രായപ്പെട്ടു. എന്നാൽ, ഈ ഭീഷണിക്ക് ഉത്തരവാദികൾ ആരെന്ന് അദ്ദേഹം പറഞ്ഞില്ല. സ്വന്തം രാഷ്ട്രീയവും തന്ത്രപരവുമായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ലോകത്തെവിടെയും ഭീകരവാദികൾ എന്നറിയപ്പെടുന്നവർക്ക് പണവും ആധുനിക ആയുധങ്ങളും നൽകുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുന്ന അമേരിക്കയെയും മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളെയും, സിഐഎ പോലുള്ള ഏജൻസികളെയും അദ്ദേഹം കുറ്റപ്പെടുത്തിയില്ല എന്നതും ശ്രദ്ധേയമാണ്. "രഹസ്യ സന്ദേശങ്ങൾ, ക്രിപ്‌റ്റോ കറൻസികൾ, ഡ്രോണുകൾ, സ്വകാര്യ വെർച്വൽ നെറ്റ്‌വർക്കുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ്‌ഫോമുകൾ" തുടങ്ങി ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന സംവിധാനങ്ങളുടെ ദുരുപയോഗത്തെ ക്കുറിച്ചായിരുന്ന അദ്ദേഹത്തിന്റെ ആശങ്ക മുഴുവൻ. "ഭീകരവിരുദ്ധ നടപടികൾ പുരോഗമിക്കുമ്പോഴും ഭീകരവാദ ഭീഷണി വർദ്ധിക്കുകയാണ്, പ്രത്യേകിച്ചും ഏഷ്യയിലും ആഫ്രിക്കയിലും" എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ചുരുക്കത്തിൽ, 2 ദിവസം നടന്ന ചർച്ച "ഭീകരവാദ"ത്തിന്റെ മൂലകാരണം കൃത്യമായി ചൂണ്ടിക്കാണിക്കുന്നതിൽ പരാജയപ്പെട്ടു. "ഭീകരരുടെ സുരക്ഷിത താവളങ്ങൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ തകർക്കുക, സാമ്പത്തികവും രാഷ്ട്രീയവും ആശയപരവുമായ സഹായ സംവിധാനങ്ങൾ ഇല്ലാതാക്കുക, ഐക്യരാഷ്ട്രസഭ ഏർപ്പെടുത്തുന്ന ഉപരോധങ്ങൾ കൂടുതൽ സുതാര്യമാക്കുക" തുടങ്ങിയ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക മാത്രമാണുണ്ടായത്. ഭീകരവാദത്തെ നേരിടാനെന്ന പേരിൽ മാദ്ധ്യമപ്രവർത്തകരെയും സമൂഹ്യപ്രവർത്തകരെയും മനുഷ്യാവകാശ പ്രവർത്തകരെയുമൊക്കെ ലക്ഷ്യംവയ്ക്കുന്ന, വ്യക്തമായ മനുഷ്യാവകാശ ലംഘനത്തെ അപലപിച്ചുകൊണ്ട് അയർലണ്ടിന്റെ പ്രതിനിധി ഇപ്രകാരം പറഞ്ഞു: "പലപ്പോഴും ഭീകരവിരുദ്ധ നടപടികൾ മനുഷ്യാവകാശ ലംഘനങ്ങളായി മാറുന്നു. സ്വകാര്യതയ്ക്കുള്ള അവകാശത്തെ സംബന്ധിച്ച റിപ്പോർട്ടിൽ ഹ്യൂമൻ റൈറ്റ്സ് ഹൈകമ്മീഷണർ എടുത്തുപറയുന്നത് ഭീകരവാദത്തെ നേരിടാനായി ഹാക്കിംഗ് ടൂളുകൾ ഉപയോഗിക്കുന്നതിലും പൊതു സ്ഥലങ്ങൾ നിരീ ക്ഷണവിധേയമാക്കുന്നതിലുമൊക്കെ, മാദ്ധ്യമപ്രവർത്തകർ, മനുഷ്യാവകാശ സംരക്ഷകർ, രാഷ്ട്രീയ പ്രതിയോഗികൾ എന്നിവരെ ലക്ഷ്യംവയ്ക്കുന്ന തരത്തിലുള്ള ദുരുപയോഗം നടക്കുന്നു എന്നാണ്. മനുഷ്യാവകാശ ലംഘനങ്ങൾ സമൂലപരിവർത്തനവാദം(റാഡിക്കലൈസേഷൻ) വർദ്ധിക്കാനിടയാക്കുകയും ചെയ്യുന്നുണ്ട്."

മനുഷ്യാവകാശങ്ങളുടെയും സ്വകാര്യതയുടെയും പ്രശ്നത്തിൽ നോർവേയുടെ പ്രതിനിധിയും അയർലണ്ടിനെ പിന്തുണച്ചു. "അഭിപ്രായ സ്വാതന്ത്ര്യം ഓൺലൈനായാലും ഓഫ്‌ലൈനായാലും സംരക്ഷിക്കപ്പെടേണ്ടതുണ്ട്" എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ ഹൈകമ്മീഷണർ ഓഫീസിലെ ഹ്യൂമൻ റൈറ്റ്സ് ആന്റ് ഡിജിറ്റൽ ടെക്നോളജി ടീം ലീഡറായ സ്കോട് കാംബെല്ലും ഈ വിഷയം ഊന്നിപ്പറഞ്ഞു. "നിയമം നടപ്പിലാക്കുന്ന ഏജൻസികൾ ഭീകരപ്രവർത്തനത്തിനെതിരെ എന്നപേരിൽ നിരീക്ഷണ സംവിധാനങ്ങളും ചാര സോഫ്റ്റ്‌വെയറുകളും, എതിരഭിപ്രായങ്ങൾ പറയുന്നവർക്കെതിരെ പ്രയോഗിക്കുന്ന" കാര്യം അദ്ദേഹം ഉന്നയിച്ചു. "വിമർശനപരമോ വിയോജിക്കുന്നതോ ആയ കാഴ്ചപ്പാട് അവതരിപ്പിക്കുന്നവർക്കെതിരെ അന്യായമായി ചാര സോഫ്റ്റ്‌വെയറുകളും മറ്റും നിരന്തരമായി ഉപയോഗിക്കാറുണ്ട്" എന്നും അദ്ദേഹം പറഞ്ഞു. "മതിയായ സുരക്ഷാ സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നതുവരെ ഇത്തരം സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നത് നിരോധിക്കണ"മെന്നും അദ്ദേഹം ആവശ്യപ്പെട്ടു. "ഇത്തരം സോഫ്റ്റ്‌വെയറുകളും മറ്റും ഉപയോഗിക്കുമ്പോൾ ഭീകരവാദം, ഭീകരപ്രവർത്തനം എന്നിവയെക്കുറിച്ചൊക്കെ ഒഴുക്കൻ മട്ടിലുള്ള നിർവ്വചനങ്ങളാണ് മുന്നോട്ടു വയ്ക്കുന്നത്. ചിലപ്പോഴൊക്കെ ദുരുപയോഗം തടയാനുള്ള മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താതെ വിപുലമായ എക്സിക്യൂട്ടീവ് അധികാരങ്ങൾ നൽകുന്ന സ്ഥിതിയുമുണ്ടെ"ന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

വിവിധ രാജ്യങ്ങളിൽ, ഭീകരപ്രവർത്തനം തടയാനെന്നപേരിൽ, ഗവണ്മെന്റ് നയങ്ങളെ എതിർക്കുന്നവർക്ക് കടിഞ്ഞാണിടാൻ എങ്ങനെയാണ് അധികാരം ദുർവിനിയോഗം ചെയ്യുന്നതെന്ന് മേൽപറഞ്ഞ കാര്യങ്ങളിൽ നിന്ന് വ്യക്തമാണ്. അപ്പോൾ, 'ഭീകരപ്രവർത്തന വിരുദ്ധ സമിതി'യുടെ യഥാർത്ഥ ലക്ഷ്യം 'ഭീകരവാദ' ഗ്രൂപ്പുകളെന്നുവിളിക്കപ്പെടുന്നവരല്ല, ഗവണ്മെന്റുകളുടെ ജനവിരുദ്ധ നയങ്ങളെയും, നിരീക്ഷണ സംവിധാനങ്ങളും ചാര സോഫ്റ്റ്‌വെയറുകളും മറ്റും ജനങ്ങൾക്കുമേൽ അടിച്ചേൽപിക്കുന്നതിനെയും, എതിർക്കുന്നവരാണ്. ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും ഭരണഘടനാദത്തമായ അവകാശങ്ങൾക്കുംമേൽ കടിഞ്ഞാണിടുക എന്നതാണ് ഇത്തരം നടപടികളുടെ ലക്ഷ്യം. ഇന്ത്യയിൽ മോദി നയിക്കുന്ന ബിജെപി ഗവണ്മെന്റും ഇതുതന്നെയാണ് ചെയ്യുന്നത്.

നിർദ്ദയമായ ചൂഷണം നടത്തുന്ന, അങ്ങേയറ്റം മനുഷ്യത്വവിരുദ്ധവും അഴിമതിഭരിതവുമായ, ഇന്ത്യയിലടക്കമുള്ള സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളെയും അവരോട് വിധേയത്വം പുലർത്തുന്ന ഇന്ത്യയിലേതടക്കമുള്ള ഗവണ്മെന്റുകളെയും സംബന്ധിച്ചിടത്തോളം തങ്ങളുടെ ഫാസിസ്റ്റ് ദംഷ്ട്രകൾ പുറത്തെടുക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല. എന്നാൽ, വളർന്നുവരുന്ന ജനകീയ പ്രതിഷേധങ്ങളെയും അടിച്ചമർത്തലിനെതിരെ ചിലപ്പോഴൊക്കെ ഉയർന്നുവരുന്ന ചെറുത്തുനിൽപ്പുകളെയും അമർച്ച ചെയ്യുകയെന്നത്, ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ നിഷ്ഫലമാണെങ്കിൽക്കൂടി, അവർക്കിതേ ചെയ്യാനാകൂ. എ ന്നാൽ അന്തിമ വാക്ക് ഏകാധിപതികളുടേതല്ല, ജനങ്ങളുടേതാണ് എന്നോർക്കുക. ■

### സംഘപരിവാറും സ്വാതന്ത്ര്യസമരവും

# സവർക്കറുടെ ജീവിതവും 'ഹിന്ദുത്വ'ത്തിലേക്കുള്ള വഴിയും

**ദേശസ്നേഹത്തിന്റെ പേരിൽ മറ്റുള്ളവരെ സംശയത്തിന്റെ മുൾമുനയിൽ നിർത്തുന്ന സംഘപരിവാർ ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമരത്തിൽ വഹിച്ച പങ്കെന്താണ് എന്ന് ചർച്ച ചെയ്യുന്ന ലേഖനത്തിന്റെ മൂന്നാം ഭാഗം.**

## ജനങ്ങളെ ഏകോപിപ്പിച്ചത് ദേശീയ പ്രസ്ഥാനം

ഏകോപനത്തിന്റെ പൊതുഘടകങ്ങൾ തീരെയില്ലാതിരുന്ന ഈ സമൂഹത്തിൽ ജനങ്ങളെ ഏകോപിപ്പിച്ചത് ദേശീയ പ്രസ്ഥാനമാണ്. നാനാത്വത്തിൽ ഏകത്വം എന്ന കാഴ്ചപ്പാടിൽ ഊന്നിനിന്ന് ഏകോപനത്തിന്റെ സാധ്യതകൾ വളർത്തുന്നതിനാണ് ദേശീയനേതാക്കൾ പരിശ്രമിച്ചത്. ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യദശകങ്ങളിൽ ഹിന്ദുമതവിശ്വാസത്തെയും ആചാരങ്ങളെയും ദേശീയ പ്രസ്ഥാനവുമായി ഉദ്ഗ്രഥിച്ചുകൊണ്ട് പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കപ്പെടുകയുണ്ടായിട്ടുണ്ട്. സ്വാഭാവികമായും ഇസ്ലാംമതവിശ്വാസികൾക്ക് അതിൽ പൂർണമായി ലയിച്ചുചേരാൻ കഴിയാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. എങ്കിലും ഒരു ഘട്ടത്തിലും ഇസ്ലാംമതവിശ്വാസികൾ ദേശീയ പ്രസ്ഥാനത്തിൽനിന്ന് മാറിനിന്നിട്ടില്ല. ജാത്യാചാരങ്ങളുടെ പേരിൽ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തപ്പെട്ടിരുന്ന അധഃസ്ഥിത ജനങ്ങൾക്ക് ദേശീയ പ്രസ്ഥാനം സ്വന്തം പ്രസ്ഥാനമായി അനുഭവപ്പെടാത്ത സാഹചര്യവുമുണ്ടായിരുന്നു. എന്നിരിക്കിലും, പരിമിതികളോടെ ഇന്ത്യയെമ്പാടും സ്വാതന്ത്ര്യസമരം കരുത്താർജ്ജിച്ചുവന്നു.

ഹിന്ദു-മുസ്ലീം ഐക്യം ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭത്തെ സംബന്ധിച്ച് വളരെപ്രധാനമായിരുന്നു. അതുകൊണ്ട് ബ്രിട്ടീഷ് അധികാരികൾ എന്നും ഈ ജനവിഭാഗങ്ങളെ തമ്മിൽ അകറ്റുന്നതിനുള്ള തന്ത്രം മെനഞ്ഞുകൊണ്ടിരുന്നു. 1904, 05 കാലയളവിലെ ബംഗാൾ വിഭജനനീക്കം അതിന്റെ ഭാഗമായിരുന്നു. 1906ൽ മുസ്ലീംലീഗ് രൂപീകരണത്തെ ബ്രിട്ടീഷുകാർ പൂർണമായി പിന്തുണച്ചതും ഇക്കാരണത്താലായിരുന്നു. അതിന്റെ ഒരു പ്രതിപ്രവർത്തനം എന്ന നിലയിലുംകൂടെയാണ് 1909ൽ പഞ്ചാബ് ഹിന്ദുമഹാസഭയും തുടർന്ന് 1915ൽ അഖിലഭാരത ഹിന്ദുമഹാസഭയും രൂപീകരിക്കപ്പെട്ടത്.

മതഭേദമില്ലാതെ ജനങ്ങളുടെ ഐക്യം സമരരംഗത്ത് ശക്തിപ്പെടുത്തി, പ്രക്ഷോഭത്തെ ദേശവ്യാപകമായി വിപുലപ്പെടുത്തുക എന്ന താൽപര്യം മുൻനിർത്തിയാണ് ഗാന്ധി ഖിലാഫത്തുമായി ചേർന്ന് 1919,21 കാലഘട്ടത്തിൽ നിസ്സഹകരണ പ്രസ്ഥാനം വളർത്തിയെടുക്കാൻ തീരുമാനിച്ചത്. അതുവഴി അതിനുമുമ്പ് ഒരിക്കലും ഉണ്ടാകാത്തവിധത്തിൽ ദേശീയ പ്രസ്ഥാനത്തിൽഹിന്ദു-മുസ്ലീംഐക്യം ശക്തിപ്പെട്ടു. ദേശീയ പ്രസ്ഥാനത്തെ മതാടിസ്ഥാനത്തിൽ വിഭാവനം ചെയ്തിരുന്നവർക്ക് വളരെ അസ്വസ്ഥത ഉളവാക്കിയ നീക്കം ആയിരുന്നു അത്. കോൺഗ്രസിനെ ഒരു ഹൈന്ദവസംഘടനയായാണ് അന്നുവരെ പലരും സങ്കൽപ്പിച്ചിരുന്നത്. ഗാന്ധി കോൺഗ്രസിനെ മുസ്ലീങ്ങൾക്ക് അടിയറവച്ചു എന്ന് പലരും വിമർശിച്ചു. 1897ൽ എഐസിസി പ്രസിഡന്റും പിൽക്കാലത്ത് ഹിന്ദുമഹാസഭയുടെ നേതാവുമായിരുന്ന സർ സി.ശങ്കരൻ നായർ 1920ൽ കോൺഗ്രസ് ഉപേക്ഷിച്ചത് ഇക്കാരണത്താലാണ്. ഗാന്ധിയെ വിമർശിച്ചുകൊണ്ട് 'ഗാന്ധി ആന്റ് അനാർക്കിസം' എന്ന് ഒരു പുസ്തകംപോലും അദ്ദേഹം അക്കാലത്ത് പ്രസിദ്ധീകരിച്ചു.

ജനങ്ങളിലെ സമരൈക്യം, വിശേഷിച്ച് ഹിന്ദു-മുസ്ലീം ഐക്യം എങ്ങനെ വളർത്താം എന്നുള്ള ആലോചനകളെ മുൻനിർത്തി ദേശീയ നേതാക്കൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സന്ദർഭമായിരുന്നു അത്. ഭാരതത്തിൽ എമ്പാടും ജനങ്ങൾ ബ്രിട്ടീഷ് ഭരണത്തിനെതിരെ മുഖ്യാംശത്തിൽ ഏകമുഖമായി ചലിച്ചുതുടങ്ങിയത് നിസ്സഹകരണപ്രസ്ഥാനത്തിന്റെ നാളുകളിൽ ആയിരുന്നു. (1921ലെ മലബാർ കലാപത്തെ വർഗ്ഗീയ കലാപമായി ചിത്രീകരിക്കുന്നതിലും കുറച്ചൊക്കെ വർഗീയ ഹത്യകൾ സൃഷ്ടിക്കുന്നതിലും ദേശീയ നേതാക്കളെയും പുറംലോകത്തെയും ആ രീതിയിൽ തെറ്റിദ്ധരിപ്പിക്കുന്നതിലും ബ്രിട്ടീഷുകാർ വിജയിച്ചതുവഴിയുണ്ടായ പ്രശ്നങ്ങളും, രാജ്യത്തിന്റെ മറ്റുചില പ്രദേശങ്ങളിലുണ്ടായ പ്രാദേശിക അസ്വസ്ഥതകളും മാറ്റിനിർത്തിയാൽ ഹിന്ദു-മുസ്ലീം ഐക്യം ദേശീയ അടിസ്ഥാനത്തിൽ കൈവരിച്ചമുന്നേറ്റം ശ്രദ്ധേയമായിരുന്നു.) പ്രതീക്ഷാ നിർഭരമായി വളർന്നുവന്ന, ശക്തമായ ആ നിസ്സഹകരണ പ്രക്ഷോഭം 1922 ഫെബ്രുവരിയിൽ ചൗരിചൗരാ സംഭവത്തിന്റെ പേരിൽ നിർത്തിവയ്ക്കപ്പെട്ടു. തുടർന്ന് സമരരഹിതവും നിരാശാജനകവുമായ അന്തരീക്ഷത്തിലേയ്ക്ക് രാജ്യം പ്രവേശിച്ചു. ഈ ഘട്ടത്തിലാണ്, 1923ൽ ഇന്ത്യ

(ശേഷം 12–ാം പേജിൽ)

## സൈദ്ധാന്തിക പാഠങ്ങൾ

(10–ാം പേജിൽ നിന്ന്)

ക്ലിസമാണ് എന്നു പറയുന്നത്. സാമ്രാജ്യത്വത്തിന് ജന്മം നൽകിക്കൊണ്ട് മുതലാളിത്തം അതിന്റെ വളർച്ചയുടെ പാരമ്യത്തിലെത്തി ജീർണിക്കുകയും മരണാസന്നമാകുകയും ഓരോ രാജ്യത്തും സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും തകർക്കുകയും ചെയ്യുന്ന ഈ യുഗത്തിൽ മുതലാളിത്ത, കൊളോണിയൽ, അർദ്ധ കൊളോണിയൽ രാജ്യങ്ങളിലെ വിപ്ലവത്തിന്റെ മൂർത്തമായ പ്രക്രിയ മനസ്സിലാക്കാനും സാമൂഹിക പരിവർത്തനത്തിനുവേണ്ടി പ്രവർത്തിക്കാനുമുള്ള അടിസ്ഥാന പ്രമാണങ്ങൾ ഉയർത്തിപ്പിടിക്കുന്നത് ലെനിനിസമാണ്.

### നവംബർ വിപ്ലവത്തിന്റെ പരിപ്രേക്ഷ്യവും അത് അടിവരയിടുന്ന അടിസ്ഥാന തത്വങ്ങളും

ലെനിനിസത്താൽ സായുധരായ റഷ്യൻ തൊഴിലാളി വർഗ്ഗം ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ വിപ്ലവം സംഘടിപ്പിച്ചു. നവംബർ വിപ്ലവത്തിന്റെ സ്വഭാവം ദേശീയമായിരുന്നില്ല, മറിച്ച് അന്തർദേശീയമായിരുന്നു. ഒരു വിപ്ലവ വീക്ഷണവും അതിന്റെ ഈ കാലഘട്ടത്തിലെ അടിസ്ഥാന തത്വങ്ങളും നവംബർ വിപ്ലവം എല്ലാ രാജ്യങ്ങൾക്കും മുമ്പിൽ ഉയർത്തിക്കാണിച്ചു. തൊഴിലാളി വർഗ്ഗത്തിന് വിപ്ലവം സംഘടിപ്പിക്കുവാൻ സാധിക്കുമെന്ന് നവംബർ വിപ്ലവം സ്ഥാപിച്ചു. ലോക ബൂർഷ്വാ ജനാധിപത്യ വിപ്ലവഘട്ടം അവസാനിച്ചുവെന്നും ലോക മുതലാളിത്തം അതിന്റെ ജീർണ്ണഘട്ടത്തിലേക്ക് കടന്നുവെന്നും, മരണാസന്നമായെന്നും, അത് പുരോഗതിക്കും ദേശീയ വിമോചന സമരത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും എതിരാണെന്നും അതുവഴി സാമൂഹ്യ പുരോഗതിക്ക് വിഘാതമായി നിലകൊള്ളുന്നുവെന്നും നവംബർ വിപ്ലവം പൂർണമായും തെളിയിച്ചു. സാങ്കേതിക വിദ്യയിലെ വികാസവും ആധുനികവൽക്കരണവും ഉണ്ടായിട്ടുപോലും ഉൽപ്പാദനത്തിൽ അങ്ങേയറ്റം പ്രതിസന്ധി ഗ്രസിച്ചിരിക്കുകയാണ്. ഇത് മുതലാളിവർഗ്ഗത്തിന് ഇല്ലായ്മചെയ്യാൻ കഴിയില്ല.

മുതലാളിമാർക്കിടയിലെ മത്സരവും ജനങ്ങളുടെമേലുള്ള ഇരുമുനകളുള്ള – സ്വദേശ മുതലാളിമാരുടെയും വിദേശമുതലാളിമാരുടെയും – ചൂഷണവും, ഉത്പാദന ശക്തികളുടെ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾഞെരുക്കപ്പെട്ടകമ്പോളവും, ഉൽപാദനരംഗത്ത് നിരന്തരമായ പ്രതിസന്ധി സൃഷ്ടിക്കുന്നു. കൂടാതെ അതിന്റെ ഒഴിവാക്കാനാവാത്ത പരിണതഫലം എന്ന നിലയിൽ ഈ പ്രതിസന്ധി വൈജ്ഞാനിക വികാസ പ്രക്രിയയിലും നിഴൽ വീഴ്ത്തിയിരിക്കുകയാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യത്തിൽനിന്നും സൃഷ്ടിക്കപ്പെടുന്ന ശാസ്ത്രം, സാങ്കേതിക വിദ്യ, കല, തത്വശാസ്ത്രം, സാഹിത്യം, സംസ്കാരം, നൈതികത – എന്നിവയുടെയെല്ലാം വളർച്ചയെ അത് തടസ്സപ്പെടുത്തുന്നു. അങ്ങിനെ ഏതുകോണിലൂടെ നോക്കിയാലും മുതലാളിത്തം ജീർണ്ണവും പുരോഗതിക്കെതിരെ നിലകൊള്ളുന്നതുമാണ്. അതുകൊണ്ട് അതിനെ വിപ്ലവത്തിന്റെ ശക്തികൊണ്ട് നിഷ്കാസനം ചെയ്യണം. തീർച്ചയായും, തൊഴിലാളിവർഗ്ഗം ആയിരിക്കും ഈ വിപ്ലവത്തെ നയിക്കുന്നത്. അതുകൊണ്ട് തൊഴിലാളി വർഗ്ഗത്താൽ നയിക്കപ്പെടുന്ന മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമാണ് സർവ്വദേശീയമായി ഇന്നത്തെ വിപ്ലവഘട്ടം.

രണ്ടാമതായി, ലോകം മുഴുവനുള്ള പിന്നോക്ക മുതലാളിത്ത രാജ്യങ്ങളിൽ – വികസിത മുതലാളിത്ത രാജ്യങ്ങളെ അപേക്ഷിച്ച് മുതലാളിത്ത വികാസത്തിൽ താരതമ്യേന അവികസിതവും മുതലാളിത്ത ഭരണകൂടം സ്ഥാപിക്കപ്പെട്ടതും മുതലാളി വർഗ്ഗത്തിന്റെ പുരോഗമന സ്വഭാവം നഷ്ടപ്പെട്ടതുമായ രാജ്യങ്ങളിൽ– കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികളുടെയും കർഷകരുടെയും ഐക്യം രൂപപ്പെടുത്തി മുതലാളി വർഗ്ഗത്തെ അധികാരത്തിൽനിന്നും നിഷ്കാസനം ചെയ്ത് സോഷ്യലിസ്റ്റ് വിപ്ലവം വിജയകരമായി പൂർത്തീകരിക്കേണ്ടതുണ്ട്.

മൂന്നാമതായി, ബൂർഷ്വാ ജനാധിപത്യ വിപ്ലവം പൂർത്തീകരിക്കാത്ത രാജ്യങ്ങളിൽ പോലും, അല്ലെങ്കിൽ ഇപ്പോഴും സാമ്രാജ്യത്വവിരുദ്ധ – കോളനിവിരുദ്ധ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഘട്ടത്തിൽ നിൽക്കുന്ന രാജ്യങ്ങളിൽപ്പോലും, ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനം സംഘടിപ്പിക്കുന്നതിനായി, തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ തൊഴിലാളികളുടെയും കർഷകരുടെയും മുതലാളി വർഗ്ഗത്തിന്റെ യോജിക്കാൻ തയ്യാറുള്ള മറ്റ് വിഭാഗങ്ങളുടെയും ഒരു ദേശീയ വിമോചന മുന്നണി രൂപീകരിക്കേണ്ടതുണ്ട്. പക്ഷേ, ലോക സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും ഭാഗമായാണ് ഇതിനെ കാണേണ്ടത്. തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ ആയിരിക്കണം അത് സംഘടിപ്പിക്കേണ്ടത്. ചിലർ മറ്റുതരത്തിൽ ചിന്തിക്കുകയാണെങ്കിൽ അവർ തെറ്റ് ചെയ്യുകയായിരിക്കും. ആ തെറ്റിന് വലിയ വില നൽകേണ്ടിയും വരും. കാരണം, അവരുടെ വിപ്ലവം ഒരിക്കലും വിജയം കാണില്ല. എന്തെന്നാൽ തൊഴിലാളിവർഗ്ഗത്തിന് അതിന്റെ നേതൃത്വം സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ ആ രാജ്യത്തെ മുതലാളിവർഗ്ഗം നേതൃത്വം പിടിച്ചെടുക്കുകയും പ്രതിലോമകാരിയായ സാർവ്വദേശീയ മുതലാളിത്തത്തിന്റെ ഭാഗം എന്ന നിലയിൽ അത് വിപ്ലവപാതയെയും പുരോഗതിയെയും തടസ്സപ്പെടുത്തുകയുംചെയ്യും. അങ്ങനെ ബൂർഷ്വാജനാധിപത്യ വിപ്ലവം വെട്ടിച്ചുരുക്കപ്പെട്ട നിലയിലും പാതിവെന്ത നിലയിലും അവസാനിക്കും. അതുകാരണം ജനങ്ങളുടെ മോചനം കൊണ്ടുവരാനാവില്ല. മുതലാളിത്തം ദൃഢീകരിക്കപ്പെടുകയും നേടിയെടുത്ത ദേശീയ സ്വാതന്ത്ര്യംപോലും അപകടത്തിലാവുകയും ചെയ്യും. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന പുത്തൻ കൊളോണിയലിസം പോലും ലെനിന്റെ സാമ്രാജ്യത്വത്തെ സംബന്ധിച്ച വിശകലനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. അദ്ദേഹംതന്നെ ഈ വിഷയത്തെപ്പറ്റി സംസാരിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ലെനിൻ പുത്തൻ കൊളോണിയലിസം എന്ന വാക്ക് ഉപയോഗിച്ചോ ഇല്ലയോ എന്നത് ഒരു വിഷയമല്ല. പക്ഷേ, പുത്തൻ കൊളോണിയലിസത്തിന്റെ അന്തഃസത്തയായ – ഈ കാലഘട്ടത്തിൽ സാമ്രാജ്യത്വം പിന്നാക്ക, സ്വതന്ത്ര, ബൂർഷ്വാരാഷ്ട്രങ്ങളുടെമേൽ രാഷ്ട്രീയവും സൈനികവുമായുള്ള നിയന്ത്രണങ്ങൾ സാമ്പത്തിക അധീശത്വത്തിലൂടെ നടപ്പാക്കുമെന്ന – പുത്തൻ കൊളോണിയലിസത്തിന്റ മൂലതത്വങ്ങൾ ലെനിന്റെ വിശകലനത്തിൽ കാണാം. പഴയ രീതിയിലുള്ള സാമ്രാജ്യത്വം ഇനിയും തുടരില്ല. സാമ്പത്തിക അധീശത്വത്തിന്റെ സ്വാധീന വലയം സ്ഥാപിച്ചും വിപുലീകരിച്ചും അത് പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെടും. അതുകൊണ്ട്, ഈ കാലഘട്ടത്തിൽ ദേശീയ വിമോചന സമരങ്ങൾക്ക് വിജയകരമായ പരിസമാപ്തി ഉണ്ടാകണമെങ്കിൽ, അതിന്റെ പ്രധാന ലക്ഷ്യങ്ങൾ നിറവേറ്റപ്പെടണമെങ്കിൽ, ഈ സമരങ്ങളുടെമേൽ തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വം സ്ഥാപിക്കപ്പെടണം. ഈ രാജ്യങ്ങളിൽ ഘട്ടംഘട്ടമായി വിപ്ലവം നയിച്ചുകൊണ്ട് അതിനെ ക്രമേണ ഉയർത്തി സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പരിസമാപ്തിയിലേക്ക് എത്തിക്കാൻ കഴിയും. അതിലൂടെ ദേശീയ സ്വാതന്ത്ര്യം പൂർണ്ണതോതിൽ കൈവരിക്കാനും അതിനെ സംരക്ഷിക്കാനും കഴിയും. ■

# ജയിൽവാസവും മാപ്പപേക്ഷകളായി മാറിയ ദയാഹർജികളും

(11–ാം പേജിൽ നിന്ന്)

യിൽ ആദ്യമായി ദ്വിരാഷ്ട്രവാദം 'ഹിന്ദുത്വത്തിന്റെ അടിസ്ഥാനങ്ങൾ (Essentials of Hindutva)' എന്ന കൃതിയിലൂടെ സവർക്കർ ഉന്നയിക്കുന്നത്.

അടിയുറച്ച ഹിന്ദുമത വിശ്വാസിയാണെങ്കിലും കടുത്ത വർഗീയ വിരുദ്ധനായ മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിന് കോൺഗ്രസിനുള്ളിലും ജനങ്ങൾക്കിടയിലും കൈവന്ന അപ്രമാദിത്വം കലർന്ന സ്വീകാര്യത,'സനാതനധർമ്മ'ത്തിന്റെ അടിസ്ഥാനങ്ങളെ ചോദ്യം ചെയ്തുകൊണ്ട് മഹാരാഷ്ട്രയിൽ ഉയർന്നുവന്നുകൊണ്ടിരുന്ന ദളിത് മുന്നേറ്റങ്ങൾ, 1917ലെ റഷ്യൻ വിപ്ലവത്തെ തുടർന്ന് ലോകമെങ്ങും സോഷ്യലിസ്റ്റ് രാഷ്ട്രീയത്തിനുണ്ടായ സ്വീകാര്യതയും തൊഴിലാളി പ്രക്ഷോഭങ്ങളും ചേർന്നുണ്ടാക്കിയ രാഷ്ട്രീയ സാഹചര്യം – ഈ സാഹചര്യത്തിൽ അസന്തുഷ്ടരായിരുന്ന യാഥാസ്ഥിതികർക്കും വർഗീയ വാദികൾക്കും വളരെ സ്വീകാര്യമായിരുന്ന ഹിന്ദുത്വം എന്ന 'നവ' രാഷ്ട്രീയ ചിന്ത. ഇറ്റലിയിൽ ജനാധിപത്യത്തെ കുഴിച്ചുമൂടാൻ കൊലവിളി നടത്തിക്കൊണ്ടിരുന്ന മുസ്സോളിനിയുടെ ഫാസിസ്റ്റ് മുന്നേറ്റത്തിൽ ആവേശഭരിതരായിരുന്ന ആ കൂട്ടർ അന്വേഷിച്ചുകൊണ്ടിരുന്ന 'പ്രത്യയശാസ്ത്രം' ഹിന്ദുത്വയിൽ കണ്ടെത്തി. ഹിന്ദുമഹാസഭയുടെ നേതാവായിരുന്ന ഡോക്ടർ ബി.എസ്.മൂഞ്ചേ, ഡോക്ടർ ഹെഡ്ഗെവാർ എന്നിവർ ഹിന്ദുത്വത്തിൽ പ്രചോദിതരായി സവർക്കറെ നേരിൽ സന്ദർശിക്കുകയും തുടർന്ന് 1925ൽ വിജയദശമി ദിനത്തിൽ ആർഎസ്എസ് രൂപീകരിക്കുകയും ചെയ്തു. പിന്നീട് 1931ൽ ഡോക്ടർ ബി.എസ്.മൂഞ്ചേ ഇറ്റലിയിൽ പോയി മുസ്സോളിനിയെ സന്ദർശിച്ചു.

ഹിന്ദുത്വം എന്ന രാഷ്ട്രീയ ചിന്തയും ആർഎസ്എസിന്റെ പദ്ധതികളും ബ്രിട്ടീഷ് ഭരണകൂടത്തിന് യാതൊരു അസ്വസ്ഥതയും സൃഷ്ടിക്കുന്നതായിരുന്നില്ല. കാരണം, ബ്രിട്ടീഷുകാർ നടപ്പാക്കാൻ ശ്രമിക്കുന്ന ഹിന്ദു-മുസ്ലീം വിഘടനത്തിന് ഏറ്റവും ഉചിതമായ പ്രത്യയശാസ്ത്രവും പ്രസ്ഥാനവുമായിരുന്നു അത്. ആർഎസ്എസ് ഒരിക്കലും സ്വാതന്ത്ര്യത്തിനുവേണ്ടി ബ്രിട്ടനോട് പൊരുതിയിട്ടില്ല; അങ്ങനെയൊരു ലക്ഷ്യം അവർ പ്രഖ്യാപിച്ചിട്ടുമില്ല.

ഈ ഭൂമിയുടെ അവകാശം ആർക്ക് എന്നതുതന്നെയാണ് ഹിന്ദുത്വ ഉന്നയിക്കുന്ന വിഷയം. രാജ്യം ഈ രാജ്യത്തെ ജനങ്ങൾക്ക് അവകാശപ്പെട്ടതാണ് എന്ന ശരിയായ ഉത്തരം ഉണ്ടെങ്കിലും സവർക്കർക്കും സംഘപരിവാറിനും മുന്നിൽ ഒരിക്കലും ജനങ്ങൾ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത് മതങ്ങൾ മാത്രം. പശ്ചിമേഷ്യയിലെ സയണിസ്റ്റ് പ്രസ്ഥാനം ബൈബിൾ കഥകളുടേ പേരിൽ പാലസ്തീനമേൽ അധികാരം അവകാശപ്പെടുന്നതുപോലെ, ഭാരതീയ പുരാണങ്ങളുടെ പേരിൽ സംഘപരിവാർ ഭാരതത്തിനുമേൽ ചോദ്യം ചെയ്യാനാകാത്തതരം അധികാരം അവകാശപ്പെടുന്നു! സവർക്കറും ഗോൾവാൾക്കറും അതിനുള്ള സൈദ്ധാന്തികന്യായം കണ്ടെത്താൻ വ്യാജസിദ്ധാന്തങ്ങൾ ചമയ്ക്കുന്നു!

സവർക്കർ പറയുന്നു, "അന്യരാജ്യങ്ങളിൽനിന്ന് ഓടിവന്ന് അഭയം തേടിയവർ, അധികാരക്കൊതിയോ ധനമോഹമോ നിമിത്തം ഹിന്ദുമതം ഉപേക്ഷിച്ച് മറ്റുമതങ്ങളിൽ ചേർന്നവർ, അതിർത്തി കടന്ന് കയറിവന്ന് നമ്മുടെ പുണ്യഭൂമിയും ക്ഷേത്രങ്ങളും നശിപ്പിച്ച കിരാതന്മാരായ അക്രമികളുടെ അനന്തരാവകാശികൾ, ഇവരുടെകൂടെ ഇന്ത്യയുടെ അവകാശം പങ്കുവയ്ക്കുവാൻ ഹിന്ദുക്കൾ ഒരുക്കമല്ല. അവർക്ക് അവകാശപ്പെട്ടതല്ല ഇന്ത്യ. ഇപ്പറഞ്ഞവർക്ക് ഇവിടെ താമസിക്കണമെങ്കിൽ ഹിന്ദുസ്ഥാൻ ഹിന്ദുക്കളുടേത് മാത്രമാണ് എന്ന് അംഗീകരിക്കണം."(എ.ജി.നൂറാണി, സവർക്കറും ഹിന്ദുത്വവും, പേജ് 70) ആയിരക്കണക്കിന് വർഷങ്ങളായി ഈ മണ്ണിലെ ചൂടുംചൂരും ഏറ്റുവളർന്ന് ഈ മണ്ണിൽ, ഈ സമൂഹ ജീവിതത്തിൽ ലയിച്ചുചേർന്ന ജനങ്ങളെക്കുറിച്ചാണ് ഈ അനാശാസ്യ പദപ്രയോഗങ്ങൾ അദ്ദേഹം നടത്തുന്നത്. തന്റെ അഭിപ്രായങ്ങൾക്ക് എന്തെങ്കിലും പിശക് ഉണ്ടാകാനുള്ള വിദൂരസാധ്യതപോലും അദ്ദേഹം സങ്കൽപ്പിക്കുന്നില്ല എന്നതാണ് രസകരമായ കാര്യം.

**മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിന് കൈവന്ന അപ്രമാദിത്വം കലർന്ന സ്വീകാര്യത, 'സനാതന ധർമ്മ'ത്തിന്റെ അടിസ്ഥാനങ്ങളെ ചോദ്യം ചെയ്തുകൊണ്ട് മഹാരാഷ്ട്രയിൽ ഉയർന്നുവന്നുകൊണ്ടിരുന്ന ദളിത് മുന്നേറ്റങ്ങൾ, 1917ലെ റഷ്യൻ വിപ്ലവത്തെ തുടർന്ന് ലോകമെങ്ങും സോഷ്യലിസ്റ്റ് രാഷ്ട്രീയത്തിനുണ്ടായ സ്വീകാര്യതയും തൊഴിലാളി പ്രക്ഷോഭങ്ങളും – ഈ സാഹചര്യത്തിൽ അസന്തുഷ്ടരായിരുന്ന യാഥാസ്ഥിതികർക്കും വർഗീയ വാദികൾക്കും വളരെ സ്വീകാര്യമായിരുന്നു ഹിന്ദുത്വം എന്ന 'നവ'രാഷ്ട്രീയ ചിന്ത.**

## സവർക്കർ ചരിത്രവും ഹിന്ദുത്വത്തിലേയ്ക്കുള്ള വഴിയും

1883 മെയ് 28 ന് മഹാരാഷ്ട്രയിലെ നാസിക്കിൽ ദാഗ്ഗർ ഗ്രാമത്തിൽ ഒരു ചിത്പവൻബ്രാഹ്മണ കുടുംബത്തിലാണ് വിനായക ദാമോദർ സവർക്കർ ജനിച്ചത്. സവർക്കർ സ്കൂൾ വിദ്യാർത്ഥിയായിരിക്കെ ബാലഗംഗാധര തിലകിന്റെയും മറ്റും നേതൃത്വത്തിൽ അന്ന് നടന്നുവന്നിരുന്ന ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി. സായുധ സമരത്തിലൂടെ ബ്രിട്ടീഷ് ഭരണത്തെ തൂത്തെറിയുക എന്ന ലക്ഷ്യത്തോടെ 1899ൽ സഹോദരൻ ഗണേഷ് സവർക്കറുമായി ചേർന്ന് മിത്രമേള എന്ന സംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. പ്രമുഖ ഇറ്റാലിയൻ വിപ്ലവകാരി മസീനിയുടെ വിപ്ലവ ആദർശങ്ങളിൽ ആകൃഷ്ടനായി അവരുടെ സംഘടനയായ യംഗ് ഇറ്റലി എന്ന പേരിനോട് സാദൃശ്യപ്പെടുത്തി 1904ൽ മിത്രമേള എന്ന പേര് അഭിനവ് ഭാരത് സഭ എന്ന് മാറ്റി.

## സംഘപരിവാറും സ്വാതന്ത്ര്യസമരവും

1906ൽ നിയമപഠനത്തിനായി സവർക്കർ ലണ്ടനിലേയ്ക്ക് പോയി. അവിടെയും പ്രവർത്തനം തുടർന്നു. 1909 ജൂലൈ 1ന് സവർക്കറുടെ അനുയായികളിലൊരാളായിരുന്ന മദൻലാൽ ധിൻഗ്ര(പഞ്ചാബ്) എന്ന ഇന്ത്യൻ വിദ്യാർത്ഥി, ലെഫ്റ്റനന്റ് കേണൽ കഴ്സൺ വില്ലി എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ വെടിവെച്ച് കൊലപ്പെടുത്തി. അദ്ദേഹത്തെ രക്ഷിക്കാൻ ശ്രമിച്ച മറ്റൊരാളും ഒപ്പം കൊല്ലപ്പെട്ടു. തുടർന്ന് മദൻലാൽ ധിൻഗ്ര തൂക്കിലേറ്റപ്പെട്ടു. ഈ സംഭവത്തിന് പിന്നിൽ സവർക്കറായിരുന്നു. ഇതേ സമയം മഹാരാഷ്ട്രയിൽ അഭിനവ് ഭാരത് സഭയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി സംഘടനയുടെ കേന്ദ്രങ്ങൾ കണ്ടുപിടിക്കപ്പെടുകയും വി.ഡി.സവർക്കറുടെ സഹോദരൻ ഗണേഷ് ദാമോദർ സവർക്കർ അറസ്റ്റിലാകുകയും ബ്രിട്ടനെതിരെ കലാപത്തിനു ശ്രമിച്ച കുറ്റത്തിന് 1909 ജൂൺ 8ന് ജീവപര്യന്തം നാടുകടത്തപ്പെടുകയും ചെയ്തു. അദ്ദേഹത്തെ നാടുകടത്താൻ വിധി പ്രസ്താവിച്ച മജിസ്ട്രേറ്റ് എ.എം.ഡി.ജാക്സൺ അതേ വർഷം ഡിസംബർ 29ന് ആനന്ദ് ലക്ഷ്മൺ കർക്കരേ എന്ന യുവാവിന്റെ വെടിയേറ്റ് മരിച്ചു. ആ കൊലപാതകത്തിന്റെ പിന്നിലെയും ആസൂത്രകൻ വി.ഡി. സവർക്കറായിരുന്നു. കഴ്സൺ വില്ലിയുടെ വധത്തെത്തുടർന്ന് സവർക്കർ പോലീസിന്റെ നിരീക്ഷണത്തിലായിരുന്നു. 1910 മാർച്ച് 13ന് ലണ്ടലിനെ വിക്ടോറിയാ സ്റ്റേഷനിൽ വച്ച് വി.ഡി. സവർക്കർ അറസ്റ്റിലായി. സവർക്കർ ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യയിലെത്തിച്ച 20 തോക്കുകളിൽ ഒന്നാണ് ജാക്സണെ വധിക്കാൻ ഉപയോഗിച്ചതെന്ന് പോലീസ് കണ്ടെത്തിയതിനെത്തുടർന്നായിരുന്നു അറസ്റ്റ്. ശേഷം അദ്ദേഹം വിചാരണ ചെയ്ത് ശിക്ഷിക്കപ്പെട്ടു.

ആന്തമാനിലെ സെല്ലുലാർ ജയിലിൽ ഇരട്ട ജീവപര്യന്തമായിരുന്നു ശിക്ഷ. 1910 ജൂലൈ 10ന് എസ്.എസ്.മോറിയ എന്ന കപ്പലിൽ അദ്ദേഹത്തെ കൊണ്ടുപോകുംവഴി ഫ്രാൻസിന്റെ തീരത്തുവച്ച് കപ്പലിൽനിന്നും അതിവിദഗ്ധമായി രക്ഷപെട്ട സവർക്കറെ ഫ്രാൻസിന്റെ തന്നെ മണ്ണിൽവച്ച് പിടികൂടി. ഈ സംഭവം അദ്ദേഹത്തിൽ വലിയ വീരപരിവേഷം ആരോപിക്കുന്നതിന് ഇടയാക്കി. ഇന്ത്യയിലെ രാജകീയ ഗവണ്മെന്റിനെതിരെ ലഹളയ്ക്കൊരുങ്ങി, ആയുധം ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്തു, ജഡ്ജി ജാക്സൺന്റെ കൊലപാതകത്തിന് പിന്നിൽ ഗൂഢാലോചന നടത്തി, ലണ്ടനിൽ ആയുധ വിതരണം നടത്തി, 1906 ജനുവരി മുതൽ മാർച്ച് വരെ ഇന്ത്യയിലും 1908 മുതൽ 1909 വരെ ലണ്ടനിലും രാജ്യദ്രോഹകരമായ പ്രസംഗങ്ങൾ നടത്തി – ഇവയായിരുന്നു അദ്ദേഹത്തിനെതിരെ ചുമത്തപ്പെട്ട കുറ്റങ്ങൾ.

1911 ജൂലൈ 4ന് ആന്റമാന്റെ തലസ്ഥാനമായ പോർട്ട് ബ്ലയറിൽ സവർക്കറെ കൊണ്ടുവന്നു. മറ്റെല്ലാ പോരാളികളെയും പോലെ അതികഠിനമായ കഷ്ടപ്പാടുകൾ അവിടെ അദ്ദേഹവും അനുഭവിച്ചു. 6 മാസം തുടർച്ചയായി ഏകാന്ത തടവ് അനുഭവിച്ചു. കഠിനമായ ജോലിയും അവിടത്തെ കാലാവസ്ഥയും മോശം ഭക്ഷണവും സാഹചര്യങ്ങളുമെല്ലാം അദ്ദേഹത്തിന് താങ്ങാവുന്നതിലും ഏറെ പ്രതികൂലമായിരുന്നു. ശാരീരിക പീഡനവും നിസ്സഹായാവസ്ഥയും അദ്ദേഹത്തെ മാനസികമായി തളർത്തി. വിപ്ലവകാരി എന്ന നിലയിലുള്ള മനോവീര്യം മുഴുവനും ചോർന്ന് നഷ്ടപ്പെട്ടു. ആറുമാസം പൂർത്തിയാകുംമുമ്പേ അതേ വർഷംതന്നെ അദ്ദേഹം ഗവൺമെന്റിലേയ്ക്ക് തന്റെ ആദ്യ ദയാഹർജി സമർപ്പിച്ചു.

1913 നവംബർ 14ന് അദ്ദേഹം രണ്ടാമത്തെ ദയാഹർജി സമർപ്പിച്ചു. തുടർന്ന് 1914 ഒക്ടോബർ, 1917 ഒക്ടോബർ 5, 1920 മാർച്ച് 20 എന്നീ തീയതികളിൽ ആവർത്തിച്ച് ദയാഹർജികൾ സമർപ്പിക്കപ്പെട്ടു. തുടർന്ന് ഇന്ത്യൻ ജയിലിലേയ്ക്ക് മാറ്റപ്പെട്ട സവർക്കറുടെ മോചനത്തിനുവേണ്ടി 1921, 22ൽ അദ്ദേഹത്തിന്റെ ഭാര്യ യമുന ദേവി രണ്ട് ദയാഹർജികൾകൂടെ നൽകുകയുണ്ടായി. സവർക്കർ സർക്കാരിന് എഴുതിയ ഹർജികളെ ദയാഹർജികളെന്നു വിളിക്കുന്നുണ്ടെങ്കിലും ഉള്ളടക്കത്തിൽ അവയൊന്നും ദയാഹർജികളല്ല; ഏറ്റവും ഹീനവും ലജ്ജാകരവുമായ സ്വരത്തിലുള്ള മാപ്പപേക്ഷകളായിരുന്നു എന്ന് വായിച്ചാൽ മനസ്സിലാകും.

**1913, നവംബർ 14ന് ഇന്ത്യൻ ഗവണ്മെന്റിന്റെ ഹോം മെമ്പറായിരുന്ന റെജിനാൾഡ് ക്രഡ്ഡോക്കിന് വി.ഡി.സവർക്കർ സമർപ്പിച്ച അഭ്യർത്ഥന:**

താഴെപ്പറയുന്ന കാര്യങ്ങൾ താങ്കളുടെ പരിഗണനയ്ക്കായി സമക്ഷത്തുങ്കൽ സമർപ്പിക്കുന്നു.

1. 1911 ജൂണിൽ ഞാൻ ഇവിടെ എത്തിയപ്പോൾ എന്നോടൊപ്പമുണ്ടായിരുന്ന മറ്റ് തടവുകാർക്കൊപ്പം എന്നെ ചീഫ് കമ്മീഷണറുടെ ഓഫീസിൽ ഹാജരാക്കുകയുണ്ടായി. അവിടെവെച്ച് എന്നെ ഡി ഗണത്തിലെ തടവുകാരനാക്കി മാറ്റി. ഡി എന്നാൽ അപകടകാരിയായ തടവുകാരൻ എന്നർത്ഥം. മറ്റ് തടവുകാരെ ഡി ഗണത്തിൽപ്പെടുത്തിയില്ല. അതേത്തുടർന്ന് 6 മാസം പൂർണ്ണമായും ഏകാന്തത്തടവിൽ കഴിഞ്ഞു. മറ്റുള്ളവർ അങ്ങനെയായിരുന്നില്ല. അന്നുമുതൽ കയർ പിരിക്കുന്ന ജോലിക്ക് എന്നെ നിയോഗിക്കുകയുണ്ടായി, എന്റെ കൈകളിൽനിന്ന് രക്തം വമിച്ചിട്ട്പോലും. പിന്നീട് എണ്ണയാട്ടുന്ന മില്ലിൽ, ജയിലിലെ ഏറ്റവും കാഠിന്യമാർന്ന ജോലിക്ക്, എന്നെ നിയോഗിക്കുകയുണ്ടായി. ഇക്കാലയളവിൽ എന്റെ പെരുമാറ്റം അസാധാരണമാംവിധം മികച്ചതായിരുന്നെങ്കിൽപോലും എന്നെ തടവിൽനിന്നും മുക്തമാക്കിയില്ല, എന്റെ കൂടെ വന്നവരോട് ചെയ്തുപോലെ. ആ സമയം മുതൽ ഇന്നുവരെ എന്റെ സ്വഭാവം എനിക്ക് കഴിയുംവിധം മെച്ചപ്പട്ടതായി സംരക്ഷിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

2.തടവിലെസ്ഥാനക്കയറ്റത്തിന് അപേക്ഷിച്ചപ്പോൾ, ഞാനൊരു സവിശേഷ തടവുകാരനാണെന്നും അതിനാൽ സ്ഥാനക്കയറ്റത്തിന് അർഹതയില്ലെന്നുമാണ്. എന്നാൽ പ്രത്യേക ഭക്ഷണത്തിനോ പ്രത്യേക പരിചരണത്തിനോ ആവശ്യപ്പെട്ടാൽ ഞങ്ങളോട് പറയുക നിങ്ങൾ സാധാരണ തടവുകാരായതിനാൽ മറ്റുള്ളവർ കഴിക്കുന്നതുതന്നെ കഴിക്കേണ്ടതാണ് എന്നാണ്. അതിനാൽ ഞങ്ങളെ സവിശേഷതടവുകാർ എന്നഗണത്തിൽപ്പെടുത്തിയത് സവിശേഷമായ അസൗകര്യങ്ങൾക്ക് വേണ്ടിയാണ് എന്ന് ബഹുമാനപ്പെട്ട അങ്ങ് കാണേണ്ടതുണ്ട്.

3. ഭൂരിപക്ഷം തടവുകാരേയും പുറത്തേയ്ക്ക് വിട്ട അവസരത്തിൽ ഞാനും എന്റെ വിടുതലിനായി അപേക്ഷിക്കുകയുണ്ടായി. രണ്ടോ മൂന്നോ പ്രാവശ്യം എന്നെ ഏകാന്തത്തടവിന് വിധിച്ചിരുന്നു. അതേ സമയം മറ്റു ചിലരെ ഒരു ഡസനോ അതിൽ കൂടുതലോ തവണ വിട്ടയച്ചിട്ടും എന്നെ വിടുകയുണ്ടായില്ല. കാരണം ഞാൻ അവരുടെ നോട്ടപ്പുള്ളി ആയിരുന്നു. എന്നെ ഏകാന്ത തടവിൽ നിന്നും വിമോചിപ്പിക്കാനുള്ള കല്പന വന്നപ്പോഴാകട്ടെ പുറത്തുള്ള ചില രാഷ്ട്രീയത്തടവുകാർ പ്രശ്നങ്ങളിൽപെടുകയും എന്നാൽ അവരുടെ നോട്ടപ്പുള്ളി ആയതുകൊണ്ടുമാത്രം എന്നെ അതിന്റെ പേരിൽ അകത്തിടുകയും ചെയ്തു.

4. ഇന്ത്യൻ ജയിലുകളിൽ ആയിരുന്നെങ്കിൽ ഒരുപക്ഷെ ഈ സമയംകൊണ്ട് കുറേക്കൂടി സ്വതന്ത്രനാക്കപ്പെടുകയും വീട്ടിലേക്ക് കൂടുതൽ എഴുത്തുകൾ അയയ്ക്കാനും

(ശേഷം 13–ാം പേജിൽ)

**സംഘപരിവാറും സ്വാതന്ത്ര്യസമരവും**

# ഗോത്രാഭിമാനവും കുലമഹിമയും സംരക്ഷിക്കാൻ ഹിറ്റ്ലറെ മാതൃകയാക്കിയവർ !

(11-ാം പേജിൽ നിന്ന്)

കൂടുതൽ സന്ദർശകരെ കാണാനും കഴിയുമായിരുന്നു. ഞാൻ നാട്ടകടത്തപ്പെട്ടവൻ ആയിരുന്നെങ്കിൽ ഇക്കാലംകൊണ്ട് എളുപ്പത്തിൽ ഈ ജയിലിൽനിന്നും കുറ്റവിമുക്തമായി മോചിക്കപ്പെടുകയും ടിക്കറ്റിനും അവധിക്കുംവേണ്ടി കാത്തിരിക്കുകയും ചെയ്തേനെ. പക്ഷെ, ഇപ്പോൾ ഇന്ത്യൻ ജയിലിലെ ആനുകൂല്യങ്ങളോ കോളനി റെഗുലേഷന്റെ ആനുകൂല്യങ്ങളോ ഫലത്തിൽ എനിക്ക് ലഭിക്കുന്നില്ല. അതേസമയം ഈ രണ്ട് നിയമങ്ങളുടെയും മോശപ്പെട്ട ഫലങ്ങൾ അനുഭവിക്കുന്നുണ്ടുതാനും.

5. അതിനാൽ ബഹുമാനപ്പെട്ട അങ്ങേയ്ക്ക് എന്നിപ്രതിഷ്ഠിച്ചിട്ടുള്ള ഈ ദുർഘടസന്ധിക്ക് അന്ത്യം കുറിക്കാൻ ദയവുണ്ടാകണം. ഒന്നുകിൽ എന്നെ ഇന്ത്യൻ ജയിലുകളിലേക്ക് അയയ്ക്കുകയോ അല്ലെങ്കിൽ മറ്റേത് തടവുകാരനെപ്പോലെയും നാട്ടകടത്തപ്പെട്ടവനായി എന്നെ കണക്കാക്കുകയോ ചെയ്യണം. ലോകത്തിലെ ഏത് സ്വതന്ത്ര രാജ്യത്തെയും പരിഷ്കൃതമായ പൊതുഭരണ സമ്പ്രദായത്തിൽനിന്ന് ഒരു രാഷ്ട്രീയ തടവുകാരൻ പ്രതീക്ഷിക്കുന്നതെന്തോ അതുപോലും ഞാൻ ആവശ്യപ്പെടുന്നില്ല. മറിച്ച് ഏറ്റവും മോശപ്പെട്ട തടവുകാർക്കും സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുറ്റവാളികൾക്കും നൽകുന്ന ഇളവുകൾ മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നത്. ഈ ജയിലിൽ എന്നെന്നേയ്ക്കുമായി എന്നെ തളച്ചിടാനുള്ള പദ്ധതി ജീവനും ശുഭപ്രതീക്ഷയും നിലനിർത്തുന്ന ഏതെങ്കിലും സാധ്യതയെപ്പറ്റി അങ്ങേ അറ്റത്തെ നിരാശ മാത്രമാണ് എനിക്ക് നൽകുന്നത്. ഹ്രസ്വകാല തടവുകാരെ സംബന്ധിച്ച് കാര്യങ്ങൾ വ്യത്യസ്തമാണ്. പക്ഷെ സാർ, മുഖത്ത് തുറിച്ചുനോക്കുന്ന 50 വർഷങ്ങളാണ് എനിക്കുള്ളത്. ഏറ്റവും മോശപ്പെട്ട കുറ്റവാളികൾക്കുപോലും നൽകുന്ന അവരുടെ തടവ് ജീവിതത്തെ അയത്നലളിതമാക്കുന്ന ഇളവുകൾ എനിക്ക് നിഷേധിക്കപ്പെടുമ്പോൾ എങ്ങനെയാണ് ഇടുങ്ങിയ തടവറയിൽ കിടന്നുകൊണ്ട് ഇത്രയും വർഷം മറികടക്കാനാവശ്യമായ ധാർമ്മികമായ ഊർജ്ജം സംഭരിക്കാനാകുക? അതിനാൽ ഒന്നുകിൽ എനിക്ക് (എ) മോചനം അല്ലെങ്കിൽ (ബി) നാലുമാസത്തിലൊരിക്കൽ ബന്ധുജനങ്ങളെ കാണാനുള്ള അവസരം ലഭിക്കും. ദൗർഭാഗ്യവശാൽ ജയിലിൽ ആയിപ്പോയവർക്ക് അറിയാം അവരുടെ ബന്ധുമിത്രാദികളെ ഇടക്കിടെ കാണാൻ കഴിയുന്നത് എത്രമാത്രം അനുഗ്രഹീതമായ ഒന്നാണെന്നത്. (സി) 14 വർഷത്തിനുശേഷം മോചനം ലഭിക്കുക എന്നത് ധാർമ്മികമായ, നിയമപരമായല്ലെങ്കിലും, അവകാശം കൂടിയാണ്. (ഡി) അതുപോലെത്തന്നെ കത്തുകൾ എഴുതാനും മറ്റുമുള്ള ചെറിയ അവകാശങ്ങളും. ഇനി എന്നെ ഇന്ത്യൻ ജയിലുകളിലേയ്ക്ക് അയക്കുന്നില്ലെങ്കിൽ മറ്റേത് കുറ്റവാളിയേയുംപോലെ 5 വർഷങ്ങൾക്കുശേഷം എന്റെ കുടുംബത്തെ സന്ദർശിക്കാനായി ലീവ് അനുവദിച്ച് ശുഭാപ്തി വിശ്വാസത്തോടെ ജയിലിന് പുറത്തേക്ക് അയയ്ക്കേണ്ടതാണ്. ഇത് അനുവദിക്കുകയാണെങ്കിൽ, അവശേഷിക്കുന്ന ഒരേയൊരു പരാതി, സ്വന്തം തെറ്റുകുറ്റങ്ങൾക്ക് മാത്രമേ ഞാൻ ഉത്തരവാദിയാകുന്നുള്ളൂ, മറ്റുള്ളവരുടെ തെറ്റ് കുറ്റങ്ങൾക്ക് ഞാൻ ഉത്തരവാദിയല്ല എന്നതാണ്. ഇക്കാര്യത്തിന്–എല്ലാ മനുഷ്യരുടെയും അടിസ്ഥാന അവകാശത്തിനുവേണ്ടി അഭ്യർത്ഥിക്കുക എന്നത് തീർച്ചയായും ദയനീയമായ ഒന്നാണ്. ഒരു വശത്ത് ചെറുപ്പക്കാരും പ്രവർത്തനനിരതരും അസ്വസ്ഥരുമായ പതിരുപത് ചെറുപ്പക്കാരും മറുവശത്ത് ഒരു കുറ്റവാളി സമൂഹത്തിന് മേലുള്ള നിയന്ത്രണങ്ങൾ. ചിന്തയുടെയും ആവിഷ്കാരത്തിന്റെയും സ്വാതന്ത്ര്യങ്ങളെ സാധ്യമായ ഏറ്റവും ഇടുക്കത്തിലെത്തിക്കുക എന്ന ആ നിയന്ത്രണങ്ങളുടെ സ്വഭാവം. ഇതെല്ലാംകൊണ്ട് അവരിൽ ചിലർ ഒന്നോ രണ്ടോ നിയന്ത്രിത ചട്ടങ്ങളെ അതിലംഘിക്കുന്നതായി കാണുകഅത്യന്താപേക്ഷിതമാണ്.

അവസാനമായി ബഹുമാനപ്പെട്ട അങ്ങയോട് 1911ൽ ഞാൻ അയച്ച ദയാഹർജിയിലൂടെ കടന്നുപോകുന്നത് നന്നായിരിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു. അത് അനുവദിച്ചുകിട്ടാൻ ഇന്ത്യൻ ഗവണ്മെന്റിന് അയച്ചുകൊടുക്കുകയുണ്ടായോ? ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ടായ പുതിയ വികാസങ്ങളും അവയോട് ഗവണ്മെന്റ് എടുക്കുന്ന സൗഹാർദ്ദപൂർവ്വമായ നയങ്ങളും ഭരണഘടനാപരമായ രീതികൾ ഒന്നുകൂടി തുറന്നുതരുന്നുണ്ട്. ഇന്ന് ഇന്ത്യയുടെ നന്മയും മനുഷ്യത്വവും ഉള്ളിലുള്ള ഒരാളും മുൾപ്പാതകളിലേക്ക് അന്ധമായി എടുത്തുചാടില്ല. 1906–07ലെ ആവേശോജ്ജ്വലവും അതേസമയം നിരാശാജനകവുമായ അക്കാലം ഞങ്ങളെ സമാധാനത്തിന്റെയും പുരോഗതിയുടെയും പാതയിൽനിന്ന് ഞങ്ങളെ വ്യതിചലിപ്പിച്ചു. അതിനാൽ ഗവണ്മെന്റ് അതിന്റെ ഉദാരതയാലും കരുണയാലും എന്നെ വിമോചിപ്പിക്കുകയാണെങ്കിൽ ഭരണഘടനാപരമായ പുരോഗതിയുടെയും ആ പുരോഗതിയുടെ മുൻകൂർ അവസ്ഥയായ ഇംഗ്ലീഷ് ഗവണ്മെന്റിനോടുള്ള വിധേയത്വത്തിന്റെയും ഏറ്റവും ശക്തനായ വക്താക്കളിൽ ഒരാളല്ലാതെ മറ്റാരും ആയിരിക്കില്ല ഞാൻ. ഞങ്ങൾ ജയിലിലായിരിക്കുന്നിടത്തോളം കാലം പൊന്നുതമ്പുരാന്റെ ഇന്ത്യൻ പ്രജകളുടെ നൂറുകണക്കിനും ആയിരക്കണക്കിനുമുള്ള വീടുകളിൽ ശരിയായ ആഹ്ലാദമോ സന്തുഷ്ടിയോ ഉണ്ടായിരിക്കില്ല. കാരണം രക്തം വെള്ളത്തേക്കാൾ കട്ടിയുള്ളതാണ്. അതേസമയം ഞങ്ങൾ വിമോചിതരാകുകയാണെങ്കിൽ ജനങ്ങൾ സന്തോഷത്തിന്റെയും നന്ദിയുടെയും ഉദ്ഘോഷം, എങ്ങനെ തെറ്റുതിരുത്തിപ്പിക്കണം പൊറുക്കണം എന്നറിയുന്ന ഗവണ്മെന്റിന് നേരെ, സ്വാഭാവികമായി ഉയരും. അതിലുപരിയായി ഭരണഘടനയ്ക്ക് വിധേയപ്പെടാനുള്ള എന്റെ മനംമാറ്റം എന്നെ മാർഗ്ഗദർശിയായിക്കാണുന്ന ഇന്ത്യയിലും വിദേശത്തുമുള്ള നിരവധി വഴിതെറ്റിയ ചെറുപ്പക്കാരെ മടക്കിക്കൊണ്ടുവരും. ഗവണ്മെന്റ് ആഗ്രഹിക്കുന്നതനുസരിച്ച് ഏത് തരത്തിൽ സേവിക്കാനും ഞാൻ തയ്യാറാണ്. കാരണം എന്റെ മനംമാറ്റം പരിപൂർണ്ണമാണ്. ഭാവിയിൽ എന്റെ പെരുമാറ്റവും അങ്ങനെത്തന്നെയായിരിക്കും എന്ന് ഞാൻ കരുതുന്നു. എന്നെ ജയിലിൽത്തന്നെ പിടിച്ചിടുന്ന അവസ്ഥയെ മറ്റേത് അവസ്ഥയുമായി താരതമ്യപ്പെടുത്തുന്നതിലും കാര്യമില്ല. ഞങ്ങളുടെ തമ്പുരാന് ദയാനിർഭരനായിരിക്കാൻ കഴിവുണ്ടായിരിക്കേ, മുടിയനായ പുത്രൻ ഗവണ്മെന്റിന്റെ രക്ഷാകർത്തൃത്വത്തിന്റെ വാതിലുകളിലേയ്ക്കല്ലാതെ മറ്റെങ്ങോട്ടാണ് മടങ്ങുക? ബഹുമാന്യനായ അങ്ങ് ഇക്കാര്യങ്ങൾ ഗൗരവത്തിലെടുക്കും എന്ന് പ്രത്യാശിക്കുന്നു. (പി. എൻ.ഗോപീകൃഷ്ണൻ, പേജ് 125)

ആന്റമാനിലെ ജയിലിലെത്തും മുമ്പുവരെ വി.ഡി.സവർക്കർ മുസ്ലീം വിരുദ്ധനായിരുന്നില്ല. മറിച്ച് കടുത്ത ബ്രിട്ടീഷ് വിരുദ്ധനായിരുന്നു. 1907 ൽ അദ്ദേഹം രചിച്ച 'ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം 1857' എന്ന കൃതിയിൽ ഹിന്ദുക്കളും മുസ്ലീംങ്ങളും സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം വിശദമായി വ്യക്തമാക്കുന്നുണ്ട്. മറാത്ത ഭാഷയിൽ രചിച്ച ആ കൃതി 1909ൽ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തി ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചു. ഉടൻ തന്നെ ആ കൃതി നിരോധിക്കപ്പെടുകയും ചെയ്തു. ആ കൃതിയുടെ ആമുഖത്തിൽ സവർക്കർ പറയുന്നു '...മുഹമ്മദീയരോട് വിദ്വേഷ വികാരം, ശിവജിയുടെ കാലത്ത് ന്യായവും ആവശ്യവുമായിരുന്നു. എന്നാൽ ഇന്ന് അതേ വികാരം വച്ചുപുലർത്തുന്നത് അന്യായവും അനാവശ്യവുമാണ്. ചരിത്രത്തിൽ നിന്ന് ആശയവും ആദർശവും ആറ്റിക്കുറുക്കിയെടുക്കണം. വെറും സംഭവങ്ങളായി അതിനെ കണ്ടാൽ പോരാ...' (എ.ജി.നൂറാണി, പേജ് 49, ചിന്താ പബ്ലിഷേഴ്സ് മൂന്നാം പതിപ്പ് 2017)

1857ലെ പോരാട്ടത്തിൽ മുസ്ലീംങ്ങൾ വഹിച്ച പങ്കിനെപ്പറ്റി അദ്ദേഹം പറയുന്നു: '... മൗലവിമാർ ഉദ്ബോധിപ്പിച്ച ആദർശം എന്തായിരുന്നു? ബ്രാഹ്മണ പണ്ഡിതർ ആശംസിച്ച ആശയം എന്തായിരുന്നു? ഡൽഹിയിലെ പള്ളികളിൽനിന്നും കാശിയിലെ ക്ഷേത്രങ്ങളിൽനിന്നും അന്തരീക്ഷത്തിൽനിന്നും ഉയർന്ന വിജയമന്ത്രം എന്തിനുവേണ്ടിയായിരുന്നു? സ്വധർമ്മവും സ്വാതന്ത്ര്യവുമാണ് ആ ആദർശവും ആശയവും. ജീവനെക്കാൾ പ്രിയപ്പെട്ട മതം അപായത്തിലാണ് എന്നറിഞ്ഞപ്പോൾ അതിനെ രക്ഷിക്കാൻ 'ദീൻ ദീൻ' എന്ന മുറവിളി മുഴങ്ങി. സ്വരാജ്യം നേടാനുള്ള ആഗ്രഹത്തോടെ അടിമത്തച്ചങ്ങല ആഞ്ഞുകുലുക്കി ഹിന്ദുസ്ഥാനിലെ സന്താനങ്ങൾ അസ്ഥികളും മജ്ജകളും കൊണ്ട് സ്വധർമ്മവും സ്വരാജ്യവും സ്ഥാപിക്കാൻ സന്നദ്ധരായി. (എ.ജി. നൂറാണി, പേജ് 50)

ഇങ്ങനെ മുസ്ലീംങ്ങളും ഹിന്ദുക്കളും ഒരുമിച്ച്, ബ്രിട്ടീഷ് ഭരണത്തെ പുറത്താക്കാൻ ആവേശത്തോടെ ഹിന്ദുക്കളോട് പറയുന്ന സവർക്കർ എന്തുകൊണ്ട്, എങ്ങനെ, കടുത്ത മുസ്ലീം വിരുദ്ധനും ബ്രിട്ടീഷുകാരോട് സഖ്യം ചേരുന്നവനുമായി മാറി? രണ്ടു സാധ്യതകളേ ഈ വിഷയത്തിലുള്ളൂ. ഒന്നുകിൽ ജയിലിൽ അനുഭവങ്ങൾ അദ്ദേഹത്തിന്റെ മാനസിക നിലയുടെ താളം തെറ്റിച്ചു. അല്ലെങ്കിൽ ജീവിതാസക്തിമൂലം വിപ്ലവവും രാജ്യ സ്നേഹവും ഉപേക്ഷിച്ച് ബ്രിട്ടീഷ് സേവകനായി ജീവിക്കുന്നതാണ് ഉചിതമെന്ന് അദ്ദേഹത്തിന്റെ പ്രായോഗിക ബുദ്ധി തീരുമാനിച്ചു. ഇതിൽ രണ്ടാമത്തേതിനാണ് സാധ്യത. കാരണം, അതിബുദ്ധിമാനും അനേകരെ സ്വാധീനിക്കാൻ കഴിയുന്നത്ര പ്രഭാവശാലിയുമായിരുന്ന അദ്ദേഹത്തിന്റെ കാര്യകാരണ വിവേചന ബുദ്ധിക്ക് മരണം വരെ തകരാറുണ്ടായിരുന്നതായി കാണപ്പെട്ടന്നില്ല. മാത്രമല്ല 1913 ലെഴുതിയ അദ്ദേഹത്തിന്റെ മാപ്പപേക്ഷയുടെ

(ശേഷം 14-ാം പേജിൽ)

**വിപ്ലവകാരിയായി നിലകൊണ്ടുകൊണ്ട് രക്തസാക്ഷിത്വം വരിക്കാനുള്ള ധൈര്യമോ അതല്ലെങ്കിൽ തന്റെ മാറിയ മനസ്സ് തുറന്നുപറഞ്ഞ് ജനങ്ങളെ അഭിമുഖീകരിച്ച് നിലകൊള്ളാനുള്ള ധൈര്യമോ ഇല്ലാത്ത ഒരു പരമ ഭീരുവിന് ജനങ്ങളോടൊപ്പം നിന്ന് ഏറ്റവും കൗശലപൂർവ്വം ബ്രിട്ടീഷ് ഭരണകൂടത്തിന് ചെയ്തുകൊടുക്കാൻ കഴിയുന്ന സേവന പ്രവർത്തനമാണ് 'ഹിന്ദുത്വം' എന്ന ആശയത്തിന്റെ പ്രചാരണത്തിലൂടെ സവർക്കർ നിർവ്വഹിച്ചത്.**

**ഇറാൻ ജനതയ്ക്ക് ഐക്യദാർഢ്യം...**




ഇറാനിലെ പൊരുതുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം അർപ്പിച്ചുകൊണ്ട് കൊല്ലത്തു നടന്ന പരിപാടി എസ് യുസിഐ(സി) ജില്ലാ സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.

**കോട്ടയം ജില്ലാ വനിതാസമ്മേളനം...**




നാലാമത് കോട്ടയം ജില്ലാവനിതാ സമ്മേളനം അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് സൗഭാഗ്യകുമാരി ഉദ്ഘാടനം ചെയ്യുന്നു.

**കൂട്ടിക്കൽ ജപ്തി നടപടികൾക്കെതിരെ...**



കൂട്ടിക്കൽ പ്രളയബാധിതമേഖലയിലെ ജപ്തി നടപടികൾക്കെതിരെ കോട്ടയത്ത് കേരളബാങ്കിനുമുന്നിൽ നടന്ന പ്രതിഷേധ ധർണയിൽ മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

# ഹിന്ദു-മുസ്ലീം ദ്വിരാഷ്ട്ര വാദം മൂഢത്വം; അനേകം ദേശീയതകൾ ഒന്നു ചേർന്നാണ് ആധുനിക ഇന്ത്യ രൂപപ്പെട്ടത്

## സംഘപരിവാറും സ്വാതന്ത്ര്യസമരവും

(13-ാം പേജിൽ നിന്ന്)

സ്വരവും അതിന്റെ ഭഷയും ആശയവും അദ്ദേഹത്തിന്റെ പിൽക്കാല ജീവിത നിലപാടുകളുമായി പൂർണ്ണമായി ഒത്തുപോകുന്നതായിരുന്നു.

'...1906-07 ആവേശോജ്ജ്വലവും അതേസമയം നിരാശാ ജനകവുമായ അക്കാലം ഞങ്ങളെ സാമാധാനത്തിന്റെയും പുരോഗതിയുടെയും പാതയിൽനിന്ന് വ്യതിചലിപ്പിച്ചു. അതിനാൽ ഗവണ്മെന്റ് അതിന്റെ ഉദാരതയാലും കരുണയാലും എന്നെ മോചിപ്പിക്കുകയാണെങ്കിൽ ഭരണഘടനാപരമായ പുരോഗതിയുടെയും ആ പുരോഗതിയുടെ മുന്നുപാധിയായ ഇംഗ്ലീഷ് ഗവണ്മെന്റിനോടുള്ള വിധേയത്വത്തിന്റെ ഏറ്റവും ശക്തമായ വക്താക്കളിൽ ഒരാളല്ലാതെ മറ്റാരുമായിരിക്കില്ല ഞാൻ...

...അതിലുമുപരി ഭരണഘടനയ്ക്ക് വിധേയപ്പെടാനുള്ള എന്റെ മനംമാറ്റം എന്നെ മാർഗ്ഗദർശിയായി കാണുന്ന ഇന്ത്യയിലും വിദേശത്തുമുള്ള നിരവധി വഴിതെറ്റിയ ചെറുപ്പക്കാരെ മടക്കിക്കൊണ്ടുവരും. ഗവണ്മെന്റാഗ്രഹിക്കുന്നതിനനുസരിച്ച് ഏതുതരത്തിൽ സേവിക്കാനുംഞാൻ തയ്യാറാണ്.'

ഈ അവസാന വാക്യങ്ങൾ എന്താണ് സൂചിപ്പിക്കുന്നത്? സ്വാതന്ത്ര്യ സമര പോരാളിയായി തുടരുന്ന ഒരാൾക്ക് എങ്ങനെയാണ് അതേസമയം ബ്രിട്ടീഷ് സേവ നടത്താനാകുക? നിവൃത്തികേടുകൊണ്ട് മാപ്പപേക്ഷ എഴുതിയാൽപ്പോലും ഉള്ളിൽ രാജ്യസ്നേഹം തുടിക്കുന്ന ഒരാൾക്ക് എങ്ങനെയാണ് ബ്രിട്ടീഷ്സേവ നടത്താനാകുക? ബ്രിട്ടീഷ് സേവകനാകുന്ന ഒരാൾക്ക് എങ്ങനെയാണ് വിപ്ലവകാരികളെ ബ്രിട്ടീഷനുകൂലികളാക്കാൻ കഴിയുക?

വിപ്ലവകാരിയായി നിലകൊണ്ടുകൊണ്ട് രക്തസാക്ഷിത്വം വരിക്കാനുള്ള ധൈര്യമോ അതല്ലെങ്കിൽ തന്റെ മാറിയ മനസ്സ് തുറന്നുപറഞ്ഞ് ജനങ്ങളെ അഭിമുഖീകരിച്ച് നിലകൊള്ളാനുള്ള ധൈര്യമോ ഇല്ലാത്ത ഒരു പരമ ഭീരുവിന് ജനങ്ങളോടൊപ്പം നിന്ന് ഏറ്റവും കൗശലപൂർവ്വം ബ്രിട്ടീഷ് ഭരണകൂടത്തിന് ചെയ്തുകൊടുക്കാൻ കഴിയുന്ന സേവന പ്രവർത്തനമാണ് 'ഹിന്ദുത്വം' എന്ന ആശയത്തിന്റെ പ്രചാരണത്തിലൂടെ സവർക്കർ നിർവ്വഹിച്ചത്. ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭത്തിന് സാംഗത്യമില്ലെന്നും മറ്റ് മതങ്ങൾക്കെതിരായ പ്രക്ഷോഭമാണ് ആവശ്യമെന്നും സമർത്ഥിച്ചുകൊണ്ട് ചൂഷക ഭരണകൂടത്തിന് പിന്നിൽ ജനങ്ങളെ അണിനിരത്തുന്ന ആശയം അതിനായി അദ്ദേഹം നിർമ്മിച്ചെടുത്തു. അതാണ് 'ഹിന്ദുത്വം'.

ദേശീയ പ്രസ്ഥാനത്തെ തുരങ്കംവയ്ക്കുവാനും ജനങ്ങളുടെ ഐക്യം തകർത്ത് നാടിനെ ആന്തരികമായി ദുർബലപ്പെടുത്താനും പറ്റിയ ഏറ്റവും നികൃഷ്ടമായ വിഷപ്രയോഗമാണ് അദ്ദേഹം ഇതിലൂടെ നടത്തിയത്. ഇതേ ആശയത്തിന്റെ വിപുലമായ ആഖ്യാനങ്ങളും വ്യാഖ്യാനങ്ങളുമാണ് എം.എസ്.ഗോൾവാൾക്കർ അദ്ദേഹത്തിന്റെ കൃതികളായ 'We or Our Nationhood Defined', 'Bunch of Thought's' എന്നീ കൃതികളിലൂടെ നടത്തിയിട്ടുള്ളത്. ഇതേ ആശയമാണ് "സാംസ്ക്കാരിക ദേശീയത' എന്ന പേരിൽ ബിജെപി കാലങ്ങളായി പ്രചരിപ്പിച്ച് വരുന്നത്.

> **"ഹിന്ദു എന്നൊരു മതമേ ഇല്ലല്ലോ", എന്നാണ് ശ്രീനാരായണ ഗുരു പറഞ്ഞത്. അങ്ങനെ ഒരു മതമുണ്ടെങ്കിൽ അത് വിവിധ മതങ്ങളുടെ പൊതുവായ ഒരു വിളിപ്പേര് മാത്രമാണെന്നും, ഭാരതത്തിൽ ജനിച്ച മതങ്ങളെയെല്ലാം ചേർത്ത് ഹിന്ദു എന്ന ഒരുപേരിട്ട് വിളിക്കാൻ കഴിയുമെങ്കിൽ ക്രിസ്തുമതവും ഇസ്ലാം മതവും ഉൾപ്പെടെയുള്ള എല്ലാ മതങ്ങളിലെയും നല്ല അംശങ്ങളെയും കൂട്ടിച്ചേർത്ത് ഒരു വിശ്വമാനവമതം ഉണ്ടാക്കുകയല്ലേ വേണ്ടത് എന്നും അദ്ദേഹം ചോദിക്കുകയുണ്ടായി.**

1936ൽ ഗോൾവർക്കർ രചിച്ച We or our nationhood defined എന്ന കൃതിയിൽ പറയുന്നു, ..."ജർമ്മൻകാരുടെ ഗോത്രാഭിമാനം ഇന്ന് ചർച്ചാ വിഷയമാണ്. വർഗ്ഗ മഹിമയും പരിശുദ്ധിയും നിലനിർത്താൻ സെമിറ്റിക് വംശജരായ ജൂതന്മാരെപുകച്ചുപുറത്തുചാടിച്ചുകൊണ്ട് ജർമ്മനി ലോകത്തെ പിടിച്ചു കുലുക്കിയിരിക്കുന്നു. കുലമഹിമ അതിന്റ പാരമ്യത്തിലെത്തിയിരിക്കുന്നു എന്നതിന്റെ സ്പഷ്ടമായ ഉദാഹരണമാണിത്. ഇവിടെ ജർമ്മൻകാരിൽ നിന്നും നാം ഒരുകാര്യം ഉൾക്കൊള്ളണം. അഭിപ്രായഭിന്നത അടിവേരുകളോളം എത്തിനിൽക്കുന്ന വ്യത്യസ്ത വർഗ്ഗങ്ങളും സംസ്കാരങ്ങളും സ്വാംശീകരിക്കപ്പെടും എന്ന അഭിപ്രായം സാഹസികമാണ്. ഹിന്ദുരാജ്യത്ത് ജീവിക്കുന്ന നമുക്ക് ഇതൊരു ഗുണപാഠമാണ്."(പേജ് 35)

"അഹിന്ദുക്കൾ ഹിന്ദുസ്ഥാനിൽ ഹിന്ദു സംസ്ക്കാരവും ഭാഷയും സ്വീകരിക്കണം. ഹിന്ദു മതത്തെ ബഹുമാനിക്കാനും അതിനോട് ദയാഭക്തി (Reverence) പുലർത്താനും പഠിക്കണം. ഹിന്ദുവിന്റെ വംശീയതയെയും സംസ്കാരത്തെയും ഉജ്ജ്വലമായി പ്രോത്സാഹിപ്പിക്കുകയല്ലാതെ മറ്റൊരു ചിന്തയെയും പ്രോത്സാഹിപ്പിക്കരുത്. അതായത് അവർ ഈ നാടിനോട് ദീർഘകാലമായി പുലർത്തി വരുന്ന അസഹിഷ്ണുതയും അനാദരവും അവസാനിപ്പിക്കുക. പകരം അതിനെ സ്നേഹിക്കാനും പൂജിക്കാനും തയ്യാറാകണം. ഒറ്റവാക്കിൽ അവർ വിദേശികളാണെന്ന കാര്യം മറക്കണം. അതിനു കഴിയുന്നില്ലെങ്കിൽ ഒരാനുകൂല്യവും അവകാശപ്പെടാതെ ഒരു പ്രത്യേക പരഗണനയും ആഗ്രഹിക്കാതെ (പൗരാവകാശംപോലും ചോദിക്കാതെ) ഹിന്ദുരാഷ്ട്രത്തിന്റെ ഭാഗമായി അവർക്കിവിടെ ജീവിക്കാം." (We or Our Nationhood Defined, പേജ് 47, 48)

എത്ര വിദഗ്ധമായാണ് ഈ രാജ്യത്തെ ജനങ്ങളെ അവർ "വിദേശികളാണെന്ന കാര്യം മറക്കണം" എന്ന പ്രസ്താവനയിലൂടെ രാഷ്ട്രഗാത്രത്തിൽനിന്ന് പുറത്താക്കിയത്! അവർ വിഭാവനം ചെയ്യുന്ന ഹിന്ദുരാഷ്ട്രത്തിലെ അവസ്ഥ എത്രമാത്രം ഭീകരമാണെന്ന് മനസ്സിലാക്കാൻ ഇതു മതിയാകും. അഹിന്ദുക്കൾക്ക് പൗരാവകാശം പോലും അവകാശമില്ല എന്ന് പറയുന്നവർ എത്രമാത്രം ജനാധിപത്യവിരുദ്ധരാണ് എന്ന് ഊഹിക്കാവുന്നതേയുള്ളൂ. തുല്യതയ്ക്കും സാമൂഹ്യവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തിനുമുള്ള അവകാശമാണ് പൗരസ്വാതന്ത്ര്യം. ജനാധിപത്യത്തിന്റ അടിസ്ഥാനമാണ് പൗരൻ എന്ന സങ്കൽപ്പം. തുല്യതയാണ് അതിന്റെ പ്രധാന സവിശേഷത. രാജാവും പ്രജകളും മാത്രമുള്ള ഫ്യൂഡൽ സമൂഹത്തിൽ തുല്യത എന്ന സങ്കൽപ്പം അസാധ്യമാണ്. ഗോൾവാൾക്കർ വിഭാവനം ചെയ്യുന്ന മാതൃകാ ഹിന്ദു രാജ്യത്ത് മനുഷ്യനോടുള്ള സമീപനമെന്തായിരിക്കുമെന്ന് സങ്കൽപ്പിച്ചു നോക്കുക! മനുഷ്യ വംശത്തിൽപ്പെടുന്ന ഏതൊരു വ്യക്തിക്കും തുല്യത ഉറപ്പുവരുത്തുന്നതാണ് ജനാധിപത്യം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നതാണ് ജനാധിപത്യത്തിന്റെ മുദ്രാവാക്യം. ഒരു ജനാധിപത്യ റിപ്പബ്ലിക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ഇവിടെ നടന്ന സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ഗോൾവാൾക്കർ പറയുന്നത് നോക്കുക.

We or Our Nationhood Defined ആമുഖത്തിൽ രണ്ടാംപേജിൽ പറയുന്നു, "എന്തിനാണ് നമ്മൾ സമരം ചെയ്യുന്നത്? എന്ത് നേടാനാണ് നമ്മുടെ സമരം? സ്വരാജ്? സ്വാതന്ത്ര്യം ? എന്താണീ സ്വാജ്, ആരുടെ സ്വാതന്ത്ര്യമാണ് നമ്മൾ ലക്ഷ്യമാക്കുന്നത്? സ്വതന്ത്രവും ശ്രേഷ്ഠവുമായ ഒരു രാഷ്ട്രം സൃഷ്ടിക്കാൻവേണ്ടിയാണോ, അതോ ഇപ്പോഴത്തെ ഭരണാധികാരികൾ കൈവശം വച്ചിരിക്കുന്ന ചില സാമ്പത്തിക, രാഷ്ട്രീയ അധികാരങ്ങൾ കൈക്കലാക്കാൻ മാത്രമാണോ നമ്മൾ പൊരുതുന്നത് ? ജനസമൂഹവും ഭരണകൂടവും തികച്ചും വ്യത്യസ്തമായ സങ്കല്പങ്ങളാണ് എന്ന കാര്യം നമ്മൾ വ്യക്തമായും ഗ്രഹിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ നമ്മൾ ഇരുട്ടിൽ തപ്പുകയും നമുക്കേറ്റവും പ്രിയങ്കരമായതിനെ നശിപ്പിക്കുന്നതിൽ ചെന്നവസാനിക്കുകയുമായിരിക്കും ഫലം. അത്തരമൊരു ദുരന്തത്തിലേക്കാണ് നമ്മൾ നീങ്ങുന്നത് എന്നാണ് കാണുന്നത്. അത് ഒഴിവാക്കണമെങ്കിൽ നമ്മൾ വ്യാമോഹം വെടിഞ്ഞ് നമ്മുടെ ലക്ഷ്യവും അതിലേക്കുള്ള മാർഗവും വ്യക്തമായി മനസ്സിലാക്കണം."

ഇന്ത്യ മതാടിസ്ഥാനത്തിലുള്ള രണ്ട് ദേശീയതകളാണ്. അവ ഒരിക്കലും ഒരുമിച്ച് പോകുകയില്ല എന്നും ബ്രിട്ടനെതിരായ പോരാട്ടമല്ല സ്വാതന്ത്ര്യസമരമെന്നും സ്ഥാപിക്കാനുള്ള ശ്രമമാണ് സവർക്കറെപ്പോലെ ഗോൾവാൾക്കറും തന്റെ രചനകളിലൂടെ നടത്തിയിട്ടുള്ളത്. അവരെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ്അധീനതയിലുള്ളഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വിശാല ജനവിഭാഗങ്ങളല്ല രാഷ്ട്രം. അഞ്ച് പൊതുഘടകങ്ങളാൽ കോർത്തിണക്കപ്പെടുന്ന ഒരു ജനതയെയാണ് രാഷ്ട്രം(Nation)എന്ന് അവർ വിവക്ഷിക്കുന്നത്. എന്നാൽ ഈ അഞ്ച് കാര്യങ്ങൾപോലും ഈ ജനതയെ കോർത്തിണക്കുന്നില്ല എന്നതാണ് വാസ്തവം. ഈ അഞ്ച് പൊതുഘടകങ്ങളാൽ കോർത്തിണക്കുവാനുള്ള വിഫലശ്രമങ്ങളാണ് ഈ കൃതികളിലുടനീളം.

ഭൂമിശാസ്ത്രപരം(country), വംശം(race, സയൻസ് വിശദീകരിക്കുന്ന വംശമല്ല ഇത്), മതം (religion), സംസ്കാരം(culture), ഭാഷ(language) എന്നിവയാണ് അവ. അതായത്, ഒരു നിശ്ചിത ഭൂപരിധിക്കുള്ളിൽ ജീവിക്കുന്ന ഒരേവംശപാരമ്പര്യമുള്ള, ഒരേ മതത്തിൽ വിശ്വസിക്കുന്ന, ഒരേ സാംസ്കാരിക പാരമ്പര്യമുള്ള, ഒരേ ഭാഷ സംസാരിക്കുന്ന ജനങ്ങളാണ് ഒരു ദേശീയ ജനവിഭാഗമായി പരിഗണിക്കപ്പെടേണ്ടവർ എന്നാണ് അവരുടെ ഭാഷ്യം.

മേൽപ്പറഞ്ഞ അഞ്ച് പൊതുഘടകങ്ങൾ ഒരു കാരണവശാലും കണ്ടെത്താൻ കഴിയാത്ത സാമൂഹ്യഘടനയാണ് ഇന്ത്യയുടേത്. ഇവരുടെ മാനദണ്ഡമനുസരിച്ചുതന്നെ വിവിധ ദേശീയതകളുടെ ഒരു വലിയ മിശ്രിതമാണ് ഇന്ത്യ. ഹിന്ദു എന്നൊരു മതത്തെയും സംസ്കൃത ഭാഷയെയും ഹിന്ദുസ്ഥാൻ എന്ന ദേശത്തെയും മുൻനിർത്തി ഒരു ജനതയെ നിർദ്ധാരണം ചെയ്ത് വേർതിരിച്ചെടുക്കാൻ വേണ്ടിയുള്ള, 'സൈദ്ധാന്തിക' കസർത്തുകളാണ് ഈ 'ധുരന്ധരന്മാർ' അവരുടെ രചനകളിലൂടെ നടത്തിയിട്ടുള്ളത്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഒഴികെയുള്ളവരെയെല്ലാം ഉൾക്കൊള്ളാനും മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും രാഷ്ട്രശത്രുക്കളായി ചിത്രീകരിക്കാനും അവർക്കെതിരെ വിപരീതോർജ്ജം വളർത്തി അതിനെ ഏകോപിപ്പിച്ച് രാഷ്ട്രീയശക്തിയാക്കി മാറ്റി അധികാരത്തിലേറുക എന്ന പദ്ധതി മാത്രമാണ് ഇവർക്കുള്ളത്. ഏതായാലും മതമെന്ന സാമാന്യ വിവക്ഷയിൽ ഒതുങ്ങുന്ന ഒന്നല്ല ഇവർ വിഭാവനം ചെയ്യുന്ന ഹിന്ദുമതം. അത് വിവിധ മതങ്ങളുടെയും സമുദായങ്ങളുടെയും ഒരു കൂട്ടമാണ്.

"ഹിന്ദു എന്നൊരു മതമേ ഇല്ലല്ലോ", എന്നാണ് വലിയ മതപണ്ഡിതനും അദ്വൈതവാദിയുമായ ശ്രീനാരായണ ഗുരു പറഞ്ഞത്. അങ്ങനെ ഒരു മതമുണ്ടെങ്കിൽ അത് വിവിധ മതങ്ങളുടെ പൊതുവായ ഒരു വിളിപ്പേര് മാത്രമാണെന്നും, സ്ഥലകാല ഭേദങ്ങൾക്കനുസരിച്ച് സമൂഹതാൽപര്യം മുൻനിർത്തി ആചാര്യന്മാർ ആവിഷ്കരിച്ച ആശയങ്ങളാണ് വിവിധ മതങ്ങളെന്നും ഭാരതത്തിൽ ജനിച്ച മതങ്ങളെയെല്ലാം ചേർത്ത് ഹിന്ദു എന്ന ഒരുപേരിട്ട് വിളിക്കാൻ കഴിയുമെങ്കിൽ ക്രിസ്തുമതവും ഇസ്ലാം മതവും ഉൾപ്പെടെയുള്ള എല്ലാ മതങ്ങളിലെയും നല്ല അംശങ്ങളെയും കൂട്ടിച്ചേർത്ത് ഒരു വിശ്വമാനവമതം ഉണ്ടാക്കുകയല്ലേ വേണ്ടത് എന്നും അദ്ദേഹം ചോദിക്കുകയുണ്ടായി. സി.വി.കുഞ്ഞിരാമനുമായി നടന്ന ചർച്ചയിൽ ഈ വിഷയം ഗുരു വിശദമായി ചർച്ച ചെയ്യുന്നുണ്ട്. (എം.കെ.സാനു, നാരായണ ഗുരുസ്വാമി, പേജ് 353) അദ്വൈത ദർശനത്തെ മുൻനിർത്തി എല്ലാ പ്രതിഭാസങ്ങളിലും ഏകത്വം കണ്ടെത്താൻ ശ്രമിച്ച ഗുരുവിനെപ്പോലെയുള്ള യഥാർത്ഥ മനുഷ്യസ്നേഹികളുടെ ദർശനങ്ങളിൽനിന്നും എത്ര അകലെയാണ് ഹിന്ദുത്വം എന്നത് ഇതിൽ നിന്നും മനസ്സിലാകും.

സംസ്കൃതം ഇന്ത്യയിലെ ഭാഷകളുടെയെല്ലാം പൊതുവായ അടിസ്ഥാനമാണെന്നും ഇന്ത്യൻ ഭാഷകളെല്ലാം സംസ്കൃതജന്യമാണെന്നും അതിനാൽ ഇന്ത്യയിലാകെ ഒരു ഭാഷയാണ് ഉള്ളത് എന്നുമാണ് ഗോൾവാൾക്കറുടെ വിശദീകരണം. എന്നാൽ ബഹുഭൂരിപക്ഷം ഇന്ത്യൻ ഭാഷകളുടെയും ഉറവിടം സംസ്കൃതമല്ല. പാലിയും തമിഴും സംസ്കൃതത്തെക്കാൾ പഴക്കമുള്ള ഭാഷകളാണ്. ദക്ഷിണേന്ത്യൻ ഭഷകളായ തമിഴ്, മലയാളം, തെലുങ്ക്, കന്നഡ ഇവയൊന്നും സംസ്കൃതത്തിൽനിന്നും ഉണ്ടായിട്ടുള്ളതല്ല. ഇന്ത്യയിലെ ആദിമ നിവാസികളായ ജനവിഭാഗങ്ങളെല്ലാം സംസ്കൃതവുമായി യാതൊരു ബന്ധവുമില്ലാത്ത ഭാഷകളാണ് സംസാരിക്കുന്നത്. സ്വാമി വിവേകാനന്ദന്റെ വിഖ്യാതമായ ചിക്കാഗോ പ്രസംഗത്തിൽ മത സങ്കുചിത വാദികളെ വിശേഷിപ്പിക്കുവാൻ സൂചിപ്പിക്കുന്ന കിണറ്റിലെ തവളകളുടെ ഉദാഹരണം ഏറ്റവും യോ

(ശേഷം 15-ാം പേജിൽ)

# മലബാർ സിമന്റ്സിലെ വി.ശശീന്ദ്രന്റെയും മക്കളുടെയും ദാരുണ മരണം: പ്രതികൾക്കുവേണ്ടി രാഷ്ട്രീയകൂട്ടുകെട്ട് നിയമവാഴ്ചയെ അട്ടിമറിക്കുന്നു

മലബാർ സിമന്റ്സിലെ മുൻ കമ്പനി സെക്രട്ടറിയും ഇന്റേണൽ ഓഡിറ്ററുമായിരുന്ന വി.ശശീന്ദ്രന്റെയും മക്കളുടെയും മരണം ആത്മഹത്യയാണെന്ന കുറ്റപത്രം തയ്യാറാക്കിയ സിബിഐയെ കഴിഞ്ഞ നവംബർ 30ന് അതിരൂക്ഷമായി ഹൈക്കോടതി വിമർശിക്കുകയുണ്ടായി. കൊലപാതകക്കുറ്റവും പ്രതികളുടെ പങ്കും കുറ്റപത്രത്തിൽനിന്ന്ഒഴിവാക്കാൻസിബിഐ മന:പൂർവം ശ്രമിച്ചു എന്നും വസ്തുതകൾ ഇല്ലാതെ ചില ഊഹങ്ങൾ കെട്ടിച്ചമച്ചാണ് സിബിഐ റിപ്പോർട്ട് നൽകിയത് എന്നും മുൻനിര അന്വേഷണ ഏജൻസി എന്ന സിബിഐയുടെ കീർത്തിക്ക് കളങ്കമാണ് ഈ കേസ് അന്വേഷണവും കുറ്റപത്രം സമർപ്പണവും എന്നും കോടതി കുറ്റപ്പെടുത്തിയിരിക്കുന്നു. കൃത്യ വിലോപം കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കോടതി നിർദേശിച്ചിരിക്കുന്നു. പാതി വെന്ത ഒരു റിപ്പോർട്ട് നൽകി കോടതിയെ വിഡ്ഢിവേഷം കെട്ടിക്കാനാണ് സിബിഐ ശ്രമിച്ചതെന്നും കോടതി രൂക്ഷമായി പ്രതികരിച്ചു.

11 വർഷങ്ങൾക്ക് മുൻപ് നടന്ന ശശീന്ദ്രന്റെയും മക്കളുടെയും ദാരുണ മരണം, അക്കാലത്തുതന്നെ കേരളത്തിൽ വലിയ ആശങ്കയും സംശയങ്ങളും ഉയർത്തിയിരുന്നു. ഇപ്പോൾ കോടതി നടത്തിയ പ്രതികരണം ജനങ്ങളുടെ ആശങ്കകളെ ശരിവയ്ക്കുകയാണ്. അപസർപ്പക സിനിമാകഥകൾക്ക് സമാനമായ സംഭവവികാസങ്ങളാണ് മരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത്. 2011 ജനുവരി 24നാണ് ശശീന്ദ്രനും മക്കളായ വിവേക് (11), വ്യാസ് (8) എന്നിവരും ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത്. സ്വന്തം വീട്ടിനുള്ളിൽ തൂങ്ങി മരിച്ച നിലയിലാണ് മൂവരെയും കണ്ടെത്തിയത്. ശശീന്ദ്രന്റെ ഭാര്യയും കുട്ടികളുടെ മാതാവുമായ ടീന ജോലി കഴിഞ്ഞ് വീട്ടിലെത്തുന്നതിന് മുമ്പുതന്നെ മൂന്നുപേരും മരിച്ചു കഴിഞ്ഞിരുന്നു. വീടിനുള്ളിൽ, വണ്ണമുള്ള പ്ലാസ്റ്റിക് കയറുകളിൽ കെട്ടിത്തൂങ്ങി മരിച്ച നിലയിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. തൂങ്ങിമരിക്കാൻ ഉപയോഗിച്ച പുതിയ പ്ലാസ്റ്റിക് കയർ ആ വീട്ടിൽ ഉണ്ടായിരുന്നതല്ല. വീട് പുറത്തുനിന്ന് പൂട്ടിയിരുന്നതായി അന്ന് വാർത്തകളിൽ ചൂണ്ടിക്കാട്ടിയിരുന്നു. തൂങ്ങിമരിച്ചു എന്ന് സിബിഐ പറയുന്ന ശശീന്ദ്രന്റെ മൃതദേഹത്തിലെ 9 മുറിവുകൾ എങ്ങനെ ഉണ്ടായി എന്ന് അന്വേഷണസംഘം വ്യക്തമാക്കിയിട്ടില്ല. വീടിന്റെ കതകിലും മറ്റും കണ്ട രക്തക്കറകൾ എങ്ങനെ ഉണ്ടായി എന്നും വ്യക്തമാക്കിയിട്ടില്ല.

മലബാർ സിമന്റ്സ് കമ്പനിയുമായി ബന്ധപ്പെട്ട് നടന്ന വിവിധ ഇടപാടുകളിലൂടെ നടന്ന അഴിമതികൾ സംബന്ധിച്ച് 5 വിജിലൻസ് കേസുകൾ നിലനിന്നിരുന്നു. അതിൽ 3 കേസുകളുടെ ചാർജ്ജ് ഷീറ്റ് തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിക്കാൻ മൂന്നു ദിവസം മാത്രം അവശേഷിക്കെയാണ് കേസിലെ പ്രധാന സാക്ഷിയായ ശശീന്ദ്രൻ മരണപ്പെട്ടത്. എന്നാൽ, ശശീന്ദ്രന്റെ മരണത്തിന് ഉത്തരവാദിയെന്ന നിലയിൽ ആരോപണ വിധേയനായ വ്യക്തിയെ കുറ്റ വിമുക്ത മാക്കത്തക്കവിധമാണ് സി.ബി.ഐ. കുറ്റപത്രം തയ്യാറാക്കിയത്. മലബാർ സിമന്റ്സിലെ മാനേജിംഗ് ഡയക്ടർ സുന്ദരമൂർത്തിയും അദ്ദേഹത്തിന്റെ സെക്രട്ടറിയും കമ്പനി രഹസ്യങ്ങൾ പുറത്തുള്ളവർക്ക് ചോർത്തി നല്കുന്നുവെന്ന് ശശീന്ദ്രൻ മുഖ്യമന്ത്രിക്ക് പരാതി അയച്ചു എന്നും കമ്പനിയിലെ അഴിമതിയുടെ ഗുണഭോക്താവായ വി.എം. രാധാകൃഷ്ണൻ എന്ന വ്യക്തിയുടെ പ്രേരണയാൽ മാനേജിംഗ് ഡയറക്ടറും അദ്ദേഹത്തിന്റെ സെക്രട്ടറിയും ചേർന്ന് ശശീന്ദ്രനെ ഭീഷണിപ്പെടുത്തുകയുംബുദ്ധിമുട്ടിക്കുകയും അതിൽ മനംനൊന്ത് അദ്ദേഹം ജോലി രാജി വയ്ക്കുകയും ചെയ്തു എന്നും സി.ബി.ഐ. പറയുന്നു. ജോലി രാജിവച്ച ശശീന്ദ്രന് കേരളത്തിൽ ഒരിടത്തും ഇനി ജോലി ലഭിക്കില്ല എന്ന് വി.എം രാധാകൃഷ്ണൻ ഭീഷണിപ്പെടുത്തിയതായും സി.ബി.ഐ. പറയുന്നു. ഈ വിധത്തിലുള്ള പീഡനത്തിലും ഭീഷണിയിലും മനം നൊന്ത് ശശീന്ദ്രൻ മക്കളുമൊത്ത് ആത്മഹത്യ ചെയ്യുകയായിരുന്നു എന്നാണ് സി.ബി.ഐ യുടെ ഭാഷ്യം.

ഭാര്യയെ ഒഴിവാക്കി, ഭാര്യ ജോലി കഴിഞ്ഞ് വരുന്നതുവരെ കാത്തിരിക്കാതെ മക്കളുമൊത്ത് ശശീന്ദ്രൻ ആത്മഹത്യ ചെയ്തത് എന്തിന് എന്നത് ഉൾപ്പെടെയുള്ള ധാരാളം കാര്യങ്ങൾ കൃത്യമായി വിശദീകരിക്കപ്പെട്ടിട്ടില്ല. രണ്ട് ആൺമക്കളും യാതൊരു പ്രതിഷേധവും കൂടാതെ ആത്മഹത്യയ്ക്ക് തയ്യാറായി എന്നതും 48 കിലോഗ്രാം മാത്രം ഭാരമുള്ള ശശീന്ദ്രൻ 32 കിലോ ഭാരമുള്ള മകനെ തൂക്കിയതെങ്ങനെ എന്നുള്ളത് ഉൾപ്പെടെ യുക്തിപൂർവ്വം വിശദീകരിക്കപ്പെട്ടിട്ടില്ല. ശശീന്ദ്രന്റെയും മക്കളുടെയും മരണം ആത്മഹത്യയാണെന്ന സിബിഐയുടെ കുറ്റപത്രം തള്ളണമെന്ന് ആവശ്യപ്പെട്ട് മരണപ്പെട്ട ശശീന്ദ്രന്റെ സഹോദരൻ ഡോക്ടർ വി.സനിൽകുമാറും ക്രൈംഎഡിറ്റർടി.പി. നന്ദകുമാറും നൽകിയ ഹർജികളിലാണ് ഇപ്പോൾ ഹൈക്കോടതി ഉത്തരവുണ്ടായത്. മകൻ സ്വന്തം കുട്ടികളെ കൊന്ന് ആത്മഹത്യ ചെയ്യില്ല എന്ന് ഉറച്ചു വിശ്വസിച്ചു കൊണ്ട് സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് രംഗത്തിറങ്ങിയ ശശീന്ദ്രന്റെ പിതാവ് വേലായുധനും അമ്മ മാലതിയും ശശീന്ദ്രന്റെ ഭാര്യ ടീനയും പിന്നീട് മരണപ്പെടുകയുണ്ടായി.

കുറ്റങ്ങളിൽ വെള്ളം ചേർക്കാൻ സിബിഐ ശ്രമിച്ചു എന്നും കേസ് അന്വേഷണത്തിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും കോടതി നിർദ്ദേശിച്ചിരിക്കുന്നു. പ്രത്യക്ഷത്തിൽത്തന്നെ ഇത്രയേറെ വ്യക്തമായ അഴിമതി ഈ കേസന്വേഷണവുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ടെങ്കിൽ, സിബിഐപോലെ രാജ്യത്തെ ഏറ്റവും വിശ്വാസ്യതയുള്ള അന്വേഷണ ഏജൻസിക്ക്മേൽ ഇത്രയേറെ സ്വാധീനം ചെലുത്തപ്പെട്ടിട്ടുണ്ടെങ്കിൽ അത് വളരെയേറെ ഗൗരവമുള്ള ഒരു വിഷയമാണ്.

വി.എസ്. അച്യുതാനന്ദൻ സംസ്ഥാന മുഖ്യമന്ത്രിയും കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരമന്ത്രിയുമായിരുന്നപ്പോൾഉണ്ടായ ഈ സംഭവത്തിൽ സംസ്ഥാന സർക്കാരിന്റെ പോലീസ് നടത്തിയ അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ബന്ധുക്കളുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് സിബിഐക്ക് അന്വേഷണം ഏറ്റെടുക്കേണ്ടി വന്നത്. ഇത്രയും ഭീമമായ അഴിമതി കേസിൽ പ്രതിസ്ഥാനത്ത് ഉള്ള കുപ്രസിദ്ധനായ ചാക്ക് രാധാകൃഷ്ണൻ എന്ന വി.എം.രാധാകൃഷ്ണൻ എന്നയാൾക്ക് ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും രാഷ്ട്രീയ നേതാക്കളുമായുള്ള ഗാഢമായ ബന്ധവും ഭരണസ്വാധീനവും പരക്കെ അറിവുള്ളതാണ്. കേന്ദ്രത്തിൽ യുപിഎ ഭരണം നടത്തുന്ന കാലത്താണ് സിബിഐ ഈ കേസ് ഏറ്റെടുത്തത്. രാഷ്ട്രീയ സ്വാധീനവും സാമ്പത്തിക പിൻബലവും ഉണ്ടെങ്കിൽ ഈ രാജ്യത്ത് നിയമവാഴ്ചയെ വെല്ലുവിളിക്കാനും സ്വൈര്യവിഹാരം നടത്താനും ഏത് കൊടും കുറ്റവാളികൾക്കും കഴിയുമെന്നാണ് ഇത് തെളിയിക്കുന്നത്.

2013 സിബിഐ സമർപ്പിച്ച കുറ്റപത്രത്തിൽ അപാകതകൾ ഉണ്ട് എന്ന് ചൂണ്ടിക്കാട്ടി ശശീന്ദ്രന്റെ സഹോദരൻ വിട്ടുവീഴ്ചയില്ലാതെ നടത്തിയ പരിശ്രമങ്ങളാണ് വസ്തുതകൾ വെളിച്ചത്തു കൊണ്ടുവരാൻ ഇപ്പോൾ ഇടയാക്കിയിട്ടുള്ളത്. സത്യസന്ധനും ആദർശ ധീരനുമായ ശശീന്ദ്രൻ എന്ന ഉദ്യോഗസ്ഥൻ സാമൂഹ്യ പ്രതിബദ്ധതയോടെ, അഴിമതിക്കെതിരെ, പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങാതെ എടുത്ത ഉറച്ച നിലപാടാണ് ആ കുടുംബത്തെ ഇല്ലാതാക്കുന്നതിന് കാരണമായത്. ധനശേഷിയുള്ള പ്രമാണിമാർക്കെതിരെ സത്യത്തിനുവേണ്ടി നിലകൊള്ളുന്നവരെ സംരക്ഷിക്കാൻ പ്രതിപക്ഷ രാഷ്ട്രീയ നേതൃത്വങ്ങളോ നിയമപാലകരോ ഉണ്ടാവില്ല എന്ന മാത്രമല്ല ധനശേഷിയുള്ള കുറ്റവാളികളോടൊപ്പം അവരുണ്ടാകും എന്ന പൊള്ളുന്ന യാഥാർത്ഥ്യമാണ് ഈ സംഭവത്തിലൂടെ വീണ്ടും ഓർമ്മപ്പെടുത്തുന്നത്. അതിസമ്പന്നരുടെ താൽപര്യങ്ങൾക്കു മുമ്പിൽ നട്ടെല്ല് വളച്ചു നിൽക്കുന്ന മുതലാളിത്ത ഭരണ വ്യവസ്ഥയുടെ അപചയമാണ് ഈ സംഭവത്തിലും ദൃശ്യമാകുന്നത്.

ഇത് ഒറ്റപ്പെട്ട സംഭവമല്ല എന്നും പ്രബുദ്ധരായ പൊതുസമൂഹത്തിന്റെ സജീവമായ ഇടപെടലുകൾ ഓരോ വിഷയത്തിലും ആവശ്യ:മായിരിക്കുന്നു എന്നുമുള്ള തിരിച്ചറിവും അതിനുള്ള ജാഗ്രതയും പൊതുസമൂഹത്തിൽ വളർന്നു വരേണ്ടിയിരിക്കുന്നു. ■

## സംഘപരിവാറും സ്വാതന്ത്ര്യസമരവും

(14–ാം പേജിൽ നിന്ന്)

ജിക്കുന്നത് ഇക്കൂട്ടർക്കാണ്. 'ഹിന്ദുത്വ' പ്രകാശനം ചെയ്തപ്പോൾ 'ഒരു മറാത്ത' എന്ന പേരിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. 'ഒരു ഭാരതീയൻ' എന്ന പേരിലായിരുന്നില്ല.

വംശ(Race)പരമായി ഈ രാജ്യത്തെ ജനങ്ങൾ വ്യത്യസ്ത വിഭാഗങ്ങളാണ്. ഒരേ പാരമ്പര്യവും ചരിത്രവുംഈജനങ്ങൾക്ക്ആകെയില്ല. വ്യത്യസ്ത വിശ്വാസങ്ങളും ആചാരങ്ങളും ജീവിത രീതികളും പുലർത്തുന്ന ഈ ജനങ്ങളെ ഒരേ സംസ്കാരമുള്ളവരെന്നും വിളിക്കാനാവില്ല.

അങ്ങനെ കൽപ്പിതമായ ഒരു ദേശീയതാ ധാരണ 'ഹിന്ദുത്വം' എന്ന പേരിൽ നിർമ്മിച്ചെടുത്ത് അതിന് സാധൂകരണം കണ്ടെത്താൻ ന്യായങ്ങൾ പടച്ചുണ്ടാക്കുകയും യുക്തിസഹവും ചരിത്രപരവുമായ ന്യായങ്ങൾ കണ്ടെത്താനാകാതെ വരുമ്പോഴെല്ലാം പുരാണങ്ങളെ ആശ്രയിക്കുകയുമാണ് ഇക്കൂട്ടർ ചെയ്യുന്നത്. ഈശ്വരവിശ്വാസത്തെയും മതബോധത്തെയും ദുരുപയോഗം ചെയ്ത് മതവികാരമാക്കി മാറ്റുകയും മതവികാരത്തെ മതഭ്രാന്താക്കി മാറ്റുകയും ചെയ്യുന്ന അതിതീവ്രമായ രാജ്യദ്രോഹമാണ് ഇവർ നടപ്പാക്കുന്നത്.

" ഒരു രാഷ്ട്രമെന്നത് ഒരു പൊതുസംസ്കാരത്തിൽ പ്രത്യക്ഷീഭവിക്കും വിധം ഒരു പൊതു ഭാഷയുടെയും ഭൂപ്രദേശത്തിന്റെയും സാമ്പത്തക ജീവിതത്തിന്റെയും മനോഭാവത്തിന്റെയും അടിസ്ഥാനത്തിൽ രൂപംകൊണ്ടിട്ടുള്ള, ചരിത്രപരമായി രൂപപ്പെട്ടുവന്ന ഒരു സുസ്ഥിര ജനസമൂഹമാണ്."(സ്റ്റാലിൻ) വിശാലമായ സോവിയറ്റ് യൂണിയൻ എന്ന രാഷ്ട്രനിർമ്മാണത്തിന്റെ അനുഭവങ്ങളുടെ വെളിച്ചത്തിലും ലോകമെമ്പാടുമുള്ള ആധുനിക രാഷ്ട്രങ്ങളുടെ ചരിത്രത്തിന്റെ വെളിച്ചത്തിലും ദ്വന്ദാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിലും സഖാവ് സ്റ്റാലിൻ ദേശീയതയെ നിർവചിക്കുന്നത് ഇപ്രകാരമാണ്. ദേശീയതയെ സംബന്ധിക്കുന്ന ഈ നിർവചനം മുൻനിർത്തിയായാലും ഗോൾവാൾക്കറും സവർക്കറും പറയുന്ന മാനദണ്ഡങ്ങൾ മുൻനിർത്തിയായാലും ഇന്ത്യ ചരിത്രപരമായി ഒരു ദേശീയത ആയിരുന്നില്ല എന്ന് കാണാം. ഈ അഞ്ചുഘടകങ്ങളിൽ ഒന്നുപോലും ഇന്ത്യയിലെ ജനങ്ങളെയാകെ കോർത്തിണക്കുന്ന പൊതുഘടകങ്ങൾ ആയിരുന്നില്ല എന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും. ഈ മനസ്സിലാക്കലിന്റെ അടിസ്ഥാനത്തിലാണ് ദേശീയ പ്രസ്ഥാനം ഭാഷാടിസ്ഥാനത്തിൽ അതിന്റെ പ്രാദേശിക ഘടകങ്ങൾ നിർണയിച്ചുകൊണ്ട്1920കളിൽത്തന്നെ പ്രവർത്തിച്ചുതുടങ്ങിയത്. ബ്രിട്ടീഷ് ഭരണത്തിന്റെയും ദേശീയ മാർക്കറ്റിന്റെയും വിപുലമായിക്കൊണ്ടിരുന്ന ഗതാഗത സംവിധാനങ്ങളുടെയും അടിസ്ഥാനത്തിൽ സർവോപരി ദേശീയ പ്രസ്ഥാനത്തിലൂടെ ഇവിടെ ഒരു ദേശീയ ബോധം രൂപപ്പെട്ടുവന്നു കൊണ്ടിരുന്നു. ഭാഷയുടെയും പ്രദേശത്തിന്റെയും പാരമ്പര്യങ്ങളുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ ഭിന്നമായിരുന്നു എങ്കിൽപ്പോലും അതിലുപരിയായ ഒരു ദേശീയ ബോധം വികസിച്ചുവന്നു. വസ്തുപ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളും മാറ്റത്തിന് വിധേയമാണ് എന്ന പൊതുതത്വം ദേശീയബോധത്തിന്റെ കാര്യത്തിലും ബാധകമാണ് എന്ന് കൃത്യമായി തെളിയിച്ചുകൊണ്ട് ഇന്ത്യയിലെ എല്ലാവിഭാഗം ജനങ്ങളിലും എല്ലാ വിഭാഗീയതകളെയും പിന്നിലാക്കിക്കൊണ്ടുള്ള ഒരു ഏകാത്മക ഇന്ത്യ എന്ന പൊതുബോധം ശക്തിപ്പെട്ടുവന്നുകൊണ്ടിരുന്നു. നാനാത്വത്തിൽ ഏകത്വം എന്ന ആശയം അക്ഷരാർത്ഥത്തിൽ ഇവിടെ യാഥാർത്ഥ്യമാകുകയായിരുന്നു.

ഇതിനുമേൽകനത്തആഘാതം ഏൽപ്പിച്ചുകൊണ്ടാണ് ഈ വിശാലമായ രാഷ്ട്രതാൽപര്യത്തിനു നേരെ ഹിന്ദുത്വ എന്ന വിഷപ്രയോഗത്തിലൂടെ ആക്രമണം ആരംഭിച്ചത്. അത് എളിയതോതിൽ പ്രവർത്തിച്ച് ഇന്ന് ഒരു അർബുദംപോലെ രാഷ്ട്രശരീരത്തിലാകെ വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ മതാടിസ്ഥാനത്തിലുള്ള രണ്ട് ദേശീയതകളാണ് നിലനിൽക്കുന്നത് എന്നും മതങ്ങൾ തമ്മിലുള്ള ഭിന്നതയാണ് എല്ലാത്തിലും മൗലികമായ പ്രശ്നമെന്നും വിശ്വസിച്ചുതുടങ്ങുമ്പോൾ മതമാണ് രാഷ്ട്രമെന്ന് വിചാരിക്കുമ്പോൾ, ഇതര മതങ്ങൾ രാഷ്ട്രഗാത്രത്തിൽ കടന്നുകൂടിയ ദോഷകരമായ ഘടകങ്ങൾ ആണെന്ന അപകടകരമായ ധാരണയിൽ എത്തിച്ചേരുന്നു.

(അടുത്ത ലക്കത്തിൽ തുടരും)

UNITY Malayalam Monthly
2022 December
Price: Rs. 10.00




ഐഎൻപിഎയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ മാർച്ച്.

## ജപ്തി നടപടികൾക്ക് എതിരെ ഇന്ത്യൻ ബാങ്കിലേക്ക് പ്രതിഷേധ മാർച്ച്

ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷ(ഐഎൻപിഎ)ന്റെ ആഭിമുഖ്യത്തിൽ കൊല്ലം പുത്തൂർ ഇന്ത്യൻ ബാങ്കിലേക്ക് മാർച്ചും ധർണ്ണയും നടത്തി.

വിദ്യാഭ്യാസ വായ്പ സമ്പൂർണമായും സർക്കാർ ഏറ്റെടുക്കുക, ജപ്തി നടപടികൾ നിർത്തിവയ്ക്കുക, വായ്പ തിരിച്ചുപിടിക്കുന്നതിനായി റിലയൻസ് അടക്കമുള്ള സ്ഥാപനങ്ങളെ ഏല്പിച്ച നടപടി പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ പ്രതിഷേധ മാർച്ച് സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് സി.എം ജോയി അധ്യക്ഷത വഹിച്ച യോഗത്തിൽ, എസ്.രാഘവൻ, എം. ഗോപകുമാർ, ജി.ധ്രുവകുമാർ, ടി. ശശിധരൻ, ഡി.ചാക്കോ, പി.പി. പ്രശാന്ത് കുമാർ, ട്വിങ്കിൾ പ്രഭാകരൻ എന്നിവർ സംസാരിച്ചു. പുത്തൂർ ടൗണിൽ നടന്ന പ്രകടനത്തിന് ജില്ലാ കമ്മിറ്റി അംഗങ്ങളായ എം. സണ്ണി, അച്ചൻകുഞ്ഞ്, പി.ഒ.തോമസ് കുട്ടി, ശശിധരൻ പുനലൂർ എന്നിവർ നേതൃത്വം നൽകി. ■

## ഇറാൻ പ്രക്ഷോഭം: ഐക്യദാർഢ്യ കൂട്ടായ്മ നടത്തി




മേനക ജംഗ്ഷനിൽ നടന്ന ഇറാൻ ഐക്യദാർഢ്യ കൂട്ടായ്മ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

ഇറാനിലെ മതമൗലികവാദ ഫാസിസ്റ്റ് സർക്കാരിനെതിരെ പൊരുതുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അഖിലേന്ത്യ സാമ്രാജ്യത്വ വിരുദ്ധ ഫോറ(എഐഎഐഎഫ്)ത്തിന്റെ എറണാകുളം ജില്ലാ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽകൂട്ടായ്മ സംഘടിപ്പിച്ചു. മേനക ജംഗ്ഷനിൽ നടന്ന കൂട്ടായ്മ പ്രൊഫ കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. മതപരമായ കെട്ടുപാടുകൾ സൃഷ്ടിക്കുന്ന അടിമത്തത്തിന്റെ കാൽച്ചങ്ങലകൾക്കെതിരെ ഇറാനിലെ ജനാധിപത്യ മനസ്സുള്ള ജനങ്ങൾ പ്രത്യേകിച്ച് സ്ത്രീകളും യുവാക്കളും തുടർന്ന കൊണ്ടിരിക്കുന്നധീരമായപ്രക്ഷോഭങ്ങളോട് രാജ്യമൊന്നാകെ ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടിയിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഫ്രാൻസിസ് കളത്തിങ്കൽ അധ്യക്ഷത വഹിച്ച കൂട്ടായ്മയിൽ സി.ആർ.നീലകണ്ഠൻ, പി.എം.ദിനേശൻ, കെ.എസ്.ഹരികുമാർ, സി.ബി.അശോകൻ, കെ.പി. സാൽവിൻ, കെ.ഒ.ഷാൻ, രാജേന്ദ്രൻ, എ.റെജീന, ജോണി ജോസഫ്, എ.ജി.അജയൻ, ബ്രഹ്മകുമാർ, എൻ.സി.നാരായണൻ തുടങ്ങിയവർ സംസാരിച്ചു. ■

## പ്ലാച്ചിമട ട്രൈബ്യൂണൽ നിയമം പാസ്സാക്കണം: പ്ലാച്ചിമട സമരസമിതി കളക്ടറേറ്റ് ധർണ നടത്തി




പാലക്കാട് കളക്ടറേറ്റ് ധർണയിൽ എസ്.രാജീവൻ പ്രസംഗിക്കുന്നു.

100 ദിവസമായി പ്ലാച്ചിമടയിൽ നടക്കുന്ന സത്യഗ്രഹ സമരത്തോടുള്ള സർക്കാർ അവഗണനയിൽ പ്രതിഷേധിച്ചും പ്ലാച്ചിമട ട്രൈബ്യൂണൽ നിയമം ഉടൻ നിയമസഭ പാസാക്കണമെന്നും ആവശ്യപ്പെട്ടും പാലക്കാട് കളക്ടറേറ്റിലേക്ക് മാർച്ചും ധർണയും നടന്നു.

ഭരണഘടന നൽകുന്ന ജീവിക്കാനുള്ള അവകാശത്തിൽ ഏറ്റവും പ്രധാനപ്പെട്ടതായ അപകടസാധ്യതയില്ലാതെ ജീവിക്കാനുള്ള അവകാശം സർക്കാർ ഹനിക്കരുതെന്നും ഈ നാശത്തിന്റെ പ്രധാന കാരണം കൊക്കക്കോളയാണ് എന്ന് സംശയമില്ലാതെ തെളിഞ്ഞ സാഹചര്യത്തിൽ ഇത് സർക്കാരിന്റെ പ്രാഥമികമായ ഉത്തരവാദിത്തമാണെന്നും ധർണ ഉദ്ഘാടനം ചെയ്ത യുഎൻഇപി മുൻ റിസ്ക് അനലിസ്റ്റും കൺസൽട്ടന്റുമായിരുന്ന പ്രമുഖ ഊർജവിദഗ്ധൻ ഡോ.സാഗർ ധാര പറഞ്ഞു. കൊക്കകോള കമ്പനി നടത്തിയ കുറ്റകൃത്യമാണ് കാഡ്മിയം പോലെ രോഗകാരികളായ ലവണങ്ങൾ പ്ലാച്ചിമട മേഖലയിലെ കുടിവെള്ളത്തിൽ നിക്ഷേപിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിളയോടി വേണുഗോപാൽ, സി.ആർ.നീലകണ്ഠൻ, എൻ. സുബ്രമണ്യൻ, ഇസബിൻ അബ്ദുൾ കരീം, അമ്പലക്കാട് വിജയൻ, എസ്.രാജീവൻ, കെ.സഹദേവൻ, എൻ.ഡി.വേണു, എം.സുലൈമാൻ, ശാന്തി പ്ലാച്ചിമട, കെ.മായാണ്ടി, ശക്തിവേൽ, രാംദാസ് അകലൂർ, വി.പി.നിസാമുദ്ദീൻ, വർഗീസ് തൊടുപറമ്പിൽ, രേഖ വരമുദ്ര, കെ.ആർ.ബിർള, എസ്. രമണൻ, രാമകൃഷ്ണൻ കോട്ടായി, എ.കണ്ണദാസ്, സന്തോഷ് മലമ്പുഴ, പുതുശ്ശേരി ശ്രീനിവാസൻ, പാപ്പാൾ അമ്മ, രഞ്ജിത്ത് വിളയോടി, ശിവരാജ് ഗോവിന്ദപുരം, രാംദാസ് അകലൂർ, എം.ഷിബു, ഹംസ വേണി, കെ.എം.ബീവി, ബാലചന്ദ്രൻ പോത്തംകാട്, മുരുകൻ, ഹരി പ്ലാച്ചിമട, സെയ്ദുമുഹമ്മദ് പിരായിരി, കെ.സി.അഷറഫ്, മൊയ്തീൻ എടച്ചാൽ, രാമകൃഷ്ണൻ കോട്ടായി തുടങ്ങിയവർ സംസാരിച്ചു. ■

## കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ കൊല്ലം ജില്ലാ സമ്മേളനം

നിർമ്മാണ തൊഴിൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, ക്ഷേമനിധി പെൻഷൻ കുടിശ്ശിക തീർത്ത് നൽകുക, പെൻഷൻ 7500 രൂപയായി വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയ(കെസിഡബ്ല്യു)ന്റെ നേതൃത്വത്തിൽ കുണ്ടറ വ്യാപാരഭവനിൽ കൊല്ലം ജില്ലാ സമ്മേളനം നടന്നു. ജില്ലാ പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി വി. കെ.സദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് ഷൈല കെ ജോൺ, ജില്ലാ സെക്രട്ടറി ബി. വിനോദ്, ആർ.ഹരിദാസൻ, ജി. ധ്രുവകുമാർ, ആർ.ദിനേശൻ, രാജേന്ദ്രൻ, സതീശൻ, സജീവ്, ശശിധരൻ തുടങ്ങിയവർ പ്രസംഗിച്ചു. കെസിഡബ്ല്യു ജില്ലാ പ്രസിഡന്റായി എസ്.രാധാകൃഷ്ണനെയും ജില്ലാ സെക്രട്ടറിയായി ബി.രാമചന്ദ്രനെയും സമ്മേളനം തെരഞ്ഞെടുത്തു. ■

## പിൻവാതിൽ നിയമനങ്ങൾക്കെതിരെ എഐഡിവൈഒ കോർപ്പറേഷൻ ഓഫീസ് മാർച്ച്




കോർപ്പറേഷൻ ഓഫീസ് മാർച്ച് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.

പിൻവാതിൽ നിയമനത്തിന് ഒത്താശ ചെയ്ത മേയർ ആര്യ രാജേന്ദ്രനെ പുറത്താക്കുക, പിൻവാതിൽ നിയമനങ്ങളെ സംബന്ധിച്ച് സമഗ്രമായ ജുഡീഷ്യൽ അന്വേഷണം നടത്തുക, പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കുക, അതിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ) തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിലേക്ക് മാർച്ച് നടത്തി.

എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. എല്ലാ മേഖലകളിലും പിൻവാതിൽ നിയമനങ്ങൾ നടത്തിക്കൊണ്ട് യോഗ്യതയുള്ള ആയിരക്കണക്കിന് യുവാക്കളെ സർക്കാർ വഞ്ചിക്കുകയാണെന്നും കഴിഞ്ഞകാലങ്ങളിൽ നടന്ന എല്ലാ നിയമ നങ്ങളിലും അന്വേഷണം നടത്തി പ്രതികളെ ശിക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് അധ്യക്ഷത വഹിച്ചു. ടി.ഷിജിൻ, എ.ഷൈജു, ശരണ്യാരാജ് എന്നിവർ സംസാരിച്ചു. പാളയം മാർക്കറ്റിനു മുന്നിൽനിന്ന് ആരംഭിച്ച മാർച്ചിന് മൈന ഗോപിനാഥ്, ജി. സതീശൻ, ലക്ഷ്മി ആർ. ശേഖർ എന്നിവർ നേതൃത്വം നൽകി. ■

## പ്രൈവറ്റ് റജിസ്ട്രേഷൻ പുനഃസ്ഥാപിക്കണം; കണ്ണൂർ യൂണിവേഴ്സിറ്റിമാർച്ച്

പ്രൈവറ്റ് രജിസ്ട്രേഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പാരലൽ കോളേജ് അസോസിയേഷന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും കണ്ണൂർ സർവ്വകലാശാലയിലേക്ക് മാർച്ച് നടത്തി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവും അദ്ധ്യാപകരുടെ തൊഴിലും സംരക്ഷിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് അസോസിയേഷൻ ആവശ്യപ്പെട്ടു. സംസ്ഥാന വ്യാപകമായി നടത്തിയ പാരലൽ വിദ്യാഭ്യാസ ബന്ദിന്റെ ഭാഗമായാണ് മാർച്ച് നടത്തിയത്. ■



ആൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന കമ്മിറ്റിയംഗം അഡ്വ.പി.സി.വിവേക് മാർച്ചിനെ അഭിസംബോധന ചെയ്യുന്നു.

Volume: 49 No: 9 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.